പുസ്തകം 8 ലക്കം 8
ജൂലായ് 2018
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകത്തത്വ

Eka Thathwa

മാസിക



ഒന്നും ഇന്നും ഇന്നലേയും ഉണ്ടായതല്ല...

*ഒരു നിഴൽപോലെ എന്നും ഇതിഹാസനായകനെ പിന്തുടർന്ന അനുജന് തന്റേതായ അഭിപ്രായങ്ങളോ അഭിലാഷങ്ങളോ ഉണ്ടായിരുന്നില്ല. ജ്യേഷ്ഠന്റെ ആജ്ഞാനുവർത്തി മാത്രമായിരുന്നു അയാൾ. എന്നിട്ടും വിധി അയാൾക്ക് നീക്കിവെച്ചത് ദുരന്തമായിരുന്നു. ലക്ഷ്മണനിലൂടെ ആ പുരാണകഥ ഇതൾ വിരിയുന്നു.*

**രാമായണ മാസത്തിൽ**

**കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വായിക്കുവാൻ**

ശ്രീ. കെ. കേരളദാസനുണ്ണിയുടെ

## സൗമിത്രേയം

**ഏതാനും കോപ്പികൾ മാത്രം**

നിങ്ങളുടെ കോപ്പികൾ ഉടൻ കരസ്ഥമാക്കൂ


പേജ് - 130, വില - 130 രൂപ

പ്രസാധകർ

**ഏക തത്ത്വ പബ്ലിക്കേഷൻസ് പാലക്കാട്.**

9446443321, 9387118131




**മാന്യരെ,**

അവിചാരിതമായി സംഭവിച്ച അപകടത്തിൽ ഏറെക്കാലം ശയ്യാവലംബിയായി തീർന്ന ശ്രീ. അജയ് ബാലചന്ദ്രൻ അവശതയിൽ തളരാതെ സമ്പാദനവും അവതരണവും നടത്തിയിട്ടുള്ള 'ശ്രീരാമ ഗീത' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം ഈ വരുന്ന ജൂലായ് 15ന് വൈകുന്നേരം 4 മണിക്ക് ഒറ്റപ്പാലം സി. എസ്. എൻ. ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുവാൻ ഞങ്ങൾക്ക് അഭിമാനമുണ്ട്. **പ്രശസ്ത കവി ശ്രീ. പി. ടി. നരേന്ദ്രമേനോൻ** പുസ്തകം പ്രകാശനം ചെയ്യുന്നതും **ഭാഗവതഭാഷിണി ശ്രീമതി. ഇന്ദിര കൃഷ്ണകുമാർ** ആദ്യപ്രതി ഏറ്റുവാങ്ങുന്നതുമാണ്. ഈ പാവന കർമ്മത്തിൽ പങ്കുകൊള്ളുവാൻ ഏവരേയും സാദരം ക്ഷണിയ്ക്കുന്നു.

**ഇ. ടി. മുരളീധരൻ**
പത്രാധിപർ, പബ്ലിഷർ
ഏക തത്ത്വ പബ്ലിക്കേഷൻസ്

₹ 15

# ഏക തത്ത്വ

## മാസിക

**പുസ്തകം ൪ ലക്കം ൪**

**ജൂലായ് 201൮**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in

etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**മരണക്കിടക്കയിൽവെച്ചല്ല**
**യുവത്വത്തിലേ തിരിച്ചറിയുക**

**"അറിവിനായ് ജനിച്ചു,**
**അത് അറിയാതെ അലഞ്ഞു,**
**വിശപ്പു കൊണ്ട് തളർന്നു,**
**കാശിനായ് അലഞ്ഞു,**
**വഴി മാറി മാറി നടന്നു.**
**നേടിയതോ.... അറിവുമാത്രം."**

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട**
**വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil
Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**

**Website: www.ekathathwa.com**

# ഉള്ളടക്കം

ഏക തത്ത്വ

**ഗുരു**

7 – ഗവൺമെന്റ് ഉദ്യോഗം

**ലേഖനം**

8 – സ്വർഗ്ഗത്തിലും കുറ്റം കണ്ടെത്തുന്നവർ – പി. ആർ. ജോസ്
9 – നിപ്പ നൽകുന്ന പാഠം – ഡോ. സുനീത് മാത്യു
11 – ദേശീയപുരസ്കാര ജേതാവ് – ജോസഫ് പൂതക്കുഴി
17 – പാലക്കാട് നഗരത്തിലെ ഗതാഗതനിയന്ത്രണം – ടി. വി. നാരായണൻ കുട്ടി
18 – നന്മ നിറഞ്ഞ കലാകാരന്മാർ – ചെറിയാൻ തോട്ടുങ്കൽ
21 – സ്റ്റർലൈറ്റ് കോപ്പർ ഫാക്ടറി – വിനോദ് കുമാർ ദാമോദർ
21 – വെട്ടും തടവും – ടി. ജെ. നായർ
25 – കവിതയും സമൂഹവും – അരവിന്ദൻ

**കഥ**

28 – പ്രാർത്ഥന – ടി. കെ. ഉണ്ണികൃഷ്ണൻ
30 – വിവരമില്ലായ്മ, പ്രേരണകൾ, ഒളിച്ചുകളി – സുരേഷ് തെക്കീട്ടിൽ
30 – ശ്രീകോവിൽ, ദൈവം, ശില്പം – ഉല്ലല ബാബു
31 – മൗസ്സ്, സമയം, കടൽ – അശോപ്പി ചേർത്തല
32 – ഒരു മാരുതി 800ന്റെ മരണം – പ്രകാശൻ ചുനങ്ങാട്
34 – ഹർത്താൽ മഴയത്ത് – അശോകൻ രാജീവം
37 – രാപ്പകലുകൾ – ശ്രീജ ജയചന്ദ്രൻ
38 – നന്മ മരം – ഷാനവാസ് കുലുക്കല്ലൂർ
42 – കല്ല്യാണാലോചന – ടി. വി. ഹരികുമാർ
29 – അവധിക്കാലത്തിന്റെ ഓർമ്മയ്ക്ക് – പ്രിയ കരിങ്കരപ്പുള്ളി

**കവിത**

8 – ചോദ്യോത്തരങ്ങൾ – രവീന്ദ്രൻ മലയങ്കാവ്
10 – നളിനീ പാചകം – കൃഷ്ണ എഴക്കാട്
13 – കുളിർ – ജ്യോതി ചമ്പത്ത്
16 – മഴ തോർന്നപ്പോൾ – പ്രസാദ് വാസുദേവൻ
27 – പുണ്യം – എം. കെ. ശശിധരൻ
27 – പരിപോഷണം – ഉണ്ണി വാരിയത്ത്
29 – ഞാനെന്ന സത്യം – അജയ് ബാലചന്ദ്രൻ
31 – ഓർക്കുക വല്ലപ്പോഴും – വാസന്തി മോഹൻ
34 – നിഴൽപ്പാടുകൾ – പ്രതിഭ അംബാടി
38 – സുന്ദരിയും പൂക്കളും – കെ. കെ. രാഘവൻ
39 – മേഘം – എടത്തറ ജയൻ
39 – ജാതിപ്പാന – വിജയൻ കല്ലട
42 – ഹിറ്റുഗാനം – ആർ. കെ. വള്ളീച്ചിറ

**സ്മരണ**

12 – എന്റെ അഭിനയ സ്മരണകൾ – മുക്കം ഭാസി

**കതിരും പതിരും**

14 – പുതുച്ചൊല്ലുകൾ – സൈനുദീൻ മുണ്ടക്കയം

**യാത്രാവിവരണം**

15 – ദേവഭൂമിയിലെ ദേവദാരുക്കൾ – ഈശ്വർകുമാർ തരവത്ത്

**ആരോഗ്യം**

19 – നിപ്പ വൈറസ്സ് – ഡോ. സി. രാമകൃഷ്ണൻ

**മഹാത്മ**

20 – ബാല്യവിവാഹം – ബിന്ദു . കെ

**ബാലപാഠം (മുതിർന്നവർക്ക്)**

22 – കാക്കയ്ക്ക് വായ്പ്പുണ്ണ് – മാമ്പള്ളം വിജയൻ

**പുസ്തകപരിചയം**

23 – തിരുക്കുറലിന്റെ സമകാലീന സാംഗത്യം – പൂവത്തിങ്കൽ ഭാസ്ക്കരൻ
26 – അങ്ങാടിവാണിഭമറിയുന്ന ആടുകൾ – ഇ. എൻ. നാരായണൻ

**പാചകം**

24 – പരിപ്പ് പായസം – പി. എൻ. ഗംഗാലക്ഷ്മി

**അനുഭവം**

40 – സെക്കന്റ് ഷോ – മുഹമ്മദ് കനി



# ഒന്നും

## ഇന്നും ഇന്നലേയും ഉണ്ടായതല്ല...

ഇ. ടി. മുരളീധരൻ

ഇത്രയേറെ മരങ്ങൾ മുറിച്ചുമാറ്റിയിട്ടും പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് ഭൂമിയെ നശിപ്പിച്ചിട്ടും പതിവുപോലെ മഴ തിമിർത്തുപെയ്യുന്നു. പൂർവ്വകാല വരൾച്ചയുടെ ഓർമ്മകൾ നമ്മളിൽ അവശേഷിക്കാത്തതിനാലാണോ ഓരോരുത്തരും മഴവെള്ളത്തെ കോൺക്രീറ്റ് ചാലിലൂടെ ദൂരേയ്ക്ക് ഒഴുക്കിക്കളയുന്നത്. പുതിയ വീടുപണിയുമ്പോൾ അതിന്റെ പ്ലാൻ സാംഗ്ഷൻ ചെയ്യണമെങ്കിൽ മഴവെള്ള സംഭരണി വേണമെന്നത് കടലാസ്സിൽ മാത്രമായി. ആരും നിർബന്ധിക്കാതെ തന്നെ എല്ലാം സ്വയം തിരിച്ചറിഞ്ഞ് ചെയ്യേണ്ടിവരും. അന്ന് അങ്ങിനെ ചെയ്തിട്ടും വലിയ കാര്യമൊന്നുമുണ്ടാകില്ല എന്നുമാത്രം. മരങ്ങൾ മുറിച്ച് റോഡിന് വീതി കൂട്ടി വിദേശത്തുനിന്നും പണം കടം വാങ്ങി റോഡുകൾ പുതുക്കിപ്പണിത് വില കൂടിയ വിദേശനിർമ്മിത വാഹനം ബാങ്കിൽ നിന്ന് വായ്പയെടുത്ത് വാങ്ങി അതിൽ ഞെളിഞ്ഞിരുന്ന് പോകുന്നവർ വേനലിൽ വരണ്ടുണങ്ങിയ പുഴയേയും മഴക്കാലത്ത് കുത്തിയൊലിച്ച് പോകുന്ന പുഴയേയും കാര്യമായി ശ്രദ്ധിക്കാറില്ല. നല്ല കുടിവെള്ളം സായിപ്പ് കുപ്പിയിലാക്കി കൊടുക്കുന്നുണ്ട്. അതുകണ്ട് നമ്മുടെ ആളുകളും വെള്ളം കുപ്പിയിലാക്കിത്തുടങ്ങി. വെള്ളത്തിന്റെ ശുദ്ധി നോക്കാറില്ല. കുപ്പിയിലെ വെള്ളമേ കുടിക്കൂ. സ്വന്തം രാജ്യത്തെ വിഭവങ്ങളെയെല്ലാം നശിപ്പിച്ചിട്ട് നാം സ്വയം മറ്റുള്ളവരുടെ അടിമയാവാനുള്ള ശ്രമത്തിലാണ്. പുഴകളെ സംരക്ഷിക്കാൻ പദ്ധതികൾ കടലാസ്സിൽ മാത്രം. മഴയിലൂടെ ലഭിക്കുന്ന വെള്ളം പൂർണ്ണമായും കടലിൽ ചേരാതിരിക്കാൻ പുഴയ്ക്കു കുറുകെ ആവശ്യത്തിന് തടയണകൾ ഉണ്ടോ ? ഉള്ളതുതന്നെ മഴയത്ത് ഒലിച്ചുപോകുക പതിവാണ്. ബ്രീട്ടിഷുകാർ കെട്ടിയ പാലങ്ങൾ ഇന്നും നിലനിൽക്കുമ്പോൾ നമ്മൾ പണിത പല പാലങ്ങളുടേയും സ്ഥിതി ശോചനീയമല്ലേ ? ഇതിനെല്ലാം കാരണം പണിയെല്ലാം കള്ളപ്പണിയാണല്ലോ. അത്തരത്തിൽ ഒലിച്ചുപോയാലല്ലേ, തകർന്നുപോയാലല്ലേ വീണ്ടും കെട്ടിയവിടെത്തന്നെ തടയണ കെട്ടാനാവൂ. എന്തായാലും വമ്പൻമാരെല്ലാം പല ഭാഗത്തുകൂടെ പുഴയെ കൈയ്യേറി കൈയ്യേറി പുഴ പലഭാഗത്തും ചെറിയ തോട് പോലെയായി. പുഴ വഴിമാറി ഒഴുകിയാലുണ്ടാവുന്ന വിപത്തുക്കളെക്കുറിച്ച് ഇടയ്ക്കെങ്കിലും പത്രത്തിൽ വാർത്തയായി കാണാറില്ലേ. പുഴയും പ്രതികരിക്കും.

പ്രകൃതിയോടിണങ്ങി ജീവിക്കാതെ, മണ്ണിൽ തൊടാതെ എ. സി. കാറിൽ നിന്ന് എ. സി. ഓഫീസിലേയ്ക്ക് എന്നതുപോലെ ശുദ്ധി നോക്കി വൃത്തിയായി ജീവിച്ച് ശീലിക്കുന്ന നമ്മുടെ ശരീരത്തിലെ പ്രതിരോധ ശക്തി ദിനംപ്രതി നഷ്ടപ്പെട്ടുകൊണ്ടേയിരിക്കുകയാണ്. പ്രതിരോധശക്തിക്ക് മരുന്ന് കഴിക്കും, കാശുകൊടുത്ത് വ്യായാമം ചെയ്യാൻ പോകും. ആയുർവേദ റിസോർട്ടിൽ mud (മണ്ണ്) ട്രീറ്റ്മെന്റ് 25000 രൂപ ചിലവാക്കി ചെയ്യും. എന്നിട്ട് അതെല്ലാം പെരുമയായി പറഞ്ഞുനടക്കും. നിപ്പ വന്നപ്പോൾ ജനം പേടിച്ചുവിരണ്ടു. പത്രദൃശ്യ മാധ്യമങ്ങൾ പോലും നിപ്പയെ ഭയന്ന് നിപ്പ ബാധിച്ചവരുടെ അടുത്ത് ചെന്നില്ല. ഇനിയും കണ്ടുപിടിക്കാത്ത പല സൃഷ്ടിരഹസ്യങ്ങൾ പോലെ ഇനിയും കണ്ടെത്തിയിട്ടില്ലാത്ത വൈറസ്സുകൾ ഇവിടെ ഉണ്ട്. നമ്മളിലെ പ്രതിരോധ ശക്തി നഷ്ടപ്പെടുമ്പോൾ അവ നമ്മളെ കീഴ്പ്പെടുത്തും. നാം പലപ്പോഴും ഞാൻ ഞാൻ എന്നുപറഞ്ഞ് സംസാരിക്കാറുണ്ട്. പക്ഷെ നമ്മളിലെ ഓരോ കോശവും നാമറിയാതെത്തന്നെ നശിക്കാറുണ്ട് പുനർജ്ജനിക്കാറുമുണ്ട്. അവരിൽ നിക്ഷിപ്തമായ കടമകൾ അവർ ചെയ്യുന്നുണ്ട്. കോടിക്കണക്കിന് സെല്ലുകൾ കൊണ്ട് നിർമ്മിതമായ ശരീരത്തിൽ ആരാണീ ഞാൻ ? ചിന്തിക്കുക. നമ്മൾ നീതിപൂർണ്ണമായി ജീവിക്കുമ്പോൾ, സത്യസന്ധമായി കാര്യങ്ങൾ ചെയ്യുമ്പോൾ നമ്മുടെ കോശങ്ങളും ശരിയായി പ്രവൃത്തിക്കും. അല്ലാത്തപക്ഷം അവരും നമ്മളെപ്പോലെത്തന്നെ കള്ളം പറഞ്ഞും പ്രവൃത്തിച്ചും തുടങ്ങും. അതോടെ നാം രോഗികളായി തീരും.

പണ്ട് ആഹാരത്തിനായിരുന്നു ബുദ്ധിമുട്ട്, അതിനോടായിരുന്നു ആർത്തിയെങ്കിൽ ഇന്ന് പണത്തിനോടാണ് ആർത്തി. പലരും പലവിധത്തിൽ പണം സ്വരൂപിക്കാനുള്ള ശ്രമത്തിലാണ്. എന്തായാലും ചെറിയ കള്ളത്തരങ്ങൾ ചെയ്യുന്നവനെ നമ്മൾ പിടിച്ച് നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് വലിയ ശിക്ഷ തന്നെ വാങ്ങിക്കൊടുക്കും. പക്ഷെ നാം വലിയ കള്ളത്തരങ്ങൾ ചെയ്യുന്നവന്റെ മുന്നിൽ പോയി ഓച്ഛാനിച്ചുനിൽ

ക്കും. അവരിൽ നിന്ന് ഓട്ടോഗ്രാഫ് വാങ്ങും അവരെ വെച്ച് സിനിമയെടുക്കും. നമ്മളവരെ ആരാധിക്കും. ഉന്നതർ അവർക്കെതിരെയുള്ള തെളിവുകൾ നശിപ്പിക്കാൻ കൂട്ടുനിൽക്കും. അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്ന് തെളിവുകളും കോടതിയിൽ നിന്ന് ഫയലുകളും കാണാതാകുന്നത് അതുകൊണ്ടാണെന്ന് നമുക്കേവർക്കുമറിയാം. കള്ളനും കൊലപാതകികളുമാണ് നമ്മെ പരോക്ഷത്തിൽ നിയന്ത്രിക്കുന്നത്. നമ്മൾ വിശ്വസിച്ച നേതാക്കന്മാർ പലരും അവരിൽനിന്ന് പണം വാങ്ങി പാവകളെ പോലെ പെരുമാറുന്നവരാണ്.

ബാർബർ ഷോപ്പുകൾ ബ്യൂട്ടി പാർലറുകളായി. തയ്യൽക്കട ഫാഷൻ ഡിസൈനിംഗ് സെന്ററായി. ദേഹണ്ണക്കാരൻ ഷെഫ് ആയി, ക്യാറ്ററിംഗ് സർവ്വീസുകാരനായി. ഡ്രൈവർമാർ ട്രാവൽസ് ആന്റ് ടൂറിസ്റ്റുകളായി, മരപ്പണിക്കാർ ഇന്റീരിയർ ഡിസൈനേഴ്സ് ആയി. പേരെല്ലാം പുതിയതായി പണി പഴയതുതന്നെ, സ്വഭാവവും പക്ഷെ ഒരുമാറ്റമുണ്ട്. ഏവരുടേയും കഠിനാദ്ധ്വാനം കുറഞ്ഞു, എല്ലാറ്റിനും മെഷീനുകളായി എന്നിട്ടും പണി നീങ്ങാതായി. എല്ലാവരും മടിയൻമാരായി. ചോദിച്ച വേതനം മുൻകൂറായി ലഭിക്കും. വേതനത്തിനായി തർക്കിക്കേണ്ട, കാത്തുനിൽക്കേണ്ട. ആവശ്യത്തിൽ കൂടുതൽ പണം കൈയിലെത്തിയതോടെ ഏവരും സുഖലോലുപരായി. അതോടെ അസുഖം കൂടപ്പിറപ്പായി. എങ്കിലും കുഴപ്പമില്ല. ഇവിടെ ധാരാളം ഹോസ്പിറ്റലുകളുണ്ടല്ലോ. അവയെല്ലാം സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളായി. അവിടേക്ക് എത്തുകയേ വേണ്ടു. അതിനുപ്രയാസമില്ല. നല്ല റോഡുകൾ ഉണ്ട്. റോഡുകളെല്ലാം ഇന്ന് റബ്ബറൈസ്ഡ് ആയി, ആംബുലൻസുകൾ ലക്ഷ്യൂറിയസ് ആയി. നാട്ടു വൈദ്യന്റെ സ്ഥാനത്ത് ഡോക്ടർമാരുണ്ട്. ഹോസ്പിറ്റലുകളിൽ ഡോക്ടർമാർ കുറവെങ്കിലും രോഗം നിർണ്ണയിക്കാൻ ധാരാളം മെഷീനുകൾ ഉണ്ട്. ബസ്സിൽ കാശുവാങ്ങാൻ കണ്ടക്ടർ ഉള്ളതുപോലെ ഇവിടെ കാശുചോദിച്ചുവാങ്ങാൻ ഹോസ്പിറ്റൽ മാനേജുമെന്റിന്റെ ഒരു ടീം തന്നെയുണ്ട്. ഹോസ്പിറ്റലിൽ തന്നെ വിവിധ ബാങ്കുകളുടെ എ. ടി. എം. ഉണ്ട്. ചികിത്സ കഴിഞ്ഞ് വീട്ടിലേയ്ക്ക് മടങ്ങിയാൽ പരിചരിക്കാൻ ആയമാരുണ്ട്. ഇന്ന് ആയമാരെല്ലാം ഹോം നേഴ്സുകളായി നാമമാറ്റം സംഭവിച്ചിരിക്കുന്നു. മാതാപിതാക്കൾ പണം സമ്പാദനത്തിനായി ഓടിനടന്ന് കുട്ടികളെ ശ്രദ്ധിക്കാൻ നേരമില്ലാതായി. കുട്ടികൾ മുതിർന്നപ്പോൾ അവരും ബിസിനസ്സുകാരായി. സ്നേഹിച്ച് കല്യാണം വരെ കാര്യങ്ങൾ എത്തിച്ചതിനുശേഷം മതം മാറിയാലേ കല്യാണം കഴിക്കൂ എന്ന് ശഠിക്കുന്നു. അതുമല്ലെങ്കിൽ മോഹനവാഗ്ദാനങ്ങൾ നല്കി മതം മാറ്റുന്നു. കമിതാക്കളുടെ സ്നേഹവും അങ്ങിനെ ബുദ്ധിപരമായ ഒരു ബിസിനസ്സു മാത്രമായി മാറിയിരിക്കുന്നു. എന്തായാലും എല്ലാവരും ബിസിനസ്സുകാരായപ്പോൾ ബിസിനസ്സുമാത്രം അതോടെ ഇല്ലാതായി. എല്ലാവരും മാന്ദ്യത്തിലാണത്രെ. ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് സാമ്പത്തിക പ്രശ്നങ്ങളില്ല. കഠിനാദ്ധ്വാനം ചെയ്യാതെത്തന്നെ നല്ല തുക ശമ്പളമായി ലഭിക്കുന്നുണ്ട്. എങ്കിലും ഇക്കൂട്ടരിലും ചിലർ (മറ്റൊരു വിധത്തിൽ) ബിസിനസ്സുകാരാണ്.

വീട്ടുപണിക്ക് നാം ആളുകളെ വെയ്ക്കാറുണ്ട്. ഏറിവന്നാൽ എത്ര രൂപ വേതനമായി നല്കും. അതിലും എത്രയോ മടങ്ങ് കൂടുതലല്ലേ ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ശമ്പളം. ഇത്തരം ഗവൺമെന്റ് ഉദ്യോഗസ്ഥരെക്കൊണ്ട് മേലുദ്യോഗസ്ഥന്റെ വീട്ടുപണിക്ക് നിയോഗിക്കുക എന്നത് ശരിയാണോ ? ഈ പണമെല്ലാം പൊതുജനങ്ങളുടെ പണമാണെന്ന് ആരെങ്കിലും ചിന്തിക്കാറുണ്ടോ ? ആൾദൈവങ്ങൾക്കുപോലും സർക്കാറിന്റെ ചിലവിൽ പോലീസ് കാവൽ. സ്വന്തം ബുദ്ധി വേണ്ടവിധം ഉപയോഗിക്കാത്തവരുടെ എണ്ണം ദിനംപ്രതി കൂടിവരുന്നു. മേലുദ്യോഗസ്ഥനെ, വി. ഐ. പി.കളെ പ്രീതിപ്പെടുത്തി ജീവിച്ച് ശീലിച്ചു. കടമകളും കർത്തവ്യങ്ങളും സൗകര്യപൂർവ്വം പലരും മറക്കുന്നു. സ്വന്തം ഭർത്താവിനെ സ്വന്തം സഹോദരൻ വക വരുത്തും മുമ്പ് രക്ഷിക്കണേ എന്ന് കേണപേക്ഷിച്ച പെൺകുട്ടിയ്ക്ക് നീതി ലഭിച്ചോ ? ആ കുട്ടിയ്ക്ക് ഭർത്താവ് നഷ്ടപ്പെട്ടു. വേണ്ടവിധം നടപടികൾ എടുക്കാതെ ആ സമയത്ത് മന്ത്രിയെ പരിചരിക്കാൻ പോയിരിക്കുകയായിരുന്നത്രെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ. അതുപോലെ വേറൊരു പെൺകുട്ടിയെ കാണാതായിട്ട് മൂന്നുമാസമായി. ഇനിയും അന്വേഷണം എങ്ങുമെത്തിയില്ല. ഇതുപോലെ എത്രയെത്ര പരാതികൾ നിലനിൽക്കുന്നു. യഥാർത്ഥത്തിൽ ഉദ്യോഗസ്ഥർക്ക് കഴിവില്ലാഞ്ഞതുകൊണ്ടല്ല എല്ലാവരും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുകയാണിവിടെ. അതുമല്ലെങ്കിൽ ഉത്തരവാദിത്വങ്ങൾ മറ്റുള്ളവരുടെ ചുമലിലിട്ട് സുഖമായി ജീവിക്കാനാണ് ഏറിയ പങ്ക് ആളുകൾക്കും ഇഷ്ടം. എന്തുചെയ്യും ? മതേതര രാഷ്ട്രീയ പാർട്ടിയിൽ പെട്ട ഒരുവനാണ് കൊലയ്ക്ക് പിന്നിലെന്ന് പറയപ്പെടുന്നു. സ്വന്തം അനുജത്തി അന്യജാതിക്കാരന്റെ കൂടെ പോയതിന്റെ ദേഷ്യമാണത്രെ കൊലയിൽ ചെന്നവസാനിച്ചത്. മതേതരപാർട്ടിയിലുള്ളവരിൽ വരെ മതവർഗ്ഗീയ ചിന്തകൾ പാകാൻ വർഗ്ഗീയ പാർട്ടികൾക്കായി എന്നത് സ്പഷ്ടം. ഇത് നല്ലതിനോ ? മതവർഗ്ഗീയ ചിന്തകൾ മാറ്റി മനുഷ്യനായി ജീവിക്കാൻ ശ്രമിക്കുക. ഒരാളെ നശിപ്പിക്കാൻ വളരെ എളുപ്പമാണ്, തെറ്റിദ്ധരിപ്പിക്കാനും പക്ഷെ നന്നാക്കാൻ, നേർവഴിയ്ക്ക് നയിക്കാൻ വളരെ ബുദ്ധിമുട്ടാണ്. അതിന് ആദ്യം സ്വയം നന്നാകണം. എന്നിട്ടുവേണം സമൂഹസേവ അതുമല്ലെങ്കിൽ മാധവ സേവ അല്ലാത്തപക്ഷം നാണവും മാനവുമില്ലാതെ പറഞ്ഞ വാക്കുകൾ മാറ്റിപ്പറയേണ്ടിവരും തീർച്ച.

താഴ്ന്ന ജാതിക്കാരനെ വീട്ടിനകത്തേക്കുതന്നെ കയറ്റില്ല. പിന്നെയല്ലേ അടുക്കളയിൽ കയറ്റുന്ന കാര്യം. ഇത്തരത്തിൽ ശാഠ്യം പിടിച്ച് ജീവിച്ചുവന്ന വലിയമ്മ വീട്ടിൽ തനിച്ചായി. ശരീരം കൊണ്ട് ഒന്നിനും വയ്യാതായി. പുറം പണിക്ക് പുറമേ അടുക്കളയിലും താഴ്ന്ന ജാതിക്കാരനെ പണിക്കുവെച്ചു. വേറെ ആരേയും കിട്ടാനില്ല എന്തുചെയ്യും ? വലിയമ്മ നിലപാടൊന്ന് മാറ്റി ഇങ്ങനെ ചോദിച്ചു, എന്താ അവരും മനുഷ്യരല്ലേ ?

ചോദ്യം വളരെ ശരിയാണ്. വയ്യാതെ കിടപ്പിലായപ്പോഴാണ് അവർക്കത് മനസ്സിലായത്. അവരുടെ ചിട്ടകളെക്കൊണ്ടും ചട്ടങ്ങളെക്കൊണ്ടും ബുദ്ധിമുട്ടി അവരോടൊപ്പം ജീവിക്കുന്നവരെക്കുറിച്ചും, ജീവിച്ച് മരിച്ചുപോയവരെക്കുറിച്ചുമൊന്ന് ഓർത്തു നോക്കൂ.

മല മുകളിൽ തെളിയുന്ന വിളക്ക് ദൈവം കാണിക്കുന്നതാണെന്ന് വിശ്വസിച്ച് ഒരുപാടുപേർ ഒരുപാടുകാലം വിശ്വാസപൂർവ്വം കാടും മലയും കയറി. കുറേപേരെ പുലി പിടിച്ചു. അതൊന്നും കൂട്ടാക്കാതെ കുറേപേർ പിന്നേയും വിളക്കു കാണാൻ പോയി. മരണം വരെ അവർ അങ്ങനെത്തന്നെ വിശ്വസിച്ചു, വിശ്വസിപ്പിച്ചു. അവർ മരണപ്പെട്ടു. ഇനി എന്തുചെയ്യും അവർ സത്യമറിയാതെ പോയല്ലോ. ഈ വിളക്ക് മനുഷ്യൻ തന്നെയാണ് കത്തിക്കുന്നതെന്ന് സത്യം. ഇതുപോലെയാണ് ഇന്ന് നമ്മൾ വിശ്വസിക്കുന്ന പലതും. പക്ഷേ നാം സമ്മതിക്കില്ല. ഒരുപക്ഷേ മരണം വരെ തിരിച്ചറിഞ്ഞില്ലെന്നും വരാം. പക്ഷേ നിങ്ങൾ ചെയ്തുപോന്നത് ശരിയാണെന്നതുതന്നെ വാദിക്കാനും തർക്കിക്കാനും കലാപങ്ങളുണ്ടാക്കുന്നവരുടെ കൂടെച്ചേർന്ന് കലാപമുണ്ടാക്കാനും ശ്രമിക്കും. എല്ലാം എത്ര ബാലിശമാണെന്ന് തിരിച്ചറിയുമ്പോഴേക്കും വൈകും.

എന്റെ മതത്തിന്റേതാണീ രാജ്യം. മറ്റുള്ള മതക്കാരെയെല്ലാം ഇവിടെ നിന്നും തുരത്തണം. അത് നമ്മുടെ കടമയാണ്. അതിനുള്ള മുന്നേറ്റത്തിന് നേതൃത്വം വഹിച്ചുവന്ന ആളുടെ സ്വന്തം മകൾ അന്യമതക്കാരനെ കല്യാണം കഴിച്ച് പോയപ്പോൾ പിന്നെ അദ്ദേഹത്തിന്റെ സംസാരം മതേതര രാഷ്ട്രത്തെക്കുറിച്ചായി. അതുവരെ ഇദ്ദേഹത്തിന്റെ വാക്ക് ശ്രവിച്ച്, വിശ്വസിച്ച് വാളെടുത്തവർ വാ പൊളിച്ച് നിന്നു. ഇതുപോലെത്തന്നെയാണ് ഒരു രാഷ്ട്രീയ പാർട്ടിയിൽ നിന്ന് മറ്റൊരു രാഷ്ട്രീയ പാർട്ടിയിലേയ്ക്ക് പോകുന്ന നേതാക്കളെക്കൊണ്ട് അവരുടെ അണികളിലുണ്ടാവുന്ന വിഷമങ്ങളും.

ആറടിക്കുമേൽ ഉയരവും നല്ല പുഷ്ടിയുള്ള ശരീരവും നല്ല ഗാംഭീര്യമുള്ള ശബ്ദവും നല്ല സാമ്പത്തിക ഭദ്രതയും പിൻബലവും പോരാത്തതിന് നല്ല പ്രാസംഗികനുമായതുകൊണ്ടുമാത്രം എന്തും മറ്റുള്ളവരുടെ മേലെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് തെറ്റാണ്. ഒരുനാൾ സത്യം തിരിച്ചറിഞ്ഞ് അവർ കൂട്ടത്തോടെ വന്ന് ചോദ്യം ചെയ്യും പ്രതികരിക്കും. നേതൃത്വനിരയിലെത്തിയവരേ നിങ്ങൾ പണത്തിനു പിന്നാലെ പോകാതെ നന്മകൾ ചെയ്യൂ, പ്രകൃതിയെ നോക്കൂ, പാഠങ്ങൾ ഉൾക്കൊള്ളൂ.

ഒരു അമ്യൂസ്മെന്റ് പാർക്കിൽ പോയി എൻട്രൻസ് ടിക്കറ്റെടുത്താൽ എല്ലാ റൈഡുകളിലും വേണമെങ്കിൽ നമുക്ക് കയറാം, കയറാതിരിക്കാം. ഒരാൾക്ക് ആയിരം രൂപയാണ് ടിക്കറ്റ്. ആയിരം രൂപ കൊടുത്ത് അമ്യൂസ്മെന്റ് പാർക്കിൽ കയറി. വാട്ടർ റൈഡ് ഉൾപ്പടെ പലതരം റൈഡുകളുണ്ട്. ആദ്യം കണ്ട കുറച്ചു റൈഡുകളിൽ കയറിക്കഴിഞ്ഞപ്പോഴേക്കും സമയം തീരാറായി. ഇനിയെന്തുചെയ്യും ? ബാക്കിയുള്ളവയെയെല്ലാം ഓടിനടന്ന് കണ്ടു, കണ്ടില്ല എന്ന് വരുത്തി. ഒന്നിലും കയറാനായില്ല. സമയം തീർന്നപ്പോൾ വീണ്ടും ഇനിയും ഇവിടേക്ക് വരണം എന്നതായിരുന്നു ആഗ്രഹം. ഇതുപോലെയാണ് നാമും ഓരോ ജന്മത്തിനൊടുവിലും ചിന്തിക്കുക. ഇവിടെ ചിലർ പാർക്ക് പണിയുവാൻ വേണ്ടി വരുന്നു. മറ്റുചിലർ പാർക്കിൽ കളിക്കാൻ വേണ്ടി വരുന്നു. ചിലർ വെറുതെ ഇരിക്കാൻ വേണ്ടി വരുന്നു. മറ്റുചിലർ മറ്റുള്ളവരുടെ നിർബന്ധത്താൽ പാർക്കിൽ കയറിയിട്ടും സന്തോഷമില്ലാതെ വേറെയെന്തെല്ലാമോ ചിന്തിച്ച് മറ്റുള്ളവരുടെ ആസ്വാദനത്തേയും കുറച്ച് അവരുടെ കൂടെ നടന്നുനീങ്ങുന്നു.

എല്ലാവർക്കും പ്രശ്നങ്ങൾ ഉണ്ട്. അത് മാറാൻ സ്ഥലം മാറി, മതം മാറി, രാഷ്ട്രീയ പാർട്ടി മാറി, ജോലി മാറി, പക്ഷെ പ്രശ്നങ്ങൾ മാറിയില്ല. ഇനിയെന്തു ചെയ്യും ? ഇതിന് ഒരേയൊരുത്തരം മനുഷ്യനായാൽ മതി എന്നതാണ്. മനനം ചെയ്യുന്നവനാണല്ലോ മനുഷ്യൻ. എല്ലാ വിഷയങ്ങളെക്കുറിച്ചും മനനം ചെയ്ത് മുന്നേറുക. ചോദ്യവും ഉത്തരവും ഉള്ളിൽ നിന്നാകുമ്പോൾ ചിന്തകളുടെ ശുദ്ധിയും പ്രവൃത്തിയിലെ വ്യക്തതയും തീർച്ചയായും ഗുണം ചെയ്യും. നമ്മൾ ചെയ്യുന്ന പ്രവൃത്തികളെ ശ്രദ്ധിക്കുക. അപ്പോൾ ദൈവം ഒരുക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് മനസ്സിലാക്കാനാകും. സ്വന്തം പ്രവൃത്തിയിൽ ശ്രദ്ധിക്കാതെ ദൈവത്തിനുവേണ്ടി വീട് പണിയാനും അത് നിലനിർത്താനും ശ്രമിക്കേണ്ടതില്ല. അതെല്ലാം പാഴ്ശ്രമങ്ങളാവും. ഒന്നും ഇന്നും ഇന്നലേയും കൊണ്ട് ഉണ്ടായതല്ല, പണ്ടുതൊട്ടേ ഉള്ളതാണ്. ഓരോ സംഭവങ്ങൾ നടക്കുമ്പോഴും പേരും രൂപവും സ്ഥലവും സന്ദർഭവും മാറുന്നു എന്നേയുള്ളൂ. പക്ഷേ നാം അത് തിരിച്ചറിയാതെ ഓരോ തവണയും എല്ലാമാദ്യമായി കാണുമ്പോലെ കണ്ട് പകച്ചുപോകുന്നു എന്നുമാത്രം. നമ്മുടെ കാഴ്ചകളെല്ലാം പുറത്തേക്കുമാത്രമാണല്ലോ. വെറുതെ കാഴ്ച കണ്ട് രസിച്ചിരിക്കരുത്. പുറകിൽ നിന്ന് വരുന്ന ഒരൊഴുക്കിൽ നാമും ഇല്ലാതാവും. അതിനുമുമ്പ് പഴമയിലേയ്ക്ക് തിരിഞ്ഞുനോക്കേണ്ടതും നഷ്ടപ്പെടുത്തിയ നന്മകളെ ആവുന്നത്ര തിരിച്ചുപിടിക്കേണ്ടതും അതുവഴി ജീവിത ഒഴുക്കിനെ നിയന്ത്രിക്കാൻ ശ്രമിക്കേണ്ടതും നാമോരോരുത്തരുടേയും കടമയാണ്, കർത്തവ്യമാണ്. ●

പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**
പാലക്കാട് –1

മൊബൈൽ : 9446443321, 9387118131


തവണകളായും പണമടയ്ക്കാം.

# ഗവൺമെന്റ് ഉദ്യോഗം ഒരു ജീവിതശൈലിയാണ്, അത് സമ്പന്നനാകാനുള്ള മാർഗ്ഗമല്ല

ഏതാണ്ട് ഒരു മുപ്പത് വർഷം മുൻപ് വരെപ്പോലും ഗവൺമെന്റ് ജോലി സമൂഹത്തിൽ ഒരംഗീകാരമായിരുന്നു. അത് അധ്യാപകനായാലും ഗുമസ്തനായാലും പോലീസ് ആയാലും കളക്ടറായാലും എന്തിനേറെ ഒരു ശിപായി ആയാൽ പോലും. പക്ഷെ ഇന്നവരുടെ മാന്യത എത്രത്തോളം ഉണ്ടെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. എന്തായിരിക്കാം കാരണം ? 1. സമൂഹത്തിന്റെ ബോധനിലവാരം ഉയർന്നിരിക്കുന്നു, ഒരാഫീസിൽ നടക്കേണ്ട ജോലിയെന്തെന്നും അത് എങ്ങിനെ നടക്കണമെന്നും അവർക്കറിയാം. നടന്നില്ലെങ്കിൽ അത് ചോദ്യം ചെയ്യാനും അവർക്കറിയാം. ഇത് ജനാധിപത്യത്തിന്റെ നല്ല വശമാണ്. ഗവൺമെന്റ് ജീവനക്കാരനെ ഉത്തരവാദിത്വബോധമുള്ളവനാക്കാൻ ഇതുപകരിക്കും പക്ഷെ ഇത് ദുരുപയോഗം ചെയ്യാൻ ഓരോരുത്തരും ശ്രമിക്കണമെന്ന് മാത്രം. 2. ഇപ്പോൾ അക്കാദമിക പഠനത്തിലുപരി ബിസിനസ് പഠനങ്ങൾക്കാണ് മുൻതൂക്കം. നിയമം പഠിക്കുന്നതുപോലും നല്ല വക്കീലാകാനല്ല മറിച്ച് രാഷ്ട്രീയക്കാരനാകാനോ പണമുണ്ടാക്കാനോ ആകുന്നു. ലോകത്ത് ഏറ്റവും കൂടുതൽ നടക്കുന്നത് കച്ചവടമാണ്. അതായത് ജനങ്ങളുടെ പഞ്ചേന്ദ്രിയങ്ങളുടെ സുഖാനന്ദത്തിനുവേണ്ടി ഉള്ള ഉല്പാദനങ്ങളും ആവിഷ്ക്കരണങ്ങളും. ഫലമായി ബിസിനസ് രംഗം കൊഴുക്കുകയും പ്രതിഫലമായി കൊടുക്കുന്ന പണം കൂടുകയും ചെയ്തു. ഇങ്ങിനെ വന്നപ്പോൾ ഒരു സിവിൽ സർവീസ് ഉദ്യോഗസ്ഥനും ഒരു ബിസിനസ് മാനേജരും വാങ്ങുന്ന പ്രതിഫലത്തിൽ വലിയ അന്തരമുണ്ടാവുകയും ചെയ്തു. പക്ഷെ രണ്ടുപേരും ജീവിക്കുന്നത് ഒരേ സമൂഹത്തിൽ തന്നെയായതുകൊണ്ട് ജീവിതനിലവാര താരതമ്യത്തിന്റെ ഫലമായി കുടുംബങ്ങളിൽ അസ്വസ്ഥതകൾ ഉടലെടുക്കുകയും സമൂഹസമാധാനം നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥ സംജാതമായി. കൂടുതൽ വിദ്യാർത്ഥികൾ അക്കാദമിക രംഗത്തേക്കാളും ബിസിനസ് രംഗത്തെ തിരഞ്ഞെടുക്കുകയും ചെയ്തുവരുന്നു. ലക്ഷ്യം പണം മാത്രം. ഗവൺമെന്റ് ജോലിക്കാരും ഈ മത്സരത്തിന്റെ ഭാഗമായിത്തുടങ്ങി. കാരണം ഒരേ പോലെ നന്നായി പഠിച്ചിരുന്നവർ രണ്ടുരീതിയിൽ ജീവിക്കുന്ന അവസ്ഥ വന്നു. അവരുടെ മക്കൾ രണ്ടു രീതിയിൽ വളരുന്ന അവസ്ഥ വന്നു. ഇത് ഗവൺമെന്റ് ജോലിക്കാരിലും പണക്കാരനാകാനുള്ള മോഹം വർദ്ധിപ്പിക്കുകയും അവന് ആധുനിക രാഷ്ട്രീയക്കാരന്റെ സംരക്ഷണം കൂടിവന്നപ്പോൾ സ്വന്തം മനസ്സിനെ നിയന്ത്രിക്കാൻ കഴിയാതെ മോഹങ്ങൾക്ക് പിന്നാലെ ഓടാൻ തുടങ്ങിയ ചിലർ അവയിൽ പെടുകയും പിന്നീട് കുഴപ്പത്തിൽ പെടുകയും ചിലർ ഭാഗ്യം കൊണ്ട് രക്ഷപ്പെടുകയും ചെയ്തു. ഈയൊരു അവസ്ഥ ഗവൺമെന്റ് ജീവനക്കാരന്റെ സ്വീകാര്യത സമൂഹത്തിൽ നഷ്ടപ്പെടുത്തി. പണം സമൂഹ അംഗങ്ങളുടെ മാന്യതയെ നിശ്ചയിക്കുന്നതാണ് ഇതിന് കാരണം. ഇതിനുള്ള പരിഹാരം ഗവൺമെന്റ് ജീവനക്കാരൻ ആദ്യം തന്നെ മനസ്സിലാക്കണം, ഗവൺമെന്റ് ജോലി ഒരു പണസമ്പാദനമാർഗ്ഗമല്ല മറിച്ച് ഒരു ജീവിതരീതിയാണ് എന്ന്. ഗവൺമെന്റ് ജോലിക്കാരെ ഗവൺമെന്റ് സെർവെന്റ്സ് എന്നാണ് പറയുന്നത് എന്നോർമ്മ വേണം. അവന്റെ ധർമ്മം ജനത്തെ സേവിക്കുകയെന്നതാണ്. അല്ലാതെ ജനത്തെ ചൂഷണം ചെയ്യുക എന്നുള്ളതല്ല. ഈ ധർമ്മം അംഗീകരിക്കാൻ പറ്റാത്തവർ ഈ ജോലിയിൽ ചേരരുത്. പണമുണ്ടാക്കുകയാണ് ലക്ഷ്യമെങ്കിൽ നിങ്ങൾക്ക് ഒരുപാട് മറ്റു ജോലികൾ തിരഞ്ഞെടുക്കാം. റിയൽ എസ്റ്റേറ്റുകാരനാവാം, ഫ്ളാറ്റ് വില്പനക്കാരനാവാം, വ്യവസായിയാവാം... അങ്ങിനെ പലതുമാവാം. ഒരഞ്ചുവർഷം കൊണ്ട് കോടികൾ സമ്പാദിക്കാം. ആഡംബരമായി ജീവിക്കാം. നല്ല സാമൂഹിക അംഗീകാരവും ലഭിക്കും. ചിലപ്പോൾ ജയിലിലും കിടക്കാം. എന്നാലും അവിടേയും എല്ലാ സുഖസൗകര്യങ്ങളും ലഭിക്കും. അല്ലാതെ നിങ്ങൾ സിവിൽ സർവീസിൽ വരുകയും, അവിടത്തെ വരുമാനത്തിൽ ഒതുങ്ങി ജീവിക്കാതെ പണസമ്പാദനത്തിന് ശ്രമിക്കുകയും ചെയ്യുമ്പോൾ തകർക്കുന്നത് നിങ്ങളെ മാത്രമല്ല ഒരു സമൂഹത്തെ, മൊത്തം ഗവൺമെന്റ് ജീവനക്കാരെ, ഒരു രാഷ്ട്രത്തെ കൂടിയാണ്. ഈ ഓർമ്മയില്ലാത്തതാണ് നമ്മൾ ദിവസവും കേൾക്കുന്ന അഴിമതിക്കഥകളുടെ കാരണം. ഇതിന് ഒരു വിജിലൻസ് വകുപ്പിനെക്കൊണ്ടും നന്നാക്കാൻ പറ്റില്ല.

ഒരു ഗവൺമെന്റ് ജീവനക്കാരൻ, സത്യസന്ധനും ലളിതമായി ജീവിക്കുന്നവനും അസൂയയും കുശുമ്പുമില്ലാത്തവനും നിയമങ്ങൾക്കനുസരിച്ച് ജീവിക്കുന്നവനും സമൂഹധർമ്മങ്ങൾ അനുഷ്ഠിക്കുന്നവനും ആഡംബരഭ്രമമില്ലാത്തവനും മറ്റുള്ളവർക്ക് മാതൃകയും ഒക്കെ ആയിരിക്കണം. അങ്ങിനെയായാൽ ഇപ്പോഴും ഗവൺമെന്റ് ജീവനക്കാരൻ ഏതു പണക്കാരനേക്കാളും മാന്യതയുള്ളവനായിരിക്കും.

# സ്വർഗ്ഗത്തിലും കുറ്റം കണ്ടെത്തുന്നവർ



**പി. ആർ. ജോസ്**
**9847946094**

മറ്റുള്ളവരുടെ മനസ്സൊന്നു വിഷമിച്ചാലേ ചിലർക്ക് മനഃസുഖമുണ്ടാകൂ. ഒരാൾ ചെയ്ത നിർമ്മാണ പ്രവൃത്തിയിലോ മറ്റേതെങ്കിലും മേഖലയിലോ കുറവുകൾ മാത്രം കണ്ടെത്തുന്ന പ്രവണത ഇന്ന് പലരിലുമുണ്ട്. ലക്ഷങ്ങൾ ചിലവഴിച്ച് നിർമ്മിച്ച വീടിന്റെ ഹൗസ്വാമിങ്ങ് പരിപാടിയിൽ വീടിന്റെ കുറ്റങ്ങളും കുറവുകളും നിരത്തി രസിക്കുന്നവരേറെയുണ്ട്. ബെഡ്റൂമിന് സാധാരണ വലുപ്പമാണെങ്കിൽ കുറച്ചുകൂടി വലുപ്പമാകാമായിരുന്നുവെന്നും വിശാലമായ ബെഡ്റൂമാണെങ്കിൽ വലുപ്പം വളരെ കൂടിയെന്നും പറയാൻ ഇവർ മടിക്കാറില്ല. വീട്ടുടമ പണിതീർത്ത ബെഡ്റൂമിൽ അഭിപ്രായദാതാക്കളല്ല കിടക്കേണ്ടതെന്നുള്ള ചിന്ത പോലും ഇക്കൂട്ടർക്കില്ല. 'കന്നിമൂല' നോക്കാതെയാണ് വീട് നിർമ്മിച്ചതെന്നും അത് വീടിന്നാപത്താണെന്നും പ്രശ്നങ്ങളൊഴിഞ്ഞുള്ള സമയമുണ്ടാവില്ലെന്നും മറ്റൊരുവിഭാഗം തട്ടിവിടും. ഈശ്വരവിശ്വാസരഹിതമായ ഇത്തരം 'അഭിപ്രായപ്രകടന സുഹൃത്തുക്കൾ' കുടുംബനാഥന്റെ മനസ്സ് വിഷമിപ്പിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ ?

കുടുംബനാഥന്റെ ഇഷ്ടമനുസരിച്ച് കുട്ടികളുടെ പഠനത്തിനായി തിരഞ്ഞെടുത്ത സ്കൂളിനേയും കോളേജിനേയും വെറുതെ വിടുകയില്ല. പൊതുവിദ്യാലയത്തിൽ കേരള സിലബസ്സിലാണ് കുട്ടിയെ ചേർത്തതെങ്കിൽ കേന്ദ്ര സിലബസ്സാണ് മെച്ചപ്പെട്ടതെന്നും മലയാളം മീഡിയത്തിലാണ് ചേർത്തതെങ്കിൽ ഇംഗ്ലീഷ് മീഡിയമാണ് നല്ലതെന്നും പറയുന്നവരുണ്ട്. ഇഷ്ടമുള്ള കോഴ്സ് തിരഞ്ഞെടുത്ത് പഠനം ആരംഭിച്ച കുട്ടിയോട് ആ കോഴ്സ് മോശമാണെന്നും ജോലി സാധ്യത കുറവാണെന്നും കോളേജ് മോശമാണെന്നും പറയാൻ യാതൊരു സങ്കോചവുമില്ല. ഈ അഭിപ്രായം കേൾക്കുന്ന രക്ഷിതാവിന്റേയും കുട്ടിയുടേയും ആത്മവിശ്വാസം തകരുമെന്ന് ഇവർ ചിന്തിക്കുന്നതേയില്ല. ഏത് വിദ്യാലയത്തിൽ ചേർന്നാലും ഏത് കോഴ്സ് തിരഞ്ഞെടുത്താലും കുട്ടി പഠിച്ച് മികവ് പുലർത്തുകയാണ് വേണ്ടത്. അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അഡ്മിഷന് മുമ്പാണ് നിർവ്വഹിക്കേണ്ടത്.

ഇനി രോഗികളുടെ കാര്യം നോക്കാം. കുടുംബനാഥൻ സ്വഭവനത്തിലെ രോഗിയെ തന്റെ അറിവിലുള്ള മികച്ച ആശുപത്രിയിലെ ചികിത്സയിലാണെങ്കിൽ രോഗീസന്ദർശനത്തിന്റെ പേരിൽ അവിടെയും അഭിപ്രായമെത്തും. ഇപ്പോഴുള്ള ആശുപത്രി മോശമാണെന്നും ഡോക്ടർമാർ പ്രഗത്ഭരല്ലെന്നുമുള്ള വിലയിരുത്തൽ രോഗിയേയും കുടുംബനാഥനേയും ദുഃഖത്തിലാഴ്ത്തുക തന്നെ ചെയ്യും. ഏത് ആശുപത്രികളിലും കുറ്റങ്ങളും കുറവുകളും കണ്ടേക്കാം. ചികിത്സിക്കുന്ന ഡോക്ടർമാരെക്കുറിച്ചോ ആശുപത്രിയെക്കുറിച്ചോ മുൻപരിചയം പോലും അഭിപ്രായ ദാതാവിന് ഉണ്ടാകാറില്ല.

വളരെക്കാലത്തെ കാത്തിരിപ്പിനുശേഷമായിരുന്നു ആ യുവാവിന് ഒരു ജോലി ലഭിച്ചത്. ഇപ്പോൾ കിട്ടിയ ജോലി നിലവാരമില്ലെന്നും മറ്റു പല കമ്പനികളുടെ പേര് പറഞ്ഞ് അതിലെ ജോലിയാണ് നല്ലതെന്നും പറയാൻ യാതൊരു വിഷമവുമില്ല. നാലഞ്ചുവർഷം ജോലിയൊന്നുമില്ലാതെ വീട്ടിലിരുന്നപ്പോൾ അയാളെ സഹായിക്കാനോ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനോ ഇവർക്ക് സമയമില്ല. ഇപ്പോഴുള്ള ജോലി മോശമല്ലെന്നും കഴിവ് മെച്ചപ്പെടുത്തിയാൽ കൂടുതൽ നല്ല ജോലി ലഭിക്കുമെന്നും പറഞ്ഞാൽ ആ യുവാവിന് ജോലിയിൽ ആത്മവിശ്വാസം തോന്നുകയും ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്യും.

പ്രവൃത്തിക്കുശേഷമല്ല, പ്രവൃത്തിക്കുമുൻപാണ് അഭിപ്രായം പറയേണ്ടത്. അങ്ങിനെയുള്ളവരാണ് ഉത്തമ സുഹൃത്തുക്കൾ. മരുമകളുടെ കുറവുകൾ മാത്രം കണ്ടെത്തുന്ന അമ്മായിയമ്മയും അമ്മായിയമ്മയുടെ കുറ്റങ്ങൾ നിരത്തുന്ന മരുമകളും കുടുംബസമാധാനം തകർക്കുമെന്ന് പറയേണ്ടതില്ലല്ലോ. എന്തിലും ഏതിലും കുറ്റം കണ്ടെത്തുന്നവർ. സ്വർഗ്ഗത്തിൽ ചെന്നാലും കുറ്റം മാത്രമേ കാണൂ. ●

■ കവിത

**രവീന്ദ്രൻ മലയങ്കാവ്**
**9288114916**

## ചോദ്യോത്തരങ്ങൾ

കടലോ
ജീവിതമോ
വലുത് ?
**ജീവിതം.**

കടങ്ങളോ
കടമകളോ
വലുത് ?
**കടങ്ങൾ.**

നായിനെയോ
പേയിനെയോ
പേടിക്കേണ്ടത് ?
**നായിനെ.**

ശത്രുവിനെയോ
മിത്രത്തെയോ
വിശ്വസിക്കാവുന്നത് ?
**ശത്രുവിനെ.**

ഞാനോ
നീയോ
മഹാൻ ?
**ഞാൻ തന്നെ.**
(സംശയമെന്ത് ?!)

# നിപ്പ നൽകുന്ന പാഠം



ഡോ. സുനീത് മാത്യു
09486382600

**മെ**യ് മാസം കേരളത്തെയാകെ പിടിച്ചുകുലുക്കിയ ഒരു മാസമാണ്. പ്രത്യേകിച്ചും പേരാമ്പ്രയേയും കോഴിക്കോടിനേയും. നിപ്പ വൈറസ് (NiV) എന്ന മസ്തിഷ്ക ജ്വരം കുറച്ചുപേരുടെ ജീവനെടുത്ത ഒരു പകർച്ച വ്യാധി എന്നതിനപ്പുറം പുതുതായി ഒരു രോഗം കൂടി കേരളത്തിലെത്തി എന്നത് കൂടിയാണ്. എന്നാൽ ഈ മസ്തിഷ്ക ജ്വരം ഇന്ത്യയിലെത്തുന്നത് ഇതാദ്യമായല്ല. വെസ്റ്റ് ബംഗാളിലെ സിലിഗുരിയാണ് ഈ രോഗം കണ്ടെത്തിയ ഇന്ത്യയിലെ ആദ്യ പ്രദേശം. 2001 ജനുവരി, ഫെബ്രുവരി മാസങ്ങളിലായിരുന്നു ഈ രോഗം ആദ്യമായി ഇന്ത്യയിലെത്തുന്നത്. അന്ന് രേഖപ്പെടുത്തിയ കണക്കുകൾ പ്രകാരം 66 പേർക്ക് രോഗലക്ഷണങ്ങൾ ഉണ്ടാകുകയും 45 പേർ മരണമടയുകയും ചെയ്തു. 68% ആയിരുന്നു മരണ നിരക്ക്.

ആദ്യമായി നിപ്പ വൈറസ് ആക്രമണമുണ്ടാകുന്നത് പെനിസുലാർ മലേഷ്യയിലാണ്. 1998 സെപ്റ്റംബർ മുതൽ 1999 ഏപ്രിൽ വരെയുള്ള കാലഘട്ടത്തിലായിരുന്നു അത്. 265 ആളുകളെയാണ് അന്ന് നിപ്പ മസ്തിഷ്ക ജ്വരം ബാധിച്ചത്. എന്നാൽ ആദ്യ ഘട്ടത്തിൽ ഇത് ജപ്പാൻ മസ്തിഷ്ക ജ്വരമായി തെറ്റിദ്ധരിക്കപ്പെടുകയുണ്ടായി. കുറേ മരണങ്ങൾക്ക് ശേഷമാണ് ഇത് ഒരു പുതിയ വൈറസ് ആണെന്ന് കണ്ടെത്തിയത്. ഇതാദ്യമായി കണ്ടെത്തിയ സ്ഥലത്തിന്റെ പേര് വൈറസിന് കൊടുക്കുകയായിരുന്നു. വവ്വാലുകൾ കഴിച്ച ഈന്തപ്പന കുരു ആഹാരമാക്കിയിരുന്ന പന്നികളിലൂടെയാണ് ഇത് വ്യാപരിക്കുന്നത് എന്നായിരുന്നു ആദ്യത്തെ കണ്ടെത്തൽ. എന്നാൽ പന്നികൾക്ക് ഇതിൽ കാര്യമായ പങ്കില്ല എന്ന് പിന്നീട് കണ്ടെത്തുകയുമുണ്ടായി.

അക്കാലത്തുതന്നെ സിംഗപ്പൂരിലും കുറച്ചുപേരെ ഈ രോഗം ബാധിച്ചിരുന്നെങ്കിലും ഗുരുതരമായ മരണ നിരക്കുണ്ടായില്ല. ഈ രോഗത്തിന്റെ ഗുരുതരാവസ്ഥയിൽ മാറ്റങ്ങളുണ്ടാക്കുന്ന മറ്റു ചില ഘടകങ്ങൾ കൂടിയുണ്ടെന്ന് ഇതിൽ നിന്നും മനസ്സിലാക്കേണ്ടതുണ്ട്. മലേഷ്യയിലോ സിംഗപ്പൂരിലോ അതിനുശേഷം ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുമില്ല.

സിലിഗുരിയിലെ വൈറസ് ബാധയെ തുടർന്നാണീ രോഗം മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പകരും എന്ന് കണ്ടെത്തിയത്. ആറ് വർഷങ്ങൾക്കുശേഷം 2007 ൽ ബംഗാളിലെ തന്നെ മറ്റൊരു ജില്ലയായ നദിയയിൽ അഞ്ചുപേർക്ക് ഈ രോഗബാധ ഉണ്ടാകുകയും അവർ അഞ്ചുപേരും മരണപ്പെടുകയും ചെയ്തു. ബംഗ്ലാദേശിൽ പലയിടത്തായി ഈ രോഗം 2012 വരെ മിക്കവാറും എല്ലാ വർഷങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലും ബംഗ്ലാദേശിലുമായി 2001 നും 2012 നും ഇടയിൽ 280 ആളുകൾക്ക് രോഗബാധയുണ്ടാകുകയും 211 പേർ മരണമടയുകയും ചെയ്തു. വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ കണക്കുകൾ ഈ കാലയളവിൽ 75% രോഗബാധിതർ മരണമടഞ്ഞു എന്നതാണ്. ലോകത്താകെ നിപ്പ മസ്തിഷ്ക ജ്വരത്തിനാൽ മരിച്ചവർ 300ൽ താഴെ മാത്രമാണെന്ന് മറ്റൊരു വസ്തുത. അഞ്ചു ലക്ഷത്തിലധികം ആളുകൾ ഓരോ വർഷവും ഇൻഫ്ളുൻസ എന്ന ജലദോഷപ്പനി മൂലം മരണമടയുന്നുണ്ട് എന്നും കണക്കുകൾ പറയുന്നു.

എന്നാൽ നിപ്പ നമ്മളെ പഠിപ്പിക്കുന്ന ചില പാഠങ്ങളുണ്ട്. ആരോഗ്യ രംഗത്തിന് ഭീഷണിയായി നിലകൊള്ളുന്നത് നിപ്പ വൈറസ് മാത്രമല്ല. ഇനി പുതിയ പുതിയ വൈറസുകൾ വന്നുകൊണ്ടിരിക്കും. അപ്പോഴും വൈദ്യ ശാസ്ത്രം പകച്ചുനിൽക്കും എന്നുള്ളതാണ് ദയനീയമായ ശാസ്ത്രവശം. പ്രതിരോധ മരുന്നുകളും കുത്തിവയ്പ്പുകളും മാത്രം പ്രതിവിധിയായി കാണുന്ന വൈദ്യ ശാസ്ത്രത്തിന്റെ തന്നെ പ്രശ്നമല്ലേ ഇത്തരം രോഗങ്ങളുടെ ചികിത്സക്ക് വിഘാതമാകുന്നത് ? ഇനിയും വരാൻ പോകുന്ന വൈറൽ രോഗങ്ങൾക്കും ചേർത്ത് ഭാവിയിൽ ഒരാൾ എത്രയധികം പ്രതിരോധ മരുന്നുകൾ കഴിക്കേണ്ടിവരും ? അല്ലെങ്കിൽ കുത്തിവയ്പ്പുകൾ എടുക്കേണ്ടിവരും ?

നിപ്പ പോലുള്ള വൈറസ് രോഗങ്ങൾ ബാധിക്കുന്നത് കുറഞ്ഞ രോഗപ്രതിരോധശക്തിയുള്ളവരെയാണെന്ന് മറ്റൊരു വശം. എവിടെയാണ് നമ്മുടെ രോഗ പ്രതിരോധശക്തി കുറക്കുന്ന ഘടകങ്ങൾ ഉള്ളത് ? പ്രകൃതിദത്തമായി കിട്ടേണ്ട പല പ്രതിരോധ പ്രവർത്തനങ്ങളും തടസ്സപ്പെടുന്നതെങ്ങനെയാണ് ? ലോകത്തിൽ ഏറ്റവും അധികം മരുന്നുപയോഗിക്കുന്ന രാജ്യം ഇന്ത്യയാണെന്ന് കണക്കുകൾ പുറത്തുവരുന്നു. അത് ജനസംഖ്യാധിക്യം കൊണ്ടായിരിക്കുമെന്ന ന്യായം ഉന്നയിക്കാം. എന്നാൽ വ്യക്തിപരമായും ഏറ്റവും കൂടുതൽ മരുന്നുപയോഗിക്കുന്നത് ഇന്ത്യയിലാണ് എന്നത് കൊണ്ടുതന്നെ ഇന്ത്യയിൽ കിട്ടുന്ന വ്യാപാരം

## ■ലേഖനം

മരുന്ന് കമ്പനികൾക്ക് മറ്റൊരു രാജ്യത്തും ലഭിക്കുകയില്ല എന്നതും കണക്കുകളുടെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ടു കഴിഞ്ഞതാണ്. ഇത്തരത്തിൽ മരുന്നുകൾ കഴിക്കേണ്ട അവസ്ഥയിലേക്ക് നമ്മളെ നയിക്കുന്നതെന്താണ്, ആരാണ് ? നമ്മുടെ ആരോഗ്യം തകർക്കപ്പെടുന്നതെവിടെയാണ് ? അങ്ങനെ നോക്കുമ്പോൾ നമ്മുടെ വൈദ്യശാസ്ത്രം ശരിയായ ദിശയിലല്ല പ്രവർത്തിക്കുന്നതെന്ന് പറയേണ്ടിവരും.

മിക്ക വികസിത രാജ്യങ്ങളുടേയും പ്രശ്നങ്ങൾ കാൻസർ, ഹൃദ്രോഗം തുടങ്ങിയതാണെങ്കിൽ നമ്മൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി പകർച്ചവ്യാധികൾ തന്നെയാണ്. ഏതെങ്കിലുമൊരു വൈറസ് എത്തിയാൽ പകച്ചുപോകുന്ന ഒരു വൈദ്യ ശാസ്ത്രമാണ് ഇന്ന് നമുക്കുള്ളത്. നമ്മുടെ ആധിയും ആശങ്കകളും വർദ്ധിപ്പിക്കാനല്ലാതെ ഇവർക്കാകുന്നുമില്ല. ചൈന പോലുള്ള മിക്ക ഏഷ്യൻ രാജ്യങ്ങളിലും വൈദ്യ ശാസ്ത്രമെന്നാൽ അലോപ്പതി എന്ന് വിളിക്കുന്ന ആധുനിക വൈദ്യം മാത്രമല്ല. അവരുടെ നാടിന്റെ തനതായ വൈദ്യവും ചേർന്നുള്ള ഒരു സങ്കര വൈദ്യ ശാസ്ത്രമാണ്.

എന്നാൽ നമുക്കിവിടെ അത്തരത്തിലൊരു സൗഹാർദ്ദം വിഭാവനം ചെയ്യാൻ പോലുമാകുന്നില്ല. വൈദ്യ ശാസ്ത്രങ്ങളുടെ വല്യേട്ടൻ മനോഭാവം മാത്രമാണിതിനു കാരണമെന്ന് ഞാൻ ചിന്തിക്കുന്നില്ല. അവരെ അത്തരത്തിൽ രൂപീകരിക്കുന്ന സംഘടിത മരുന്ന് മാഫിയകൾ തന്നെയാകും ഇതിനും പുറകിൽ. ഹോമിയോപ്പതി പോലുള്ള വൈദ്യ ശാസ്ത്രങ്ങളിൽ ഒരുപക്ഷേ ഈ രോഗം പ്രതിരോധിക്കുന്നതിനോ ഇതിന്റെ തീവ്രത കുറക്കുന്നതിനോ മരുന്നുകൾ കാണുമായിരിക്കും. അത്തരത്തിൽ അവർ അവകാശവാദം ഉന്നയിക്കുമ്പോൾ അത് പരീക്ഷിച്ചുനോക്കാത്തത് വിവേകമാണോയെന്നും ചിന്തിക്കേണ്ടതുണ്ട്. ചിക്കുൻ ഗുനിയ ബാധിച്ചു മരിച്ചവരുടെ ഒരു കണക്കെടുപ്പ് മുൻപ് തമിഴ്നാട്ടിൽ നടത്തുകയുണ്ടായി. മരണപ്പെട്ടവരെല്ലാം അലോപ്പതി ചികിത്സ തേടിയവർ മാത്രമായിരുന്നു എന്നാണ് റിപ്പോർട്ട്. ചികിത്സ തേടാത്തവരും മറ്റു ചികിത്സാരീതികൾ തേടിയവരും മരണപ്പെട്ടിട്ടില്ല എന്നതായിരുന്നു അവരുടെ കണ്ടെത്തൽ. അവിടെ സർക്കാർ മുൻകയ്യെടുത്ത് ചില സിദ്ധ മരുന്നുകൾ രോഗികൾക്ക് നൽകുകയുമുണ്ടായി.

ഇത്തരം രോഗങ്ങൾക്ക് മാധ്യമങ്ങൾ നൽകുന്നത് യഥാർത്ഥത്തിൽ ഒരു പരിഹാരമാണോ? അവർക്ക് എന്തുചെയ്യാൻ കഴിയും ? ആളുകളെ പരിഭ്രാന്തരാക്കാമെന്നല്ലാതെ. വൈദ്യ ശാസ്ത്രത്തിനു കഴിയാത്തതു മാധ്യമങ്ങൾക്കാകുമോ ? ഇവിടെ വൈദ്യ ശാസ്ത്രങ്ങളെ വിശകലനം ചെയ്യുന്നതും അതിന്റെ ശാസ്ത്രീയത നിർവചിക്കുന്നതും മാധ്യമങ്ങളായിരുന്നതുകൊണ്ടാണ് ഇങ്ങനെ എഴുതേണ്ടിവന്നത്. സർവ്വകലാശാലകൾ നടത്തുന്ന പഠന ഭാഗങ്ങൾ എല്ലാ വൈദ്യ ശാസ്ത്രങ്ങളും തുല്യ കാലയളവിൽ ഒരേ വിഷയങ്ങൾ തന്നെ പഠിച്ചിട്ടാണ് ഓരോ വിഭാഗത്തിലെ ഡോക്ടർമാരും ചികിത്സ തുടങ്ങുന്നത്. അവരുടെ അഭിപ്രായത്തേക്കാൾ ശ്രദ്ധിക്കപ്പെടുന്നത് ഇത്തരം വിഷയങ്ങളിൽ പ്രാഗത്ഭ്യമില്ലാത്ത മാധ്യമ പ്രവർത്തകരുടെ വാക്കുകളാണ് എന്നതും ശരിയായ ആരോഗ്യ ബോധനമായി എനിക്ക് തോന്നുന്നില്ല.

സാമ്പത്തിക പ്രശ്നങ്ങൾ ഇത്തരം തെറ്റായ പ്രചരണങ്ങളുടെ മറ്റൊരു വിപത്താണ്. 1998 ൽ മലേഷ്യയിൽ നിപ്പ വൈറസ് ബാധയുണ്ടായപ്പോൾ രോഗം പരത്തുന്നത് പന്നികളാണെന്ന പ്രചരണത്താൽ പന്നിവളർത്തലിൽ ഏർപ്പെട്ടിരുന്ന കർഷകർ മാത്രമായിരുന്നില്ല സാമ്പത്തികമായി തകർന്നത്, അത് ഒരു കയറ്റുമതി വ്യവസായമാക്കിയിരുന്ന മലേഷ്യ തന്നെയായിരുന്നു.

ഇത്തരത്തിൽ വസ്തുനിഷ്ഠമല്ലാത്ത പ്രചരണങ്ങളും ചികിത്സാമേഖലയിലെ വലിയേട്ടൻ മനോഭാവവുമെല്ലാം, ഇപ്പോഴും ഭാവിയിലും രോഗ പ്രതിരോധനത്തിൽ കാര്യമായ പ്രയോജനം നൽകില്ല എന്നും നിപ്പ നമ്മെ പഠിപ്പിക്കുന്നു. •

## ■കവിത



കൃഷ്ണ എഴക്കാട്
9847469166

# നളിനീ പാചകം

അതിരാവിലെയവൾ
മനസ്സിലൊരടുപ്പുകൂട്ടി
മോഹാഗ്നി ജ്വലിപ്പിച്ചു.
ഒരടുപ്പിൽ കഥയും
മറ്റൊന്നിൽ കവിതയും
വേവുന്ന മണമറിഞ്ഞു.

ഇടക്കിടെ ചീനച്ചട്ടിയിൽ
മൊരിയുന്ന വിമർശനങ്ങൾ
ആസ്വാദനങ്ങൾ നിരൂപണങ്ങൾ !

അരവുയന്ത്രത്തിനും
ദഹിപ്പിക്കാനാകാത്തവ
അഗ്നിയിൽ ചുട്ടെടുത്തു.

പിന്നെയവ
നാലഞ്ചുവയറുകളിൽ
പോസ്റ്റുചെയ്തു!
വൈകീട്ടറിയാം
പ്രതികരണങ്ങൾ, ലൈക്കുകൾ...

ഒടുവിൽ പ്രണയം
ഐസ്ക്യൂബിലാക്കി
നടുനിവർത്തിയാശ്വസിച്ചു...
"ഹാവു ഇന്നത്തെ ശാപ്പാടും
സർഗ്ഗാത്മകമാക്കി."

**ഏക തത്ത്വയിലേയ്ക്ക്
മികവുറ്റ സൃഷ്ടികൾ·
അയച്ചുതരിക.**

**വരിസംഖ്യ എടുത്തും
വരിസംഖ്യ യഥാസമയം
പുതുക്കിയും
സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**

# ദേശീയ പുരസ്ക്കാരജേതാവ് സനൽ ജോർജ്ജ്



ജോസഫ് പൂതക്കുഴി
9846751749

**കേ**രളത്തിന്റെ അഭിമാനമായ കോഴിക്കോട്ടുകാരൻ സനൽ ജോർജ്ജ് ഇക്കഴിഞ്ഞ ചലച്ചിത്ര ദേശീയ പുരസ്ക്കാരത്തിന് അർഹനായി. ചലച്ചിത്ര ശബ്ദലേഖനത്തിനാണ് ഈ ചെറുപ്പക്കാരൻ അവാർഡ് ലഭിച്ചത്. ലഡാക്ക് പശ്ചാത്തലമായി നിർമ്മിച്ച 'വോക്കിങ്ങ് വിത്ത് ദ വിന്റ്' എന്ന് സിനിമയിലെ ശബ്ദലേഖനത്തിനാണ് ദേശീയ പുരസ്ക്കാരം തേടി എത്തിയത്.

കോഴിക്കോട് ജില്ലയിൽ ചങ്ങരോത്ത് പഞ്ചായത്തിലെ കൂവപ്പൊയിൽ എന്ന സ്ഥലത്താണ് സനൽ ജോർജ്ജിന്റെ ബാല്യകൗമാരകാലങ്ങൾ. പ്രകൃതി സുന്ദരമായ പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രത്തിനു സമീപമായിരുന്നു സനലിന്റെ വീട്. പെരുവണ്ണാമൂഴിക്ക് കുളിർമ്മ നൽകി ഒഴുകുന്ന ചവറമ്മൂഴിപ്പുഴയുടെ സംഗീതം കേട്ടുവളർന്ന ഈ കുട്ടി പ്രകൃതിദൃശ്യങ്ങൾ കടലാസിൽ ചാരുതയോടെ വരയ്ക്കുന്ന കാര്യത്തിൽ വളരെ സാമർത്ഥ്യം കാണിച്ചിരുന്നു.

കാറ്റും മഴയും ഇടിമിന്നലും ഒക്കെ നോക്കിനിൽക്കുന്നതിൽ അതീവതാൽപ്പര്യം കാണിച്ചിരുന്ന ഈ ബാലൻ അവൻ കാണുന്ന ദൃശ്യങ്ങൾ കടലാസിൽ യഥാതഥം വരയ്ക്കുന്നത് അവന്റെ ഹോബിയായിരുന്നു. ഗ്രാമാന്തരീക്ഷത്തിൽ മുഴങ്ങിക്കേട്ട വിവിധതരം പക്ഷികളുടേയും മൃഗങ്ങളുടേയും ശബ്ദങ്ങൾ അവനെ ആകർഷിച്ചു. ഭാവനാശാലിയായ ആ കൊച്ചുചിത്രകാരൻ ഇന്ത്യയുടെ ദേശീയ പുരസ്ക്കാരം നേടുമെന്ന് ആരും പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. കഴിവും വാസനയും കൂർമ്മബുദ്ധിയുമുണ്ടെങ്കിൽ സ്ഥിരപരിശ്രമത്തിലൂടെ ഏത് ഉന്നതങ്ങളിലും എത്തിച്ചേരാമെന്ന് സനൽ നമുക്ക് കാണിച്ചുതരുന്നു.

പ്രാഥമിക വിദ്യാഭ്യാസം പേരാമ്പ്ര സെന്റ് ഫ്രാൻസീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലും ഹൈസ്കൂൾ പഠനം പടത്തുകടവ് ഹോളി ഫാമിലി ഹൈസ്കൂളിലും ഹയർ സെക്കന്ററി പഠനം നൊച്ചാട് ഹയർ സെക്കന്ററി സ്കൂളിലും ആയിരുന്നു. പടത്തുകടവ് ഹോളി ഫാമിലി ഹൈസ്കൂളിൽ പഠിക്കുമ്പോൾ ചിത്രരചനയിലും നാടകാഭിനയത്തിലും മികവ് പ്രകടിപ്പിച്ചിരുന്നു. ഹോളി ഫാമിലിയിലെ ചിത്രകലാധ്യാപകനായിരുന്ന ശ്രീനി പാലേരി മാസ്റ്ററുടെ പരിശീലനം സനലിന്റെ ചിത്ര കലാവാസനയെ പരിപോഷിപ്പിച്ചു. പഠനത്തിലും പാഠ്യേതരവിഷയങ്ങളിലും ഉന്നത നിലവാരം പുലർത്തിയ സനൽ ജോർജ്ജ് ഹോളി ഫാമിലി ഹൈസ്കൂളിന്റെ അഭിമാനമായിരുന്നു.

ഹയർ സെക്കന്ററിയിലെ പഠനം പൂർത്തിയാക്കിയ ശേഷം കോഴിക്കോട് ദേവഗിരി കോളേജിലാണ് സനൽ ഡിഗ്രിക്ക് ചേർന്നത്. ദേവഗിരി കോളേജിലെ കൾച്ചറൽ ആക്ടിവിറ്റീസിൽ സനൽ നിറസാന്നിധ്യമായി മാറി. കോളേജിലെ ഫിലിം ക്ലബ്ബിൽ കണ്ട ലോകസിനിമകളാണ് പ്രതിഭാശാലിയായ ഈ കൗമാരക്കാരന്റെ ജീവിതം വഴി തിരിച്ചുവിട്ടത്. ലോക ക്ലാസ്സിക്ക് സിനിമകളിലെ ശബ്ദസങ്കലനം സനലിനെ ശബ്ദത്തിന്റെ മായികലോകത്തിലേക്ക് നയിച്ചു. ഈ വർഷത്തെ ദേശീയ ചലച്ചിത്ര പുരസ്ക്കാരത്തിന്റെ കൊടുമുടിയിലേക്കു സനലിനെ എത്തിച്ചതും ആ ശബ്ദവിസ്മയങ്ങൾ ആയിരുന്നു.


ദേവഗിരി കോളേജിലെ ബിരുദ പഠനം പൂർത്തിയാക്കിയ സനൽ പിന്നീട് പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലേക്കാണ് പോയത്. ഇവിടെ ചേർന്നത് പലവിധത്തിലും സനലിന് അനുഗ്രഹമായി. സൗണ്ട് ഡിസൈനിംഗിൽ പഠനം പൂർത്തിയാക്കി. ഈ കാലയളവിൽ ഇന്ത്യയിലെ പ്രഗൽഭരായ പല കലാകാരന്മാരുമായി സഹവസിക്കുന്നതിനുള്ള അവസരമുണ്ടായി. പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ ശ്രേഷ്ഠരായ അധ്യാപകരുടെ നേതൃത്വത്തിലുള്ള പഠനഗവേഷണങ്ങൾ സനലിന്റെ കലാജീവിതത്തിന് പുതിയ മാനങ്ങൾ നൽകി.

പൂനെയിൽ നിന്നും മുംബൈയിലേയ്ക്ക് താമസം മാറ്റി. 'ചലോ ദില്ലി' എന്ന ഹിന്ദി സിനിമയിലായിരുന്നു തുടക്കം. പല ഹിറ്റുസിനിമകളുടേയും അസിസ്റ്റന്റായി പ്രവർത്തിച്ചു. ഇക്കൂട്ടത്തിൽത്തന്നെ നിരവധി ഡോക്യുമെന്ററികൾക്കും ഹ്രസ്വചിത്രങ്ങൾക്കും ശബ്ദലേഖനം നിർവ്വഹിച്ചു.

ലഡാക്കിലെ ജീവിതം ചിത്രീകരിച്ച 'വോക്കിംഗ് വിത്ത് ദ വിന്റ്' എന്ന സിനിമ സനൽ ഏറെ കഷ്ടപ്പാടുകളും ത്യാഗങ്ങളും സഹിച്ച് പൂർത്തിയാക്കി. ലഡാക്കിൽ പല മാസങ്ങൾ സ്ഥിരതാമസമാക്കിയാണ് ഈ ചിത്രമെടുത്തത്. ലഡാക്കിലെ പ്രത്യേക ഭൂപ്രകൃതിയും കാറ്റും ബുദ്ധമതവുമായി ബന്ധപ്പെട്ടിട്ടുള്ള ശബ്ദങ്ങളും 'വോക്കിംഗ് വിത്ത് ദ വിന്റിനെ ലോകോത്തരമാക്കി. ഈ ചിത്രത്തിലെ ശബ്ദ ലേഖനത്തിനാണ് സനലിന് ദേശീയ പുരസ്ക്കാരം ലഭിച്ചത്.

കോഴിക്കോട് പേരാമ്പ്ര കൂവപ്പൊയിൽ ഇരവുചിറ ആന്റണി ജോർജ്ജിന്റെയും ത്രേസ്യാമ്മ ജോർജ്ജിന്റേയും മകനാണ് സനൽ. യു.എസ്സിലും ഇംഗ്ലണ്ടിലും ജോലി ചെയ്യുന്ന രണ്ട് സഹോദരിമാരുണ്ട്. ഭാര്യ അൽവിറ്റ ജോസ് തൃശ്ശൂർ സ്വദേശിയാണ്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സാരഥികളിലൊരാളായ കെ. പാപ്പൂട്ടി മാതുലനാണ്.

സനൽ സകുടുംബം ഇപ്പോൾ മുംബൈയിലെ ബോറിവില്ലയിലാണ് താമസം. കോഴിക്കോടിന്റെ അഭിമാനതാരമായ ദേശീയ പുരസ്ക്കാര ജേതാവിന് ജന്മനാട്ടിൽ പടത്തുകടവ് ഹോളി ഫാമിലി ഹൈസ്കൂളിൽ മാതൃവിദ്യാലയവും നാട്ടുകാരും ചേർന്ന് ജൂൺ അവസാനവാരത്തിൽ ഗംഭീര സ്വീകരണത്തിനുള്ള ഒരുക്കങ്ങൾ നടത്തിവരുന്നു. ●





## എന്റെ അഭിനയ സ്മരണകൾ

ഭാഗം 18

മുക്കം ഭാസി
9846138693

# കേരള അസംബ്ലിയിലേയ്ക്ക്

തലക്കെട്ട് വായിച്ചപ്പോൾ വായനക്കാർ അൽപ്പമൊന്ന് പരിഭ്രാന്തരായോ? എന്ത് ? ഭാസി മാഷ് അസംബ്ലിയിലോ ? ''ഇതൊക്കെ അദ്ദേഹത്തിന്റെ വെറും നാമൂസാണെടോ'' എന്ന് വേറെ ചിലർ. അല്ല; സുഹൃത്തേ അല്ല; സത്യമാണ് പതിരില്ലാത്ത പരമാർത്ഥം.

1967ലെ ഇ. എം. എസ്. മന്ത്രിസഭ. സി. എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രി. അന്നാണ് അത് നടന്നത്. ഞങ്ങൾ കുറേപേർ വിദ്യാലയങ്ങളിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരായി ജോലി നോക്കുകയാണ്. സിലബസ് പരിഷ്ക്കരണ കമ്മറ്റി അപ്പോഴാണ് ഒരു പാര വെച്ചത്. സ്പെഷ്യലിസ്റ്റ് പിരീഡുകൾ വെട്ടിച്ചുരുക്കി. ഫലമോ, ഫുൾടൈം തസ്തികകൾ പാർടൈം ആയി മാറി.

പക്ഷെ ഇവരെയൊക്കെ പി. എസ്. സി. ഫുൾ ടൈം ആയി നിയമിച്ചത് കൊണ്ട് പാർട് ടൈം ആക്കാനും വയ്യ. കോടതിയിൽ പോയാൽ ഇവർക്ക് സംരക്ഷണം ലഭിയ്ക്കും. എങ്കിലും ചില വിദ്യാഭ്യാസ ഓഫീസർമാർ ഈ തക്കം നോക്കി ഇത്തരക്കാരുടെ ശമ്പളം താൽക്കാലികമായി തടഞ്ഞുനിർത്തി. പോരേ പൂരം. മാസാന്തം അക്കാലത്ത് ലഭിയ്ക്കുക 100 രൂപയിൽ താഴെയാണ്. അതും കൂടി ഇല്ലാതായാൽ ?

തുല്യ ദുഃഖിതരായ ഞങ്ങൾ കുറേപേർ ഒന്നിച്ചുചേർന്ന് ഒരു സംഘടനയുണ്ടാക്കി 'ഓൾ കേരള സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സ് അസോസിയേഷൻ'. ഞാൻ അതിന്റെ പ്രസിഡണ്ടും എം. കെ. വി. നെടിയനാട് സെക്രട്ടറിയും. സത്യം പറഞ്ഞാൽ കേരളത്തിലൊന്നും ഇതിന്റെ വേരോട്ടമില്ലായിരുന്നു. വെറും കോഴിക്കോടുമായി ഞങ്ങൾ ചുറ്റിക്കളിച്ചു. ഒരു ലെറ്റർ പാഡും സീലുമൊക്കെയുണ്ടാക്കി.

ചില പത്രപ്രസ്താവനകളും നടത്തി. എങ്ങനെയെങ്കിലും ഈ ഏടാകൂടത്തിൽ നിന്ന് തലയൂരണമെന്ന് ഞങ്ങളിൽ പലർക്കുമുണ്ടായിരുന്നു ആശ – ഈ സ്പെഷ്യലിസ്റ്റ് തസ്തികയിൽ നിന്ന്. ഇഷ്ടമില്ലാത്ത പെണ്ണിനെ കെട്ടിയ അനുഭവമായിരുന്നു എനിയ്ക്ക്. പെൻഷൻ പറ്റുന്നത് വരെ ഇത് ചുമക്കേണ്ടിവരുമോ ? ഞങ്ങളിൽ പലർക്കും ടി. ടി. സി. യ്ക്ക് (ടീച്ചേഴ്സ് ട്രെയിനിങ്ങ് കോഴ്സ്) പോയാൽ മതിയെന്നായി. സ്വന്തം ഇഷ്ടത്തിനുപോവാം, ലീവെടുത്ത് പക്ഷെ ശമ്പളം കിട്ടില്ലല്ലോ.

സ്ഥലം എം. എൽ. എ., എ. കെ. അപ്പു മാസ്റ്ററെ സമീപിച്ചു. അദ്ദേഹം ഞങ്ങളോട് അടുത്താഴ്ച തിരുവനന്തപുരത്തെത്താൻ ആവശ്യപ്പെട്ടു; അസംബ്ലി ചേരുന്ന സമയം. ഒരു നിവേദനം തയ്യാറാക്കി ഞാനും എം. കെ. വി. നെടിയനാടും പറഞ്ഞ ദിവസം തിരുവനന്തപുരത്ത്. അപ്പു മാഷ് തന്ന പാസ്സും കൊണ്ട് ഞങ്ങൾ അസംബ്ലിയിലെ സന്ദർശക ഗ്യാലറിയിൽ. അപ്പു മാസ്റ്റർ ഒരു ശ്രദ്ധ ക്ഷണിയ്ക്കൽ നോട്ടീസിലൂടെ ഞങ്ങളുടെ പ്രശ്നം അവതരിപ്പിച്ചു.

ഗൗരവപൂർണ്ണം ഈ പ്രശ്നം പരിഗണിയ്ക്കുമെന്ന് മന്ത്രി, സഭയ്ക്ക് ഉറപ്പും നൽകി. ഞങ്ങളുടെ നിവേദനം മന്ത്രിയ്ക്ക് നൽകാനുള്ള അവസരവും എം. എൽ. എ. ഒരുക്കി തന്നു. ചുരുക്കിപ്പറയട്ടെ, സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് ശമ്പളത്തോടു കൂടി ടി. ടി. സിയ്ക്ക് പോകാനുള്ള ഉത്തരവും ഏതാനും ആഴ്ചകൾക്കകം പുറത്തിറങ്ങി. ഞങ്ങളിൽ പലരും ടി. ടി. സിയ്ക്ക് ഡെപ്യൂട്ടേഷനിൽ തിരഞ്ഞെടുക്കപ്പെട്ടു. 'ഒരു അഹല്യാമോക്ഷം' !

ഞാൻ ആദ്യം കോഴിക്കോടും പിന്നെ ഒരു മ്യൂച്ചൽ ട്രാൻസഫറിന്റെ അടിസ്ഥാനത്തിൽ മുക്കത്തും എത്തി. മുക്കം ട്രെയ്നിങ്ങ് സ്കൂളിൽ. ശമ്പളമുള്ളത് കൊണ്ട് പത്രാസിൽ തന്നെയായിരുന്നു കോഴ്സുകാലം കഴിച്ചത്. അഹങ്കാരലേശമില്ലാതെ പറയട്ടെ വിദ്യാർത്ഥികളുടെ ഇടയിൽ എനിയ്ക്കൊരു വി. ഐ. പി. പരിഗണനയുണ്ടായിരുന്നു. ഒരു നടനെന്ന നിലയിലും അത്യാവശ്യം എഴുതുന്ന ഒരാളെന്ന നിലയിലും മുക്കത്തെ '0' വട്ടത്തിൽ ഞാനും ഒരു മുറിമൂക്കൻ രാജാവായിരുന്നല്ലോ !

ട്രെയിനിങ്ങ് സ്കൂളിലെ പ്രധാന അധ്യാപകൻ ഹൈസ്കൂളിൽ എന്റെ ജൂനിയറായി പഠിച്ച ആളായിരുന്നു. എന്നോട് വളരെ സ്നേഹവും ബഹുമാനവുമുള്ള ആൾ. മറ്റു വിദ്യാർത്ഥികൾ ഇതൊക്കെ രസത്തോടു കൂടിയാണ് വീക്ഷിച്ചിരുന്നത് ! ഈ സമയത്തൊക്കെ ഒരു ചെറിയ വീടിന്റെ നിർമ്മാണ പ്രവൃത്തിയിലും കൂടിയായിരുന്നു ഞാൻ. മൂന്നു വർ

## ■ സ്മരണ

ഷം കൊണ്ട് ഒരു വീട് പൂർത്തിയാക്കാനും എനിയ്ക്ക് കഴിഞ്ഞു.

ഞങ്ങളുടെ നാട്ടിൽ 'വായന' എന്ന പേരിൽ ഒരു കൊച്ചു പ്രദേശമുണ്ട്. അവിടുത്തെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ഒരു കലാസമിതി രൂപീകരിയ്ക്കുന്നു - വായന കലാസമിതി. അവരെന്നെ സമീപിച്ചു - നാടകം വേണം. ഞാൻ അഭിനയിക്കണം, സംവിധാനം ചെയ്യണം. എനിയ്ക്കാണെങ്കിൽ പെരുത്ത് സന്തോഷം.

നാടകം തിരഞ്ഞെടുത്തു. ഒറിജിനൽ പേര് ഓർമ്മയില്ല. ഞങ്ങൾ 'മഞ്ഞ്' എന്ന് നാടകത്തിന് പേരിട്ടു. മഞ്ഞിലെ ഗാനങ്ങൾ ഞാനെഴുതി. ഒന്ന് രണ്ട് ഗാനങ്ങൾ എം. ടി. ബാലകൃഷ്ണനും. ഗോപാലൻ ഭാഗവതരും പൃത്ഥിരാജും പിന്നണിയിൽ. എ. ഐ. ആർ ഫെയിം പത്മിനി, എം. ടി. ബാലകൃഷ്ണൻ, ടി. ടി. ചന്ദ്രൻ, ഞാൻ എന്നിവർ പാടി. അഭിവാദന ഗാനത്തിൽ മാത്രമെ ഞാൻ പങ്കാളിയായുള്ളു. 'എന്ന് നിന്റെ മൊയ്തീനിലെ' ഷൂട്ടിങ്ങ് നടക്കുന്നു. അപ്പോൾ സംവിധായകൻ ആർ. എസ്. വിമൽ എന്നെ വിളിയ്ക്കുന്നു. "ഭാസി മാഷെ നിങ്ങളുടെ ഏതെങ്കിലും ഒരു നാടകഗാനം വേണം സിനിമയിൽ ചേർക്കാൻ." ഞാൻ മഞ്ഞിലെ അഭിവാദന ഗാനം ഫോണിൽ പറഞ്ഞു കൊടുക്കുന്നു.

യുവചേതനയുടെ ചെപ്പുതുറക്കും
നവയുഗ ശില്പികളെ...
കലയുടെ കൈത്തിരി ഏന്തി
വരുന്നൊരു
കാവ്യകുമാരികളെ...
വയലേലകളിൽ പണിശാലകളിൽ
വിയർപ്പുചിന്തുന്നോരെ
പുതിയൊരു കാഹളനാദം കേട്ടു
ഉണർന്നെണീയ്ക്കുന്നോരേ...
പണിയുക നാമൊരു പുത്തൻ
തലമുറ
പുതിയൊരു നാളേയ്ക്കായി.
അണിയണിയായി ചേരുക
നാമൊരു
പുതിയൊരു ജനമുന്നണിയായ്
ഇരുളു തകർക്കാൻ
രണാങ്കണത്തിൻ
പടവാളേന്തുന്നോരേ
കരുത്തുകാട്ടി, തകർത്തു കോട്ടകൾ
നിരത്തി മുന്നേറുക നാം...
വിലങ്ങി തീർത്തവർ
തടവറ തീർത്തവർ
വിറച്ചിടട്ടെ വീണ്ടും
വിരിഞ്ഞിടട്ടെ പുതിയ പ്രഭാതം
വിപ്ലവ സ്വപ്നവിഭാതം !

സുധീർ കരമന എന്ന മുക്കം ഭാസി പൃഥ്വിരാജിന്ന് (മൊയ്തീന്) ഈ ഗാനം പാർട്ടി ആപ്പീസിൽ നിന്ന് പറഞ്ഞുകൊടുക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചുകാണും. പക്ഷെ, ആ അക്ഷരങ്ങളുടെ പിതൃത്വം ആർക്കാണെന്ന് പോലും വിമൽ വെളിപ്പെടുത്തുന്നില്ല, ഒരു നന്ദി പോലും പറയുന്നില്ല. മുക്കത്തിന്റെ പ്രാദേശിക ചരിത്രം, മൊയ്തീന്റെ ജീവിത കഥ, പ്രണയ സാഹസികത എന്തെല്ലാം എന്തെല്ലാം ഞാൻ വിമലുമായി പങ്കുവെച്ചില്ല ! ഒരുപക്ഷെ, കാഞ്ചന കൊടുത്ത ഒരു കേസിന്റെ പേരിൽ വിമൽ ഞങ്ങളെയെല്ലാം ശത്രുപക്ഷമായി കണ്ടിരിയ്ക്കാം. പോട്ടെ, സാരമില്ല. ഒരു സന്യാസിയുടെ കഥ കേട്ടിട്ടില്ലേ ? വെള്ളത്തിൽ കൂടി ഒഴുകിവന്ന ജീവനുള്ള തേളിനെ കുളിച്ചു കൊണ്ടിരുന്ന സന്യാസി കൈക്കുടന്നയിൽ കോരി കരയിലെറിഞ്ഞപ്പോൾ തേൾ സന്യാസിയെ വാലുകൊണ്ട് കുത്തുകയും ഇത് കണ്ട മറ്റുള്ളവർ സന്യാസിയെ പരിഹസിച്ച് ചിരിയ്ക്കുകയും ചെയ്തു. "എന്താ സ്വാമീ ! തേൾ കുത്തുമെന്നും വേദനിയ്ക്കുമെന്നും അങ്ങേയ്ക്കറിഞ്ഞുകൂടായിരുന്നോ?" സന്യാസി പറഞ്ഞതെന്താണെന്നോ? "തേൾ, തേളിന്റെ സ്വഭാവം കാണിച്ചു, ഞാൻ എന്റേയും !"

വായന കലാസമിതിയുടെ പ്രഥമ നാടകം എന്തുകൊണ്ടും വിജയമായിരുന്നു. പത്തോളം നാടകങ്ങൾ ഈ കലാസമിതി അവതരിപ്പിച്ചു. അതിലെല്ലാം എന്റെ പങ്കാളിത്വവും സജീവമായിരുന്നു. പക്ഷെ, അവർക്ക് വേണ്ടി ഞങ്ങൾ മറ്റൊരു നാടകം കളിച്ചപ്പോൾ അതാ പോകുന്നു ഞങ്ങളെ ശപിച്ചുകൊണ്ട് ഒരു കൂട്ടം നിഷ്ക്കളങ്കരായ ഗ്രാമീണർ !!

(തുടരും)

## ■ കവിത




**ജ്യോതി ചമ്പത്ത്**
**9995197341**


# കുളിർ

പങ്കപോൽ കറങ്ങുന്ന
ജീവിത വല്ലരിയും
പങ്കിലമായൊരു
ജീവിതം നിർവ്വാണമാക്കാൻ.

വെൺതിങ്കളായ് വന്ന
ചേതോഹാരിയാം ജീവൻ
മൊട്ടിട്ടു ജീവിത പൂങ്കാവനത്തിൽ
ഒട്ടു ദൂരം പോയതറിഞ്ഞില്ല.

ഇളംതെന്നലിൽ തലോടലേറ്റു
പുളകമണിഞ്ഞതീ ഹൃത്തും
ഭഗ്നാശയനായി തീരുവാനെന്തു
കാരണമെന്തെന്നറിയാതെ
നീറിടുന്നു.


ഉഷസ്സിനെപ്പോലെ
പ്രഭ ചൊരിയാനായി
വ്രതവുമായി കാത്തിരുന്ന
തെന്തിനെന്നറിവില്ല.

ഈ പുസ്തകത്തിൽ താളുകൾ
മെല്ലെമാറി മറിഞ്ഞതെന്തിനോ
ഓർമ്മയിൽ മൊട്ടിടും ഗീതം
കണക്കൻ ജീവിതം
ഓരോർമ്മയായി.

ഉത്തുംഗശൃംഗത്തിലെത്താനായി
ആഗ്രഹം എന്നും തേങ്ങലായി
എന്നാലുമെന്തിനോ ദാഹിക്കുന്നു
എൻ ജീവനിലിറ്റു ജലം തരുമോ

പല്ലവം പോലുള്ളധരം പിറക്കവേ
പ്രാണജലം ഒരിറ്റു ലഭിക്കുവാൻ
കനിയുക മേഘമേ നിൻ ബാഷ്പം
എന്നും കുളിർ പെയ്യട്ടെ
നിതാന്തമായ്.

# പുതുച്ചൊല്ലുകൾ



**സൈനുദീൻ മുണ്ടക്കയം**
**9947253006**

1
ഞങ്ങൾ ചെയ്‌വത് മാത്രം ശരിയാ-
ണത് നിങ്ങൾ ചെയ്താൽ തെറ്റാണ്.
2
കുട്ടിക്കൊപ്പം തുല്യത നേടാൻ
മറ്റേത്തട്ടിലിരിക്കണം.
3
കിട്ടാനുള്ളത് പുതിയൊരു ലോകം
കിട്ടിപ്പോയാലതുമൊരു പ്രശ്നം!!
4
കണ്ടവൻ കണ്ടതു പറയില്ലെന്നാൽ
കാണാത്തോനത് പലകുറി പറയും !!
5.
കുംഭ വളർന്നോനു കുമ്പിടാൻ വയ്യ
കുമ്പിട്ടുപോയാൽ സാഷ്ടാംഗം.
6.
പ്രവചനം : കാലവർഷം ഒരാഴ്ച മുമ്പേയെത്തും.
കർഷകൻ : ഹർത്താലിൽ കുടുങ്ങുമോ എന്തോ ?!
7.
ഉണ്ണിക്കുട്ടന്റതിസാരത്തിന്
ഹർത്താൽ കൊണ്ട് തുലാഭാരം.
8.
ബ്രിട്ടീഷുകാരന്റനീതിക്കുനേരെ
ഗാന്ധിജിക്കായുധം ഹർത്താൽ.
ഇന്നു, പാവം ജനത്തിന്റെ സ്വൈരം കെടുത്താൻ,
രാഷ്ട്രീയക്കാരുടെ ഹർത്താൽ.
9.
ചത്തുപോമെന്നനേരമടുക്കിലും
ചിത്തമെല്ലാമധികാരമോഹത്തിൽ.
10.
വിത്തമെണ്ണിത്തികയ്ക്കുന്നതിൻ മുന്നേ-
ചത്തുപോമെന്നോർത്തു കണ്ണീരൊഴുക്കുന്നു.
11.
കുത്തുവാക്കിൻ മറുപടിക്കായി നിൻ-
സത്തയെല്ലാം കളഞ്ഞുകുളിക്കണോ?
12.
ഭ്രാന്തിന്നുണ്ടു മരുന്നിപ്പോൾ
മതഭ്രാന്തിന്നെന്തു മരുന്നയ്യോ !!
13.
കാറിക്കൂവി നടന്നെന്നാൽ
കാറും കോളുമടങ്ങീടോ ?
14.
പട്ടം കിട്ടി പടികയറി
പട്ടം പോലതാ പായുന്നു.
15.
സേഫ് അല്ലാത്തൊരു സെൽഫിയെടുത്താൽ
ചുവരിൽ തൂക്കാൻ പടമാകും.
16.
പ്രതിമകൾ പ്രചോദകങ്ങളാണ്
കാണില്ല, കേൾക്കില്ല, മിണ്ടില്ല
നമുക്ക് കാണാം, നമ്മെ കാണില്ല,
പ്രതിമകൾ പ്രതീകങ്ങളാകുന്നു.
17.
കിട്ട്യ പണമൊക്കെ ബാങ്കിലിട്ടു,
കട്ടോണ്ടുപോയല്ലൊ കോടീശ്വരൻ !!
18.
കട്ടതുമുഴുവൻ കീശേലിട്ടു
കീശയ്ക്കാണേൽ ഓട്ടകൾ പലതാ !
19.
കണ്ടാലവനൊരു പാവം
കണ്ടില്ലേലെന്താ ഭാവം !
20.
ചിക്കിച്ചികഞ്ഞങ്ങുനോക്കാം പുരാണം
ചക്കാത്തിലൊത്താലൊരു ദിവ്യനാകാം.
21.
വിളഞ്ഞതൊക്കെയും ഞെട്ടറ്റുവീഴും
വാടിയതും തഥൈവ
22.
പണി മാറുമ്പോൾ തുണി മാറും
പണിയില്ലാത്തോൻ വഴി മാറും.
23.
ആകാശക്കോട്ട് പിടിച്ചടക്കാൻ
ആശയുണ്ടാവതില്ലെന്നുമാത്രം.
24.
ആകാശകുസുമം പറിച്ചെടുക്കാൻ
ആവേശമുണ്ടായിട്ടെന്തു കാര്യം ?!
25.
പട്ടിയെ വിട്ടു കടിപ്പിക്കാനൊരു
പട്ടിയുമിന്നു ശ്രമിക്കേണ്ട.



■ യാത്രാവിവരണം (രണ്ടാം ഭാഗം)

# ദേവഭൂമിയിലെ ദേവദാരുക്കൾ ബാംഗ്രയുടെ നാട്ടിൽ

ഈശ്വർകുമാർ തരവത്ത്
9946655277

**രാ**ത്രി നല്ല മഴ പെയ്തിരുന്നുവെന്ന് കാലത്തുണർന്നപ്പോൾ മനസ്സിലായി. തുറന്ന ചിരിയോടെ അനിൽ നേരത്തെതന്നെ എത്തിയിരുന്നു. ഏഴരമണിക്കാണ് ചണ്ഡീഗഢ് ഫ്ളൈറ്റ്. വിമാനം പറന്നുയർന്നു. ജാലകത്തിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ, താഴെ വൃത്തിയായി അടുക്കിവെച്ച തീപ്പെട്ടി കൂടുകൾ പോലെ കെട്ടിടങ്ങളും, അവയ്ക്കിടയിൽ ചരടുകൾ പോലെ തെരുവുകളും, പടർന്ന പച്ചമഷിത്തുള്ളികൾ പോലെ മരക്കൂട്ടങ്ങളും.

എട്ടേ മുക്കാലിന് അവിടെയിറങ്ങി. പണിക്കേഴ്സ് ട്രാവൽസിന്റെ ടെമ്പോ ട്രാവലർ ഞങ്ങളെ കാത്തുകിടന്നിരുന്നു. ചെറുതെങ്കിലും, സാങ്കേതികമായി ഉന്നത നിലവാരം പുലർത്തുന്ന ഒരു വിമാനത്താവളമാണിത്. അമൃത്സറിലേക്കുള്ള വഴിയിൽ, ഒരു പഞ്ചാബി ദാബയിൽ നിന്ന് ലളിതമായൊരു പ്രാതൽ ! ഇവിടെനിന്ന് അമൃത്സറിലേക്ക് 290 കി. മീ. ദൂരമുണ്ട്. ജലന്ധർ വഴി, ലൂധിയാനയും മൊഹാലിയും കടന്നുവേണം അമൃത്സറിലെത്താൻ.

വിശാലമായ ഹൈവേയുടെ ഇരുവശങ്ങളിലായി നിറഞ്ഞുകിടക്കുന്ന കൃഷിഭൂമികൾ, പഞ്ചാബിന്റെ കാർഷിക സമൃദ്ധി വിളിച്ചോതി ! ഗോതമ്പും, നെല്ലും, ചോളവും, മറ്റു പലതരം ധാന്യങ്ങളും സമൃദ്ധമായി വിളഞ്ഞുനിൽക്കുന്നു. യന്ത്രവത്കൃത രീതി ആയതുകൊണ്ടാകാം, കൃഷി സ്ഥലങ്ങളിൽ ആരേയും കാണാനില്ല. പഞ്ചാബിയിൽ 'പഞ്ച്' എന്നാൽ അഞ്ചെന്നും, 'ആബ്' എന്നാൽ നദിയെന്നും അർത്ഥമുള്ള അഞ്ചു നദികൾ ഒഴുകുന്ന പഞ്ചാബിന്റെ കാർഷിക പെരുമയുടെ നട്ടെല്ല് ബക്രാനംഗൽ അണക്കെട്ടുതന്നെ! ഈ നദികൾ പഞ്ചാബിനെ മൂന്നു റീജിയനുകളായി വിഭജിക്കുന്നു. അവിടവിടെയായി മഴസംഭരണികൾ നിരനിരയായി സ്ഥാപിച്ചിട്ടുണ്ട്.

ഒരു കർഷകൻ കൂടിയായ വേലായുധേട്ടൻ ബക്രാനംഗൽ കാണാനുള്ള ആഗ്രഹം പ്രകടിപ്പിച്ചെങ്കിലും, അത് പാക്കേജിൽ വരാത്തതിനാൽ, ഗൈഡ്, വിഷമത്തോടെ നിരസിക്കുന്നതും കണ്ടു.

"ഇതുപോലെ മഴയെ മണ്ണിന്റെ മാറിലേക്ക് ചേർത്തുപിടിച്ച്, വേനലിനെ താങ്ങുന്നൊരു പാഥേയമാക്കാൻ നമുക്കും കഴിയണം..." വേലായുധേട്ടൻ ആത്മഗതം പോലെ പറയുന്നത് കേട്ടു.

* * * * *

രണശൂരരായ പഞ്ചാബികൾ, നീണ്ടകാലം പേർഷ്യക്കാർ - മൗര്യന്മാർ - സൈന്ത്യൻ വംശജർ - പാർത്തിയൻസ് - കുശന്മാർ - മുഗളന്മാർ എന്നിവരോടെല്ലാം നിരന്തരം പടവെട്ടിയാണ് ഇവിടെ നിലനിന്നു വന്നതത്രെ! ഗുരുനാനാക്കും, പിന്തുടർന്ന മറ്റു ഒമ്പത് ഗുരുക്കന്മാരും സ്ഥാപിച്ച സിക്കുമതം 15 ഉം 16 ഉം നൂറ്റാണ്ടുകളിലായി ഇവിടെ വേരുറപ്പിച്ചു. വിഭജനശേഷം, പാക്കിസ്ഥാനും, ഇന്ത്യക്കുമിടയിൽ, കിഴക്കും പടിഞ്ഞാറുമായി പഞ്ചാബ് മുറിക്കപ്പെട്ടു. സഞ്ചാരികളുടെ സ്വപ്നമായി, വ്യവസായികളുടെ കേന്ദ്രമായി, കായികാരാധകരുടെ പറുദീസയായി, കർഷകരുടെ ഖജാനയായി, കലാകാരന്മാരുടെ സ്വർഗ്ഗമായി പഞ്ചാബ് ഇന്ന് അറിയപ്പെടുന്നു!

ഇവിടത്തെ ബാംഗ്ര ഡാൻസ് ലോക പ്രസിദ്ധമാണ് ! അമൃത്സറിലെ സുവർണ്ണക്ഷേത്രം, അകാൽതക്ത്, ജാലിയൻ വാലാ ബാഗ്, ഫോർട്ട്, മ്യൂസിയം എന്നിവയെല്ലാം സഞ്ചാരികളെ എന്നും ആകർഷിച്ചുകൊണ്ടിരിക്കുന്നു.

* * * * *

ഡൽഹി വിടുമ്പോൾ വലിയ ലഗ്ഗേജുകളെല്ലാം ഹോട്ടലിൽ തന്നെവെച്ച് അത്യാവശ്യമുള്ള ചെറിയ ഹാൻബാഗുകൾ മാത്രം കൈയിൽ കരുതിയിരുന്നതുകൊണ്ട്, യാത്രയിലെ ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ ഒഴിവാക്കാനായി.

സമയം പാഴാക്കാതെ, ഞങ്ങൾക്ക് താമസമൊരുക്കിയിരുന്ന 'സവേരഗ്രാന്റ്' ഹോട്ടലിൽ ചെന്ന് ഫ്രെഷായി, ഇന്ത്യ-പാക്ക് അതിർത്തിയിലെ വാഗാബോർഡറിലേക്ക് തിരിച്ചു. ഇവിടെനിന്ന് 35 കി. മീ. ദൂരെയാണ് ഈ സ്ഥലം. വാഗ എന്നാണ് ഈ സ്ഥലം പൊതുവെ അറിയപ്പെടുന്നതെങ്കിലും ഇന്ത്യയുടെ ഭാഗത്തെ, ഇപ്പോൾ 'അടാരി' എന്നാണ് വിളിക്കപ്പെടുന്നത്. ഇവിടെ മുഴുവൻ, ബോർഡർ സെക്യൂരിറ്റി ഫോഴ്സിന്റെ പരിപൂർണ്ണ നിയന്ത്രണത്തിലാണ്. കാലത്തും വൈകീട്ടും ഇവിടെ ഇരുരാജ്യങ്ങളുടേയും ദേശീയ പതാകകൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു. വൈകുന്നേരങ്ങളിൽ ഇരുപക്ഷത്തേയും സേനാംഗങ്ങൾ, ബ്യൂഗിളിന്റെയും ദേശഭക്തിഗാനങ്ങളുടേയും അകമ്പടിയോടെ ഒരു പ്രത്യേകതരം പരേഡ് നടത്തുന്നു.

# യാത്രാവിവരണം (രണ്ടാം ഭാഗം)

ഈ പ്രകടനം, കാണുന്നവർക്ക് പ്രകോപനപരമായി തോന്നുമെങ്കിലും, പരസ്പര സമവാക്യത്തോടെയാണ് നടപ്പിലാക്കുന്നത് എന്നതൊരു വാസ്തവമാണ്! രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും, ഇതുകാണാൻ, ധാരാളം കാണികൾ ഇവിടെയെത്തുന്നുമുണ്ട്.

വയോധികരേയും അംഗവൈകല്യമുള്ളവരേയും, സൈനീകർ, ഒരു പ്രത്യേക വാഹനത്തിൽ ദൂരെയുള്ള ഗെയിറ്റിലേക്ക് എത്തിക്കുന്നത് കണ്ടു ! അടഞ്ഞുകിടന്ന ഈ ഗെയിറ്റിന്റെ പൂർവ്വകാല കഥയോർത്തപ്പോൾ മനസ്സിൽ ഒരു ചെറിയ നീറ്റൽ !

* * * * *

കാലാവസ്ഥമാറ്റങ്ങളും ദീർഘയാത്രയും, നേരത്തെയുണ്ടായിരുന്ന എന്റെ ജലദോഷത്തെയും ചുമയേയും പനിയാക്കി മാറ്റിയിരുന്നു. അടാരിയിൽ BSF ന്റെ ഒരാശുപത്രി കണ്ടു. അവിടെപ്പോയി എന്റെ ഐഡികാർഡ് കാണിച്ച് ചികിത്സ തേടി. ക്യാപ്റ്റൻ അമർജിത് സിംഗ് എന്ന മാന്യനായ ഡോക്ടർ പരിശോധിച്ച്, മൂന്നുദിവസത്തേക്കുള്ള ആന്റിബയോട്ടിക്സ് മരുന്നുതന്നു.

* * * * *

എട്ടുമണിയോടെ അമൃത്സറിൽ തന്നെ തിരിച്ചെത്തി. ചായയും ലഘുഭക്ഷണവും കഴിച്ച് 'സുവർണ്ണക്ഷേത്ര'ത്തിലേക്കുപോയി. ഈ ക്ഷേത്രം സ്ഥിതിചെയ്യുന്ന അമൃത്സർ, സിക്കുകാരുടെ പുണ്യഭൂമിയാണ് !

സ്വർണ്ണ പ്രഭയിൽ കുളിച്ചുനിൽക്കുന്ന ക്ഷേത്രത്തിന്റെ പ്രതിഫലനം, അതുസ്ഥിതിചെയ്യുന്ന തടാകത്തിൽ വ്യക്തമായി കാണാം. ഗുരുനാനാക്ക് സ്ഥാപിച്ച ഈ പുണ്യക്ഷേത്രം, പിൽക്കാലത്ത് താത്ക്കാലികമായെങ്കിലും, തീവ്രവാദികൾക്ക് ഇടത്താവളമാകുകയും, അതൊരു ഭരണാധികാരിയുടെ ദാരുണാന്ത്യത്തിൽ കലാശിക്കുകയും ചെയ്തത്, വിധി വൈപരീത്യം തന്നെ! ക്ഷേത്രമധ്യഭാഗത്തെ 'ഗുരുഗ്രന്ഥ സാഹിബാ' ണ് പ്രധാന ആരാധനാ കേന്ദ്രം !

വൃത്തിയായും വെടിപ്പായും വെച്ചിരിക്കുന്ന ക്ഷേത്രപരിസരത്ത് ഭക്തരും കാഴ്ചക്കാരുമായി ആയിരങ്ങൾ ഒഴുകി നടക്കുന്നു. എല്ലാമതവിഭാഗങ്ങൾക്കും ഇവിടെ പ്രവേശനാനുമതി ഉണ്ട്. ക്ഷേത്ര ആചാരങ്ങൾ പാലിക്കണമെന്ന് മാത്രം - ഇവിടെയെത്തുന്ന എല്ലാവർക്കും സമൃദ്ധവും രുചികരവുമായ ഭക്ഷണവുമുണ്ട്.

നിലത്തിരുന്നു ഭക്ഷണം കഴിക്കുമ്പോൾ എനിക്കുള്ള ശാരീരിക ബുദ്ധിമുട്ടുമൂലം ചപ്പാത്തിക്കായി ഒരു കൈ മാത്രം നീട്ടിയപ്പോൾ, രണ്ടുകൈകളും നീട്ടി മാത്രം അതുവാങ്ങണമെന്ന് പുരോഹിതൻ നിർദ്ദേശിച്ചത്, അന്നത്തോടുള്ള അവരുടെ ഭക്തിയേയും ശ്രദ്ധയേയും തിരിച്ചറിയുന്നതിന് എന്നെ സഹായിച്ചു!


അവിടെയെത്തുന്ന ആയിരങ്ങളുടെ ചെരുപ്പുകൾ തുടച്ചും, അവരുടെ പാത്രങ്ങൾ കഴുകിയും ക്ഷേത്രപരിസരം തൂത്തുവാരിയും ഇവിടെ അനവധിപേർ നിർവൃതികൊള്ളുന്നു! ഇവിടെ നടക്കുന്ന ശുചീകരണവും, ക്രമീകരണവും, അച്ചടക്കവും മനസ്സിൽ മാതൃകയാക്കേണ്ടതാണ്.

* * * * *

നമ്മുടെ സ്വാതന്ത്ര്യ സമരഗതികളെ മാറ്റിമറിച്ച ഒരു സംഭവമാണ് ജാലിയൻ വാലാബാഗിലെ കൂട്ടക്കൊല ! 1919 ഏപ്രിലിൽ, ജനറൽ റെജിനാൾഡ് ഡെയറുടെ കല്പന പ്രകാരം, ഇവിടെ തടിച്ചുകൂടിയ നിരായുധരായ സമരഭടന്മാർക്കെതിരെ, പ്രവേശനകവാടം അടച്ച് വെടിവെപ്പു നടത്തിയതും, 379 നിരപരാധികൾ കൊല്ലപ്പെട്ടതും, അന്നത്തെ രാഷ്ട്രീയ-സാമൂഹ്യ മണ്ഡലങ്ങളിൽ, ബ്രിട്ടീഷ് വിരോധം പതിന്മടങ്ങു വർദ്ധിക്കാനിടയാക്കി. ആ വെടിയുണ്ടകളുടെ അടയാളങ്ങൾ, ചരിത്ര സത്യമായി ഇന്നും അവിടത്തെ ചുവരുകളിൽ കിടക്കുന്നു. ആ നരനായാട്ടിന്റെ നിത്യസ്മാരകമായി ഒരു കിണറും അവിടെ സംരക്ഷിച്ചുവരുന്നുണ്ട്. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ആ ഹതഭാഗ്യരെ, ഒരു നിമിഷം ഓർക്കാതെ ആർക്കും അവിടെ നിന്ന് മടങ്ങാൻ കഴിയില്ല.

(തുടരും)

## കവിത



**പ്രസാദ് വാസുദേവൻ**
**ഷാർജ്ജ**
**00971529979496**

# മഴ തോർന്നപ്പോൾ

മഴ തോർന്ന മുറ്റം
മണ്ണിന്റെ ഗന്ധം
ദൂരെ വിരിയുന്നൂ,
പുലർകാല വെട്ടം.

അഴകുള്ള പുലരിയിൽ
അകലേന്ന് വീശിയ
ഒരു കുളിർ കാറ്റെന്നെ
അലസനാക്കി.

മണ്ണിലെ ഈർപ്പവും
വിണ്ണിലെ വെട്ടവും
പലതും കലർന്നൊരു
പൂതി നൽകി.

അലസമാം എന്നിലെ
മാനസമിത്രം അപ്പോൾ
പലകുറി ഭൂമിയെ ചുറ്റിവന്നു.


അവൻ കഥകൾ പറഞ്ഞു
പല കവിതകൾ പാടി
പലതും പലവഴി
പുഴ പോലൊഴുകി.

തലയിൽ തഴുകിയ
ഒരു കുളിർ കാറ്റെന്നെ
പെട്ടെന്നു തട്ടി തിരിച്ചുണർത്തി.

ഈ ഭൂമി സുന്ദരം
ഒരു കോടി വന്ദനം
ഞാനൊരു മെയ്പാറ്റ പോൽ
വിണ്ണിൽ പടർന്നു.

ചിറകിട്ടടിച്ചും
ചിതൽ പോൽ അരിച്ചും
ഈ മണ്ണും, ഈ വിണ്ണും
ആസ്വദിച്ചു.

# പാലക്കാട് നഗരത്തിലെ ഗതാഗത നിയന്ത്രണം അഴിയാക്കുരുക്കോ ?



ടി. വി. നാരായണൻ കുട്ടി
9446030344

**പാ**ലക്കാട്ടുനിന്ന് പ്രസിദ്ധീകരിക്കുന്ന പല ദിനപത്രങ്ങളിലും നഗരത്തിലെ ഗതാഗതക്കുരുക്കും, പാർക്കിങ് അഭാവവും, അഴുക്കുചാലിന്റെ ദുർഗ്ഗതിയും, റോഡുകളുടെ ശോചനീയാവസ്ഥയും, മാലിന്യ നിക്ഷേപങ്ങളുമെല്ലാം എഴുതാനും, ചർച്ച ചെയ്യാനുമെല്ലാം തുടങ്ങിയിട്ട് നാളേറെയായി. പക്ഷെ ഇതിന് ഉപകാരപ്രദമായൊരു നടപടി കൈക്കൊള്ളാൻ ഇതുവരെ അധികൃതർക്കായിട്ടില്ല. ഒരു കണക്കിൽ അവർ നിസ്സഹായരാണെന്ന് പറയാനാണെനിക്കിഷ്ടം. ഇത് രണ്ടും ചേരുമ്പോൾ പരിഹാരം വട്ടപ്പൂജ്യം.

മുൻകാലങ്ങളിലുണ്ടായ നഗര കേന്ദ്രീകൃത വികസനം തന്നെയാണ് ഇന്നും അധികാരികളുടെ ലക്ഷ്യം. ഇന്നത്തെ നിലയിൽ നഗരമാകട്ടെ റോഡുകളെക്കൊണ്ട് നിറഞ്ഞുകഴിഞ്ഞു. ഇനി പുതിയ റോഡുകൾ നിർമ്മിക്കാൻ പരിമിതികളേറെയാണ്. പിന്നെ ഒരാശ്രയമുള്ളത് മേല്പാലങ്ങളാണ്. ഇത് സാദ്ധ്യമാകണമെങ്കിൽ കച്ചവടക്കാർ സഹകരിക്കണം. ഇല്ലെങ്കിൽ വികസനത്തിന് തടയിടുന്നവർക്കെതിരെ നിലവിലെ നിയമമനുസരിച്ച് മുഖം നോക്കാതെ നടപടിയുണ്ടാകണം. ദേശീയപാത സ്ഥലമെടുപ്പിന് ധാരാളം പേരെ ഒഴിപ്പിക്കുന്നില്ലേ ? ഇതിന്നുള്ള ഇച്ഛാശക്തി അധികൃതർക്കുണ്ടാവണം. മാത്രമല്ല കച്ചവടക്കാരും കാര്യത്തിന്റെ ഗൗരവമനുസരിച്ച് സഹകരിക്കണം.

നഗരത്തിലെ ഇപ്പോഴത്തെ വാഹനസാന്ദ്രത കണക്കിലെടുക്കുമ്പോൾ നാലുവരിപ്പാതകൾ ഉണ്ടായേ മതിയാകൂ. ഇതിനുപകരം നിലവിലെ ഇരുവരി പാത സൗകര്യം ഉപയോഗപ്പെടുത്തി ഏത് തരം ക്രമീകരണം നടത്തിയാലും ഒന്നയയുമ്പോൾ മറ്റൊന്ന് മുറുകുന്ന അവസ്ഥയുണ്ടാകും.

1955 കാലഘട്ടത്തിൽ പത്തോ, പന്ത്രണ്ടോ ബസ്സുകൾ നിർത്തത്തക്ക രീതിയിലുള്ള ഒരു ബസ്സ്റ്റാന്റായിരുന്നു പാലക്കാട്ടുണ്ടായിരുന്നത്. അന്ന് വാഹനങ്ങളുടേയും, യാത്രക്കാരുടേയും എണ്ണം വളരെ പരിമിതമായിരുന്നു. അധികം താമസിയാതെ മുൻസിപ്പൽ ബസ് സ്റ്റാന്റ് പുതുക്കിപ്പണിതത് അന്ന് പ്രയോജനം ചെയ്തു. റെയിൽവേ ഗേറ്റ് ഉള്ളതിനാൽ ആ വഴിക്കും ഗതാഗത സാധ്യമായിരുന്നു. പിന്നീട് നിർമ്മിച്ച രണ്ട് ബസ് സ്റ്റാൻഡുകളും നഗരത്തിൽ തിരക്കുള്ള സ്ഥലങ്ങളിൽ തന്നെ ആയതാണ് പ്രശ്നം രൂക്ഷമാക്കിയത്. ഇങ്ങിനെ വരുമ്പോൾ ബസ്സുകൾക്ക് തിരക്കുള്ള നഗരപാതകളിൽ കൂടി ഓടേണ്ടിവരും. വാഹനസാന്ദ്രത കൂടുക കൂടി ചെയ്തപ്പോൾ അവക്കിടയിലൂടെയുള്ള ബസ്സുകളുടെ ഓട്ടം (പലതും മത്സരിച്ചോടുക പതിവാണ്) പ്രശ്നം വീണ്ടും വഷളാക്കി. ബസ്സ് സമരമുള്ള ദിവസങ്ങളിൽ നഗരത്തിൽ ഗതാഗത കുരുക്ക് കുറയുന്നതിൽ നിന്ന ബസ്സുകളാണ് ഇതിന് കാരണമെന്ന് മനസ്സിലാകും.

സ്റ്റേഡിയം സ്റ്റാന്റിലെ കവലയിലെ ഗതാഗത കുരുക്കിന്ന് ഒരു കാരണം സ്റ്റാന്റിലേക്ക് കടക്കാനും, പുറത്തേക്ക് വരാനുള്ളതുമായ വഴികൾ കവലയിലായതിനാലാണ്. ഇത് മാറ്റാൻ തയ്യാറായില്ലെങ്കിൽ മാതാകോവിൽ റോഡ് കഴിഞ്ഞ് ഹൃദയ ടാക്കീസ് വരേയും ബസ് സ്റ്റാന്റ് കവലയിൽ നിന്ന് തിരിഞ്ഞ് ഐ. എം. എ. കവലയിലേക്ക് പോകുന്ന റോഡിൽ ഏതാണ്ട് സ്റ്റേഡിയത്തിന്റെ മദ്ധ്യഭാഗം വരേയും മേൽപ്പാലം നിർമ്മിക്കണം. വളവുകളിൽ ഇതിനുള്ള സ്ഥലം യഥേഷ്ടം ലഭ്യമാണ്. ഇങ്ങിനെ പണിയുന്ന മേൽപ്പാലത്തിന് കവല കഴിഞ്ഞുള്ള പാലത്തിന്നായി ഇപ്പോഴത്തെ റോഡുകളുടെ മദ്ധ്യഭാഗമോ, ഏതെങ്കിലും ഒരു പകുതിയോ പ്രയോജനപ്പെടുത്താം. സ്റ്റാന്റിലേക്ക് വരുകയും പോവുകയും ചെയ്യുന്ന ബസ്സുകൾ മേല്പ്പാലത്തിന്നടിയിൽ കൂടിയും, പ്രാദേശിക വാഹനങ്ങൾ മേല്പ്പാലത്തിൽ കൂടിയും സഞ്ചരിക്കണം. കവലയിൽ ബസ്സുകൾ സുഗമമായി കടന്നുപോകുവാനുള്ള ഉയരം നൽകിയാൽ മതി. മേൽപ്പാലത്തിന് രണ്ടുവരി ആയാലും മതി. നിലവിലെ റോഡിൽ മേല്പ്പാലത്തിന്നുപയോഗിച്ച് അവശേഷിക്കുന്ന റോഡിലൂടെ ബസ്സുകൾക്ക് പോവുകയും ചെയ്യാം.

പാലക്കാട് നഗരത്തിലും നടുവിൽ മാത്രം തൂൺ സ്ഥാപിച്ച് രണ്ടുവശത്തേക്കും തള്ളിനിൽക്കുന്ന രീതിയിൽ ഒരു രണ്ടുവരി മേൽപ്പാലം പണിയാൻ ബുദ്ധിമുട്ടുണ്ടാവില്ലെന്നാണ് കരുതുന്നത്. കച്ചവടക്കാർ അല്പം സഹകരിക്കണം. മേല്പ്പാലത്തിന്നടിയിൽക്കൂടി ചെറുവാഹനങ്ങൾക്ക് (2 ചക്രം, 4 ചക്രം) പോകാനും സാധിക്കും. കോയമ്പത്തൂർ ഗാന്ധിപുരത്ത് ഇത്തരത്തിൽ മേൽപ്പാലം പണിതിട്ടുണ്ട്. അത് 4 വരിയാണ്. ഇവിടെ സ്ഥലപരിമിതി മൂലം രണ്ടുവരിയാക്കാവുന്നതാണ്. ഇതേപോലെ മിഷ്യൻ ഹൈസ്കൂൾ, ഐ. എം. എ. തുടങ്ങിയ കവലകളിലും മേൽപ്പാലം ആവശ്യമായി വരും. ചുരുക്കത്തിൽ നഗരത്തിലോടുന്ന മൊത്തം വാഹനങ്ങളെ രണ്ടായി വിഭജിക്കണമെന്നർത്ഥം. നഗരത്തിൽ കൂടിയുള്ള ബസ്സുകളുടെ ഓട്ടവും നിയന്ത്രിക്കണം.

ബസ് സ്റ്റാന്റുകൾ നഗരത്തിൽ നിന്ന് ഒന്ന്, ഒന്നര കിലോമീറ്റർ അകലേക്ക് മാറ്റണം. അവിടെ വരുന്നവർക്ക് ഓട്ടോ റിക്ഷകളെ ആശ്രയിക്കാം. ഇപ്പോൾ പലരും ബസ്സിറങ്ങുന്നതിനുമുമ്പ് തന്നെ ബന്ധുക്ക

ളെ ഫോണിൽ വിളിച്ച് വാഹനവുമായി എത്താൻ ഏർപ്പാടാക്കാറുമുണ്ടല്ലോ ?

പാതയോര കച്ചവടക്കാരെ മാറ്റി അവരെ സൗകര്യപ്രദമായ സ്ഥലത്ത് പുനരധിവസിപ്പിക്കാനുള്ള പദ്ധതികളും സമയബന്ധിതമായി നടപ്പാക്കണം. മേൽപ്പാലം പണിയുമ്പോൾ അവയ്ക്കിടയിൽ ഇവരെ ഗതാഗതതടസ്സമില്ലാതെ ഉൾക്കൊള്ളിക്കാൻ പറ്റുമെങ്കിൽ അക്കാര്യം ആലോചിക്കണം. അല്ലെങ്കിൽ വാഹനങ്ങളുടെ പാർക്കിങ്ങിന്ന് ഈ സ്ഥലം പ്രയോജനപ്പെടുത്താമെന്ന് തോന്നുന്നു. മുകളിൽ കൂടി ഗതാഗതം സാധ്യമാകുമ്പോൾ താഴെക്കൂടിയുള്ള വാഹനസാന്ദ്രത കുറയുകയും ചെയ്യുമല്ലോ ?

നഗരപരിഷ്ക്കരണത്തിന്റെ കാര്യത്തിൽ രാഷ്ട്രീയ വൈരാഗ്യങ്ങളും മറ്റു സങ്കുചിതതാല്പര്യങ്ങളും പാടെ ഉപേക്ഷിച്ച് ഒറ്റ മനസ്സോടെ സഹകരിക്കാൻ എല്ലാവരും തയ്യാറാകേണ്ടതും പരമപ്രധാനമായൊരു കാര്യമാണ്. മാലിന്യ സംസ്ക്കരണവും അവ നീക്കം ചെയ്യലും നഗരസഭയുടെ പ്രധാന കർത്തവ്യങ്ങളിലൊന്നാണ്. ഇതിന്ന് കച്ചവടക്കാരുടേയും, നാട്ടുകാരുടേയും സഹകരണം അത്യന്താപേക്ഷിതമാണ്. ഇതിനുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമുമ്പ് ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകളുടേയും വ്യക്തികളുടേയും അഭിപ്രായങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. നഗരങ്ങളിൽ അങ്ങിങ്ങായി മാലിന്യം ശേഖരിക്കാനുള്ള പെട്ടികൾ സ്ഥാപിച്ച്, ദിവസത്തിൽ രണ്ടുതവണയെങ്കിലും അത് നീക്കം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം. യാത്രക്കാർ ഈ സൗകര്യം പരമാവധി ഉപയോഗപ്പെടുത്താനും ശ്രദ്ധിക്കണം. ഇതൊരു ശീലമാക്കിയെടുത്താൽ കാര്യങ്ങൾ എളുപ്പത്തിലാവും. എന്ത് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുമ്പോഴും പ്രത്യേകിച്ച് മാസ്റ്റർ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഒരു 50 – 60 വർഷത്തെ വികസനം മുന്നിൽ കണ്ടുകൊണ്ട് വേണം നടപടി കൈക്കൊള്ളുവാൻ.

●



**ചെറിയാൻ തോട്ടുങ്കൽ**
**8281343742**


# നന്മ നിറഞ്ഞ കലാകാരന്മാർ

നന്മയുടെ ഉടമകളാണ് കലാകാരന്മാർ. ഈ കൂട്ടർ ഒരിക്കലും ധനികരാവുകയില്ല. സുഖാനുഭവങ്ങൾ അനുഭവിക്കുകയുമില്ല. യഥാർത്ഥത്തിൽ ഇവരുടെ ജീവിതം നരകതുല്യമാണ്. അതിന് പ്രേരിപ്പിക്കുന്നത് ഇവരുടെ ആത്മാർത്ഥത എന്നത് തന്നെ. തന്റെ കല എന്തുതന്നെയായാലും അതിന് ബോധപൂർവ്വം വിജയിപ്പിക്കുവാൻ ചിലപ്പോൾ പട്ടിണിയും കിടക്കേണ്ടിവരുന്നു. ഭക്ഷണം കഴിക്കണം എന്നുള്ള ചിന്തയിൽ നിന്ന് അകന്ന് താൻ ഉദ്ദേശിക്കുന്ന മട്ടിൽ രൂപഭാവം വരുത്തി തീർക്കുവാൻ വേണ്ടിയാണ് പട്ടിണി കിടക്കേണ്ട അവസ്ഥ ഭക്ഷണം ഇല്ലാഞ്ഞിട്ടല്ല. കലാകാരന്റെ കുടുംബജീവിതവും ഏറെകുറേ ഇതുപോലെ തന്നെ. തന്റെ പ്രതിഭകളെ മനോഹരമാക്കുന്നതിന് വേണ്ടിയും സമൂഹത്തിൽ പ്രയോജനപ്പെടുത്തുകയും വിജയിക്കാനും വേണ്ടി മാത്രമാണ് അഹോരാത്രം പണിപ്പെടുന്നത്. കലാപരമായിട്ടുള്ള എന്തുതന്നെയായാലും അതിന്റെ മിനുക്ക് പണി ഒരിക്കലും പൂർത്തിയായിട്ടില്ലെന്നുള്ള തോന്നലുകളാണ് വീണ്ടും വീണ്ടും ശ്രദ്ധ തന്നിലേക്ക് തന്നെ പതിയുന്നത്. ചിലരുടെ ജീവിതം തന്നെ ഒരു അഭിനയം പോലെ തന്നെയാണ്. അതുകൊണ്ടാണ് ജീവിതം ഒരു നാടകം തന്നെ എന്ന് പറയുന്നത്. കരയുന്ന ഹൃദയത്തിൽ നിന്നാണ് കാവ്യങ്ങൾ ഉത്ഭവിക്കുന്നത്. ഇത് എത്രമാത്രം ശരിയാണ്. ഏത് വിഷമഘട്ടത്തിലും അറിയാതെ മൂളിപ്പാടുന്നവർ ഉണ്ട്. എഴുതുവാൻ കഴിവുണ്ടെങ്കിലും അവതരണത്തിലാണ് വിജയം. കലാരൂപങ്ങൾ മെനയുന്നവർ തന്റെ മനസ്സിൽ കാണുന്ന സൃഷ്ടികർത്താക്കളുടെ ഭാവങ്ങൾ, വേഷങ്ങൾ, രൂപങ്ങൾ, നിറങ്ങൾ ഇതെല്ലാം നോമ്പ് നോറ്റവരുടെ മനസ്സുകൊണ്ട് കാണുന്നവരുടെ ഹൃദയത്തിൽ തട്ടുന്ന വിശ്വാസം ഊട്ടിയുറപ്പിക്കാൻ കലാകാരന്മാർക്ക് കഴിയുന്നു. അപ്പോൾ ദൈവസൃഷ്ടിയേക്കാൾ വിലപ്പെട്ട അനുഭവം ഉളവാക്കുന്ന കലാകാരന്മാരെ അല്ലേ ആദരിക്കേണ്ടത്. ഏത് ഭക്തനും അവരുടേതായ വിശ്വാസം നിലനിർത്തുവാൻ ഇത്തരം രൂപങ്ങൾക്ക് കഴിയുന്നു. ഏത് പ്രവൃത്തിയിലും ഒരു കലാബോധം ഒളിഞ്ഞിരിക്കുന്നു. ഒരു വ്യക്തി പ്രസംഗിക്കുമ്പോൾ അത് ഉൾക്കൊള്ളുന്നവർ വ്യക്തിയുടെ മനോഭാവം എന്താണോ അത് തന്നെയാണ് കല. വാക്ക് പ്രയോഗങ്ങൾ, തമാശകൾ, മറ്റുള്ളവരെ പൊട്ടിച്ചിരിപ്പിക്കാൻ കഴിയുക എന്നത് ഒരു കല തന്നെയാണ്. പാചകം നിസ്സാരമാണെന്ന് കരുതരുത്. ഒരു പ്രധാന കലയാണ് പാചകം. ഇതിന് പഠിപ്പ് ഒന്നും വേണമെന്നില്ല. വേണ്ട രീതിയിൽ മനസ്സിന്റെ തീരുമാനം എടുത്ത് പാചകം ചെയ്യാം. പാചകം പുസ്തകം നോക്കി പഠിച്ചാൽ അത് ശരിയാക

ണമെന്നില്ല. ഒരു കാർട്ടൂൺ ഒരുപക്ഷേ ഒരു പുസ്തകം വായിച്ച ഫലം കാണിക്കും. രണ്ടോ മൂന്നോ വരകൾ മതി ഒരു വലിയ ജീവിതം രൂപപ്പെടുത്തുവാൻ കഴിയും. ഇതാണ് ചിത്രം വരയുടെ കല എന്നുപറയുന്നത്. ഒരു കലാകാരനെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി സീറോ ആണെങ്കിലും സമൂഹത്തിൽ എന്നും എവിടേയും ഹീറോ ആയിരിക്കും ഏതൊരാളും അവനവന്റെ നാട്ടിലുള്ള കലാബോധമുള്ളവരെ പ്രോത്സാഹിപ്പിക്കണം. തെറ്റ് കുറ്റങ്ങൾ ഉണ്ടെങ്കിൽ ആക്ഷേപിക്കാതെ അവരുടെ വളർച്ചയെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് വേണ്ടത്. പലരും അന്യ സ്ഥലത്തുനിന്നും കലാകാരന്മാരെ ക്ഷണിച്ച് പരിപാടികൾ നടത്തുന്നവരുണ്ട്. ഒന്ന് മനസ്സിലാക്കുക അവരും ഇതുപോലെ പരാജയത്തിൽ കൂടി വന്നവരാണ്. വിജയസ്ഥാനത്ത് എത്തിയപ്പോൾ മറ്റ് സ്ഥലത്ത് പോയി പരിപാടികൾ നടത്തുന്നു. അതുകൊണ്ട് നമ്മുടെ നാട്ടിലുള്ളവരും അതുപോലെ ആകണമെങ്കിൽ നമ്മുടെ ശ്രദ്ധ നമ്മുടെ കലാകാരന്മാരോട് ഉണ്ടാകണം. ഓരോ നാട്ടിലും അഭിമാനമാണ് അവിടുത്തെ കലാകാരന്മാർ എന്നോർക്കുക.

■ആരോഗ്യം

# നിപ്പാ വൈറസ്സ്
## (Nipah Virus)



**ഡോ. സി. രാമകൃഷ്ണൻ**
**9447358663, 0491 2505521**

**നി**പ്പ വൈറസ്സ് കൊടുങ്കാറ്റ് കെട്ടടങ്ങി. ഈ കൊടുങ്കാറ്റിൽ 18 പേർക്ക് ജീവഹാനി സംഭവിച്ചു. സംശയകരമായി ആശുപത്രിയിൽ ചികിത്സ എടുത്ത നിരവധിപേർക്കും നിപ്പാ വൈറസ്സ് ബാധ ഏറ്റതായി സ്ഥിരീകരിക്കുവാൻ സാധിച്ചിട്ടില്ല. എന്തായാലും തക്കതായ മുൻകരുതലുകൾ എടുക്കുക മൂലം രോഗത്തെ നിയന്ത്രിക്കുവാൻ സാധിച്ചു. ലോകാരോഗ്യ സംഘടനയുടെ കാഴ്ച്ചപ്പാടിൽ നിപ്പാ വൈറസ്സിനെ നിയന്ത്രിക്കുവാനുള്ള മരുന്നുകൾ ഇല്ലെന്നാണ്. എങ്കിലും ഈ വൈറസ്സിനെ നിയന്ത്രിക്കുവാനുള്ള പ്രതിരോധ മരുന്നുകൾ ഹോമിയോപതിയിലുണ്ടെന്ന പ്രസ്താവനക്കെതിരായി ഈ മരുന്നുകൾ പ്രയോഗിക്കരുത് എന്നുള്ള ഉന്നത തലത്തിലുള്ള പ്രസ്താവനയും ഉണ്ടായി. ഇതിന്നിടയിൽ ഹോമിയോ മരുന്നുകൾ ഫലപ്രദം ചെയ്തുവെന്ന വാർത്തയും കേൾക്കുവാനിടയായി. നിപ്പാ വൈറസ്സിനെ സംബന്ധിച്ച് പ്രതിക്കൂട്ടിൽ നിന്നിരുന്ന വവ്വാലുകൾക്ക് ജാമ്യം നൽകി വെറുതെ വിടുകയും ചെയ്തു വ്യക്തമായ തെളിവുകൾ ലഭിക്കാത്ത കാരണത്താൽ.

വർഷങ്ങൾക്കുമുമ്പ് ഇതുപോലൊരു വൈറസ്സ് കൊടുങ്കാറ്റ് വീശിയിരുന്നു. അത് ഇൻഫ്ളുവൻസാ എന്ന രോഗമായിരുന്നു. പെട്ടെന്നായിരുന്നു ഇതിന്റേയും ആരംഭം. കുറേപേർക്ക് ജീവഹാനിയും സംഭവിച്ചു. തക്കസമയത്തുള്ള മുൻകരുതലുകളും മരുന്നുകളുടെ പ്രയോഗവും നിമിത്തം രോഗം നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു. ഹോമിയോ ചികിത്സ ഒരു പ്രധാന പങ്ക് വഹിക്കുകയും ചെയ്തു. ഹോമിയോപതിയിൽ ഇതിന് ഫലപ്രദമായ പ്രതിരോധ മരുന്നുകൾ ഉള്ളതു മനസ്സിലാക്കി അത് തക്ക സമയത്ത് പ്രയോഗിക്കുക മൂലം പ്രസ്തുത രോഗം നിയന്ത്രണവിധേയമായി. ഇതുപോലെത്തന്നെ ആന്ധ്രയിൽ നടമാടിയിരുന്ന എൻസഫലൈറ്റിസ് എന്ന രോഗം അപകടമായിത്തീർന്നതും പരീക്ഷണാർത്ഥം രണ്ടു ചികിത്സാ സംവിധാനത്തെ പ്രാവർത്തികമാക്കിയതും, അതിൽ മരണ നിരക്കു കൂടിയത് അലോപ്പതി ചികിത്സാ സംവിധാനത്തിലും, മരണ നിരക്കു കുറഞ്ഞത് ഹോമിയോ ചികിത്സാ സംവിധാനത്തിലും കാണുവാൻ സാധിച്ചു. പിന്നീട് പ്രസ്തുതരോഗം നിയന്ത്രണത്തിലായതും ഹോമിയോ ചികിത്സയിൽ കൂടിയായിരുന്നു. ബെല്ലഡോണ (Belladona), കാൽക്കേറിയാ കാർബ് (Calcarea Carb), ട്യൂബർകുല്ലിനം (Tubercullinum) ഈ മരുന്നുകളായിരുന്നു ഹോമിയോ ചികിത്സയിൽ ഉപയോഗിച്ചിരുന്നത്. ഇതെല്ലാം പ്രത്യക്ഷത്തിൽ നിരൂപിക്കപ്പെട്ട കാര്യങ്ങളാണ്.

ഹോമിയോ ചികിത്സ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല എന്നുപറഞ്ഞു പരത്തുന്നതിൽ എന്ത് ഔചിത്യമാണുള്ളത്. ആദ്യം ഈ ചികിത്സാ സംവിധാനത്തെപ്പറ്റി നല്ല വണ്ണം മനസ്സിലാക്കീട്ടുവേണം ഇതിനെപ്പറ്റിയുള്ള അഭിപ്രായം പറയേണ്ടത്. ഈ ചികിത്സാ സമ്പ്രദായത്തിന്റെ എ ബി സി ഡി പോലും അറിയാതെയും ഈ ചികിത്സാ സമ്പ്രദായത്തെപ്പറ്റി മനസ്സിലാക്കുവാൻ താല്പര്യമില്ലാത്തവരും ആയിരിക്കും വില കുറഞ്ഞ അഭിപ്രായങ്ങൾ പറഞ്ഞു പരത്തുക. പ്രത്യക്ഷത്തിൽ തെളിയിച്ച വസ്തുതകൾക്ക് ഉപരി ഇനി എന്ത് ശാസ്ത്രീയ തെളിവുകളാണ് വേണ്ടത് ? ഡെങ്കുപനിക്കും പകർച്ചപ്പനിക്കും ഹോമിയോ പ്രതിരോധ മരുന്നുകൾ പ്രയോഗിച്ചു വിജയം കണ്ടെത്തിയത് എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. പണ്ടത്തെ ഇൻഫ്ളുവെൻസ ഇപ്പോഴത്തെ വൈറൽ ഫീവറാണ്. പാലക്കാട്ടിൽ ഡെങ്കുപനി, പകർച്ചപ്പനി എന്നിവ പടർന്നു പിടിച്ചിരുന്ന സമയത്ത്, സ്ഥലത്തെ മുൻജില്ല കളക്ടർ ശ്രീമതി. മേരിക്കുട്ടി അവർകൾ സമയോചിത പത്ര പ്രസ്താവന ഇപ്രകാരം നടത്തുകയുണ്ടായി. “ഡെങ്കുപ്പനി, പകർച്ചപ്പനി

## ■ ആരോഗ്യം

ഇതിനെല്ലാം പ്രതിരോധ മരുന്നുകൾ ഹോമിയോപതിയിൽ ഉണ്ട്. ഇത് എല്ലാവരും കഴിച്ചിരിക്കണം" എന്നുള്ള പ്രസ്താവന ആയിരുന്നു. ഇതിന്നു ശേഷം മാത്രമാണ് ജനങ്ങൾക്ക് ബോധോദയം ഉണ്ടായതും മരുന്നുകൾ കഴിക്കുവാൻ തുടങ്ങിയതും ഇതിന്റെ ഗുണങ്ങൾ അനുഭവിക്കുവാൻ സാധിച്ചതും എല്ലാം. വൈറസ്സുകളാവട്ടെ, ബാക്ടീരിയകളാവട്ടെ, മറ്റേത് അണുബാധകളാവട്ടെ ഇവയെ എല്ലാം പ്രതിരോധിക്കുവാനുള്ള സംവിധാനങ്ങൾ നമ്മുടെ ശരീരത്തിന്നുണ്ട് (Defensive Mechanism). ഇത് നഷ്ടപ്പെടുമ്പോൾ മാത്രമാണ് നാം രോഗങ്ങൾക്ക് അടിമപ്പെടുന്നത്. ഇതെല്ലാം നേരത്തേ പ്രസ്താവിച്ചുകഴിഞ്ഞ കാര്യങ്ങളാണ്. വീണ്ടും ആവർത്തിച്ചു എന്നുമാത്രം. നിപ്പാ എൻസഫലൈറ്റിസ്, ഇൻഫ്ളുവൻസ ഈ രോഗങ്ങൾക്കെല്ലാം ഏകദേശം സമാന രോഗലക്ഷണങ്ങളാണ് പ്രകടിപ്പിക്കുന്നത്. കൊടുക്കുന്ന മരുന്നുകൾ പ്രതികരിക്കുന്നില്ലെങ്കിൽ അവസാന ഘട്ടത്തിൽ ന്യൂമോണിയ എന്ന രോഗത്തിന് അടിമപ്പെടുകയും മരണാവസ്ഥയിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു.

ഇപ്പോൾ കണ്ടുവരുന്ന രോഗങ്ങളെല്ലാം മുമ്പേ ഉള്ളതാണ്. പുതിയ പേരുകളിലാണ് ഇപ്പോൾ അറിയപ്പെടുന്നത് എന്നുമാത്രം. വൈറസ്സുകളെ തരം തിരിച്ചുള്ള മരുന്ന് പ്രയോഗങ്ങളാണ് ഇപ്പോൾ നടത്തി വരുന്നത്. പാത്തോളജിക്കൽ ടെസ്റ്റിന്നുള്ള നിർബന്ധബുദ്ധിയും നില നിൽക്കുന്നു. രോഗലക്ഷണങ്ങൾക്കുള്ള ചികിത്സ നടത്തുന്നതിന്നുപരി കാരണം കണ്ടുപിടിച്ചിട്ടുള്ള ചികിത്സക്കാണ് മുൻതൂക്കം നൽകുന്നത്. ഇവിടെയാണ് ഹോമിയോപതിക്കും മറ്റു ചികിത്സാ സംവിധാനങ്ങൾക്കും തമ്മിലുള്ള വ്യത്യാസം. ഹോമിയോപതി രോഗിയെ ചികിത്സിക്കുന്നു, മറ്റേത് രോഗത്തേയും. പ്രതിരോധ ശക്തി നില നിർത്തിക്കൊണ്ടുള്ള മരുന്നുകൾ മരുന്നായും പ്രതിരോധ ശക്തിയെ നശിപ്പിക്കുന്ന മരുന്നുകൾ വിഷത്തിനു തുല്യമായും നിരൂപിക്കാം. ●

## ■ മഹാത്മ



**ബിന്ദു. കെ**
**9446422321**

# ബാല്യവിവാഹം

**ഭാഗം 1**

**ഗാ**ന്ധിജിയുടെ ചെറുപ്പക്കാലത്ത് ബാല്യവിവാഹം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പതിമൂന്നാം വയസ്സിൽ കസ്തൂർബയെ വിവാഹം കഴിക്കേണ്ടിവന്നു. കത്ത്യാവാറിൽ വിവാഹ നിശ്ചയം, വിവാഹം എന്നീ രണ്ടുപ്രത്യേക ചടങ്ങുകൾ ഉണ്ട്. വിവാഹ നിശ്ചയം ആണിന്റേയും പെണ്ണിന്റേയും മാതാപിതാക്കൾ വിവാഹത്തെപ്പറ്റി നടത്തുന്ന പ്രാഥമിക വാഗ്ദാനമാണ്. അത് ലംഘിച്ചുകൂടായ്കയില്ല. ആൺകുട്ടി മരിച്ചാൽ പെൺകുട്ടി വിധവയാവുകയുമില്ല. അത് കുട്ടികളുടെ രക്ഷകർത്താക്കൾ തമ്മിൽ മാത്രമുള്ള ഉടമ്പടിയാണ്. വിവാഹിതരാകേണ്ട കുട്ടികൾക്ക് അതിൽ കാര്യമില്ല. പലപ്പോഴും അതവരെ അറിയിക്കാറുമില്ല. ഗാന്ധിജി അറിയാതെ ഗാന്ധിജിക്കായി മൂന്നു വിവാഹ നിശ്ചയം നടന്നിരുന്നു. നിശ്ചയിക്കപ്പെട്ട ആദ്യത്തെ രണ്ടു പെൺകുട്ടികൾ വഴിക്കു വഴിയെ മരിച്ചുപോയിരുന്നു. അദ്ദേഹത്തിന്റെ ഏഴാം വയസ്സിൽ മൂന്നാം വിവാഹനിശ്ചയം നടന്നതായി അദ്ദേഹത്തിന് ചെറിയ ഓർമ്മയുണ്ട്. പക്ഷെ അതേപ്പറ്റി ഗാന്ധിജിയെ അറിയിച്ചിരുന്നതായി അദ്ദേഹത്തിന് ഓർമ്മയില്ല.

ഗാന്ധിജിയുടെ മൂത്ത സഹോദരന്റെ വിവാഹം നേരത്തേ കഴിഞ്ഞിരുന്നു. ഗാന്ധിജിയേക്കാൾ രണ്ടുവയസ്സധികമുള്ള രണ്ടാമത്തെ ഏട്ടന്റേയും ഏതാണ്ട് ഒരു വയസ്സധികമുള്ള മച്ചുനന്റെയും (Cousin) ഗാന്ധിജിയുടേയും വിവാഹം ഒരുമിച്ചു നടത്താനാണ് കാരണവന്മാർ നിശ്ചയിച്ചത്. അങ്ങനെ ചെയ്തപ്പോൾ ഈ സഹോദരന്മാരുടെ നന്മയോ ഇഷ്ടമോ പരിഗണിക്കപ്പെട്ടില്ല. മുതിർന്നവരുടെ സൗകര്യവും സാമ്പത്തികലാഭവും മാത്രമേ നോക്കിയുള്ളൂ.

ഹിന്ദുക്കളുടെ വിവാഹം നിസ്സാരകാര്യമല്ല. വധുവിന്റേയും വരന്റേയും മാതാപിതാക്കൾ അതുമൂലം പാപ്പരാകാറുണ്ട്. അവർ അതിനായി പണവും സമയവും ദുർവ്യയം ചെയ്യുന്നു. ഒരുക്കങ്ങൾക്കായി മാസങ്ങൾ തന്നെ എടുക്കുന്നു. വസ്ത്രങ്ങളും ആഭരണങ്ങളും ഉണ്ടാക്കിക്കാനും സദ്യക്കുള്ള ചെലവു കണക്കാക്കാനും മറ്റും. വിഭവങ്ങളുടെ ആധിക്യത്തിലും വൈവിധ്യത്തിലും ഓരോരുത്തരും മറ്റുള്ളവരെ പിന്നിലാക്കാൻ നോക്കുന്നു. സ്ത്രീകളാവട്ടെ, സ്വരം നല്ലതാണെങ്കിലും അല്ലെങ്കിലും ഒച്ചയടയ്ക്കും വരെ പാടിപ്പാടി ചിലപ്പോൾ രോഗഗ്രസ്തരാകുകയും അയൽക്കാരെ ശല്യപ്പെടുത്തുകയും ചെയ്യുന്നു. അയൽക്കാർ എന്തെല്ലാം സഹിക്കുന്നു ! ഒച്ചയും ബഹളവും സദ്യയുടെ അവശിഷ്ടങ്ങളായ അഴുക്കും എച്ചിലും മറ്റും. തങ്ങൾക്കും ഇങ്ങനെയൊക്കെ ഒരിക്കൽ ശല്യപ്പെടുത്തേണ്ടി വരുമെന്നോർത്ത് അവർ നിശ്ശബ്ദം സഹിക്കുന്നു.

ഈ ശല്യങ്ങളെല്ലാം ഒരുമിച്ച് ഒരേസമയം തീർക്കുന്നതാണ് നല്ലതെന്ന് അവരുടെ രക്ഷകർത്താക്കൾ കരുതി. കുറഞ്ഞ ചെലവും വലിയ ആഘോഷവും ! മൂന്നു തവണ ചെലവഴിക്കുന്നതിനുപകരം യഥേഷ്ടം ചെലവാക്കാമല്ലോ. ഗാന്ധിജിയുടെ അച്ഛനും പേരപ്പനും വൃദ്ധരായിരുന്നു. അവർക്ക്, വിവാഹം കഴിക്കേണ്ട അവസാനത്തെ മക്കളായിരുന്നു ഈ മൂന്നുപേർ. അതുകൊണ്ട് ഈ ചടങ്ങുകൾ ഏറ്റവും നല്ലതാക്കാൻ അവർ ആഗ്രഹിച്ചിരിക്കാം.

ഈ ഒരുക്കങ്ങളിൽ നിന്നാണ് വരാൻ പോകുന്ന സംഭവത്തിന്റെ മുന്നറിയിപ്പ് ഈ മൂന്നുപേർക്കും കിട്ടിയത്. ഉടുക്കാൻ നല്ല വസ്ത്രങ്ങൾ, വാദ്യമേളം, വിവാഹ ഘോഷയാത്രകൾ, നല്ല സദ്യ, കളിക്കൂട്ടിന് അപരിചിതയായ ഒരു പെൺകുട്ടി – ഈ സാധ്യതകൾക്കപ്പുറം എന്തെങ്കിലും അതുകൊണ്ട് ഗാന്ധിജിക്ക് അനുഭവപ്പെട്ടതായി തോന്നിയില്ല. വിവാഹത്തിന് ഏട്ടനേയും ഗാന്ധിജിയേയും രാജ്കോട്ടിൽ നിന്ന് പോർബന്തറിലേക്ക് കൊണ്ടുപോയി. മഞ്ഞൾ അരച്ച് ദേഹം മുഴുവൻ പൂശുക പോലുള്ള രസകരമായ ചടങ്ങുകളുണ്ടായിരുന്നു.

(തുടരും)



**വിനോദ് കുമാർ ദാമോദർ**
**7736208463, 8086653199**

# സ്റ്റർലൈറ്റ് കോപ്പർ ഫാക്ടറി നിയമയുദ്ധത്തിലേയ്ക്ക് നീങ്ങുമോ ?

**ത**മിഴ്നാട്ടിലേ സ്റ്റർലൈറ്റ് കോപ്പർ ഫാക്ടറി വൻവിവാദങ്ങൾക്കൊടുവിൽ അടച്ചുപൂട്ടുവാൻ ഉത്തരവിറക്കിക്കൊണ്ട് തമിഴ്നാട് പരിസ്ഥിതി, വനം ഡിപ്പാർട്ടുമെന്റ്, ഫാക്ടറി മാനേജുമെന്റിന് രണ്ടു പേജിലുള്ള ഉത്തരവ് കൈമാറി.

തമിഴ്നാട്ടിലെ തൂത്തുക്കുടിയിലെ ഈ ഫാക്ടറി അടച്ചുപൂട്ടുവാനാണീ ഉത്തരവിലൂടെ തമിഴ്നാട് സർക്കാർ കമ്പനി അധികൃതർക്ക് വിവരം നൽകിയത്. കമ്പനി അടച്ചുപൂട്ടുവാൻ തീരുമാനമെടുത്തെന്നാണ് തമിഴ്നാട് സർക്കാറിന്റെ നിലപാട്.

ഇരുപത് വർഷമായി കമ്പനി സ്ഥിതി ചെയ്യുന്ന മേഖലയിൽ ജലമലിനീകരണത്തിനെ പറ്റിയുള്ള പരാതി നിലനിന്നിരുന്നുവെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. എന്നാൽ മെയ് മാസത്തിലാണാദ്യമായി ഈ സമരം ഇത്രയും രുദ്രാക്ഷമായതും ഇപ്പോഴത്തെ സ്ഥിതിയിലെത്തിയതും. 2018 ഏപ്രിൽ 9ന് തന്നെ തമിഴ്നാട് പൊല്യൂഷൻ, കൺട്രോൾ ബോർഡ് സാറ്റലൈറ്റ് കോപ്പർ തുടർന്ന് പ്രവർത്തിയ്ക്കാൻ സമ്മതപത്രം നിഷേധിച്ചിരുന്നു.

വാട്ടർ ആക്ട് സെക്ഷൻ 18 (1) (b) ജലനിയമം 1974 അനുസരിച്ച് തമിഴ്നാട് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിയമത്തിലൂടെയാണിത് നിഷേധിച്ചത്.

ഇതനുസരിച്ച് സാറ്റലൈറ്റ് കോപ്പർ ഉടമസ്ഥരായ വെഡീലിറ്റ് ലിമിറ്റഡിന് 2018 ഏപ്രിലിൽ നൽകിയ വിസമ്മതവും നിലനിൽക്കുന്നുണ്ട്. എന്നാൽ കമ്പനിയുടെ നിലപാട് തികച്ചും വ്യത്യസ്തമാണ്. പരിസ്ഥിതി, ജലം എന്നിവ സംരക്ഷിക്കുവാൻ നമ്മുടെ നാട്ടിൽ കഴിയുന്ന തരത്തിലെല്ലാം ചെയ്തിട്ടുണ്ടെന്നവർ വാദിയ്ക്കുന്നു.

അവരുടെ സ്ഥാപനം പ്രത്യക്ഷമായും പരോക്ഷമായും 35000 പേർക്ക് ജോലി നൽകുന്നുണ്ട്. മാത്രവുമല്ല തൂത്തുക്കുടി മേഖലയേ തന്നെ കമ്പനിയുടെ പ്രവർത്തനം വികസിപ്പിക്കുന്നുണ്ടെന്ന് അവർ പറയുന്നു. എന്തുതന്നെയായാലും ഇതൊരു വൻ നിയമ പോരാട്ടത്തിലെത്തും. ●



**ടി. ജെ. നായർ**
**9446630412**

# വെട്ടും തടവും

**സാ**ധാരണ നമ്മുടെ നാട്ടിൽ നാം കാണുന്ന ഒരു പട്ടാളക്കാരനല്ല, അദ്ദേഹം യുദ്ധക്കളത്തിൽ എത്തിയാൽ. അധികാരം കൈയിൽ കിട്ടുമ്പോൾ ഏവരുടേയും ഉള്ളിലെ അസുരഭാവം മൃഗീയമായി അത്യുത്സാഹത്തോടെ സട കുടഞ്ഞെഴുന്നേൽക്കുന്നത് മനുഷ്യസഹജമാണ്. നിത്യജീവിതത്തിൽ നാം ഒരുവനെ കൊന്നാൽ അത് കൊലപാതകമായി. കാര്യകാരണങ്ങൾ തീരുമാനിക്കുവാൻ കോടതിയും ഉണ്ടല്ലോ.

എന്നാൽ യുദ്ധക്കളത്തിൽ ആയിരക്കണക്കിൽ ശത്രുക്കളെ അരിഞ്ഞുവീഴ്ത്തിയാലും ചുട്ടുകൊന്നാലും അതിന് ലഭിക്കുന്നത് അഭിനന്ദനങ്ങളും വീരചക്ര പതക്കങ്ങളുമാണല്ലോ ! അതിന് നാം വീരശൂര പരാക്രമികളായ നമ്മുടെ സൈന്യത്തെ കുറ്റം പറഞ്ഞിട്ടുകാര്യമില്ല. നാം കൊടുക്കുന്ന പരിശീലനമാണ് അവരെ എല്ലാറ്റിനും പ്രേരിപ്പിക്കുന്നത്. പഠിച്ചതൊന്നും തന്നെ ആരും ഒരിയ്ക്കലും മറക്കരുത്. അവസരോചിതമായി അത് പ്രയോഗിക്കുകയും വേണം. 'വിദ്യാധനം സർവ്വധനാൽ പ്രധാനം'.

വിദേശരാജ്യങ്ങളിൽ ഈ പരിശീലനത്തിന് 'Besting' എന്നുപറയും. ഭാഷ ഏതായാലും വിഷയം ഒന്നുതന്നെ. എതിരാളികളെ ക്രൂരമായി കൈകാര്യം ചെയ്യുവാനുള്ള ഈ ട്രെയിനിങ്ങ് പല പേരുകളിലും, പല രീതികളുമായി ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ഉണ്ട്. ഇന്ന് ആരും ആരേക്കാളും മോശമല്ല. മനുഷ്യനും മനുഷ്യത്വത്തിനും വിലയില്ലാതാകുകയാണോ ?

നമ്മുടെ ലക്ഷ്യം എന്തുമായിരിക്കട്ടെ - അത് വളരെ ഉന്നതമായിരിക്കണം. എല്ലാം കേട്ടറിയുമ്പോൾ ഭാവി തലമുറ നമ്മെ അനുമോദിക്കണം. കയറിപ്പറ്റുവാൻ വളരെ പ്രയാസമാണ് എന്ന് പലരും പ്രവചിച്ചേക്കാം. അത് കേട്ട് ഒരിക്കലും മനസ്സ് തളരരുത്. ലക്ഷ്യത്തിൽ ഉറച്ചുനിൽക്കുക, മനശക്തിയാണ് വലുത്. ലക്ഷ്യത്തിലെത്താൻ നമ്മെ നയിക്കുന്നത്, തളരാത്ത മനസ്സാണ്. അങ്ങിനെ ഒരു മനസ്സുണ്ടായാൽ മാത്രം മതി, വിചാരിച്ച കാര്യങ്ങൾ നേടിയെടുക്കാം, നേടിയെടുക്കണം. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന ആപ്തവാക്യം പോലെ തൊഴിലെന്തായാലും അഭിമാനപൂരിതമാകണം - ഉള്ളവും ഉടലും - ജീവിച്ചിരിക്കുമ്പോഴും മരണാനന്തരവും. ●

# കാക്കയ്ക്ക് വായപ്പുണ്ണ്!

**മാമ്പള്ളം വിജയൻ****
**9448312631, 9444540631**

**മാ**ളുവിനോടൊപ്പം കടയിൽ മിഠായി വാങ്ങാൻ നിൽക്കുകയായിരുന്നു. സമീപത്ത് ഒരു ആൺകുട്ടി, അതിനടുത്ത് ഒക്കത്തൊരു കൈക്കുഞ്ഞുമായി ഒരു സ്ത്രീ. കുട്ടികൾ രണ്ടിന്റേയും വായ്ക്കോണിൽ തൊലിപൊട്ടി ചുവപ്പുവെള്ള നിറത്തിൽ ചെറിയ വ്രണങ്ങൾ. കലശലായ Angular Cheilitis ന്റെ ലക്ഷണമാണ്. ഇലക്കറികൾ ധാരാളം കഴിക്കുന്ന കൂട്ടത്തിലാണ് ആന്ധ്രയിലുള്ളവർ. എന്നിട്ടും ഇതെങ്ങിനെ സംഭവിച്ചു എന്നയാൾ അത്ഭുതപ്പെട്ടു. ഒരു പക്ഷേ കുട്ടികൾ ഇലക്കറികളും പച്ചക്കറികളും കഴിക്കുന്നുണ്ടാവില്ല. അല്ലെങ്കിൽ വെപ്പും തീനുമൊക്കെ തുലോം കമ്മിയായിരിക്കാം; പിന്നെ പോഷകാഹാരക്കുറവ് ആരുടേയും കുത്തകയൊന്നുമല്ലല്ലോ.

മാളുവിന് മിഠായി കൊടുത്തത് ആ പയ്യൻ അല്പം ആർത്തിയോടെ നോക്കുന്നത് അവളും ശ്രദ്ധിച്ചു. അഞ്ചു മിഠായി മേടിച്ചതിൽ രണ്ടെണ്ണം മാളു ആ കുട്ടിക്കു കൊടുത്തു. അവൾ അങ്ങിനെയാണ്, വല്ലാത്ത ദാനശീലമുള്ള കുട്ടിയാണെന്ന് സുഹൃത്തുക്കൾ പറയും. വീട്ടിലേക്ക് നടക്കുമ്പോൾ അവളുടെ ചോദ്യം : "അച്ഛാ ആ ബോയ് ന്റെ വായിലെങ്ങനെ പുണ്ണന്നൂ ?" പുണ്ണ് വന്നു എന്ന് രണ്ട് വാക്കുകൾ ചേർത്ത് പുണ്ണന്നു എന്നാണ് മാളു പറയാറ്.

"അതേയ്, ആ കുട്ടികള് ചീരയും
വെജിറ്റബിളും ഒന്നും
തിന്ന്ണ്ടാവില്ല."
"ചീര തിന്നാണ്ടിര്ന്നാ വായീല്
പുണ്ണരുഓ?"
"പിന്നല്ലാണ്ട്"
"അപ്പോ നറയെ ചീര തിന്നണം
ല്ലച്ഛാ ?"
"തന്നെ തന്നെ"
"പോപ്പെനേ പോലെ ല്ലച്ഛാ?"
"തന്നെ തന്നെ"

മാളുവിനെ ചീര തിന്നാൻ പ്രേരിപ്പിച്ചത് പോപ്പെ എന്ന കാർട്ടൂൺ കഥാപാത്രമാണ്. അദ്ദേഹം അത്യാസന്നഘട്ടത്തിൽ ഒരു ടിൻ ചീര തിന്നുകയും ഉടൻതന്നെ അസാമാന്യമായ ശക്തിപ്രാപിക്കുകയും എതിരാളികളെ മലർത്തിയടിക്കുകയും ചെയ്യുന്നത് അവൾ നിത്യം ടി. വി. യിൽ കാണുന്ന കാര്യമാണ്. അമ്മ ചീര കൂട്ടി ചോറൂട്ടുമ്പോൾ ഇടക്കിടെ അവൾ ഒരുരുള തിന്നശേഷം കൊച്ചു കയ്യിലെ മസിൽ കാണിച്ച് "അച്ഛാ ബലം വന്നാ നോക്ക്" എന്ന് പറയാറുണ്ട്. അയാൾ കൈയിൽ തൊട്ടു നോക്കിയിട്ട് "അമ്മോ എന്തു ബലം!" എന്ന് അതിശയം പ്രകടിപ്പിക്കാറുമുണ്ട്. ചീര തിന്നുന്നതിന് അതിൽപരം പ്രോത്സാഹനമെന്തുവേണം.

ഒരാഴ്ച കഴിഞ്ഞ് ഒരുദിവസം രാവിലെ ബാൾക്കണിയിൽ മാളു ആരോടോ സംസാരിക്കുന്നത് കേട്ടു പതുക്കെ വാതിൽ മറഞ്ഞുനിന്നു ശ്രദ്ധിച്ചു. തുണിയുണക്കാനുള്ള കമ്പിയിൽ ഇരിക്കുന്ന ഒരു കാക്കയോടാണ് അവൾ സംസാരിക്കുന്നത്. സമീപത്ത് ഒരു കാക്കക്കുഞ്ഞും ഇരിപ്പുണ്ട്. അതിന്റെ വായ്കോണിൽ ചുവന്ന നിറം ശ്രദ്ധേയമാണ്. അവൾ പറയുകയാണ്.

"നിന്റെ ബേബി ക്രോവിന്റെ വായില് പുണ്ണന്നത് കണ്ടാ. ചീര തിന്നാണ്ടിര്ന്നാ പുണ്ണേരും. നിന്റെ ബേബി ക്രോ പാവല്ലെ. അതിന് നറയെ ചീരയും വിജിറ്റേബ്ലും ഒക്കെ കൊടുക്കണംട്ടാ...!"

തള്ളക്കാക്കയും കാക്കക്കുഞ്ഞും മാളുവിന്റെ നിർദ്ദേശങ്ങൾ മനസ്സിലാക്കിയ ഭാവമില്ല. അതവൾക്ക് പ്രശ്നമല്ല. അവൾ പറയാനുള്ളത് പറഞ്ഞു. അത്രതന്നെ. പക്ഷിക്കുഞ്ഞുങ്ങളുടെ വായ ചുവന്നിരിക്കുന്നതിനെപ്പറ്റി വലിയ ഗവേഷണമൊക്കെ[1,2] നടന്നിട്ടുണ്ട്. ചാരനിറമുള്ള കൂടിന്റെ പശ്ചാത്തലത്തിൽ അതുപോലെ ചാരനിറത്തിലുള്ള പക്ഷിക്കുഞ്ഞുങ്ങൾ പരശ്രദ്ധ ഒട്ടും ആകർഷിക്കാനിടയില്ല. അത് ശത്രുക്കളിൽ നിന്നും രക്ഷക്ക് ഉതകും. എന്നാൽ കുഞ്ഞുങ്ങൾക്ക് ഭക്ഷണവുമായി വരുന്ന തള്ളയുടെ ശ്രദ്ധ ആകർഷിച്ചില്ലെങ്കിൽ പട്ടിണികിടന്നു ചത്തുപോകാൻ എളുപ്പമാണ്. ഇക്കാരണത്താൽ തുറന്ന കൂടുകളിലെ പക്ഷിക്കുഞ്ഞുങ്ങളുടെ വായ മഞ്ഞ, ഓറഞ്ച്, ചുവപ്പ് രാശികളാൽ അലംകൃതമാകുന്നു. ഇത് പരിണാമവഴിയിൽ നേടിയൊരു സർവൈവൽ സ്റ്റ്രാറ്റജി ആണെന്ന് മാളുവിനെ എങ്ങിനെ പറഞ്ഞുമനസ്സിലാക്കാൻ?

ഇത്തരം സ്റ്റ്രാറ്റജികളുടെ അഭാവത്തിൽ എത്രയെത്ര ജീവികളാണ് ഭൂമിയിൽ കുറ്റിയറ്റുപോയതെന്ന് അയാൾ ഓർത്തു. എന്നാൽ മാളുവും ഇന്ന് നിലവിലുള്ള മറ്റു ജീവികളെപ്പോലെ നിരവധി സ്റ്റ്രാറ്റജികൾക്കുടമയാണല്ലോ എന്ന കാര്യം അയാൾ ഒട്ടും ഓർത്തില്ല. കരയുന്ന കുട്ടിക്കേ പാലുള്ളു എന്ന പഴഞ്ചൊല്ല് പിറന്ന നിമിഷം തൊട്ട് അന്വർത്ഥമാക്കുന്നതിൽ മാളു എന്നും ഒരുപടി മുന്നിലായിരുന്നു എന്ന സംഗതി അയാളേക്കാൾ അവളുടെ അമ്മയ്ക്കല്ലേ അറിയൂ.


**കുറിപ്പുകൾ**

** സംശയം വേണ്ടാ, കെ. വിജയകുമാരൻ തന്നെ. ഒഴുക്കിലകപ്പെട്ട ഒതളങ്ങയ്ക്ക് ഓർക്കാപ്പുറത്ത് ഒരു ബോധോദയം. ഡിമെൻഷിയ ബാധിച്ച് ഏതെങ്കിലും അജ്ഞാതതീരത്തടിയും മുമ്പ് തന്റെ ഉത്ഭവത്തിന്റെ ഒരു ജ്യോഗ്രാഫിക് ഇൻഡെക്സ് ശിരസിൽ ചാർത്തിക്കളയാം എന്നുതോന്നി. പ്രിയ വായനക്കാരേ, നിങ്ങളിനിയുമെന്തൊക്കെ സഹിക്കണം !

1. F. Gotmark and M. Ahlstrom, (1997) Parental preference for red mouth of chicks in a songbird, Proc. R. Soc. Lond. B. 264, 959-962.

2. Jesus M. Aviles, Tomas Perez-Contreras, Carlos Navarro, and Juan J. Soler, (2008) Dark Nests and Conspicuousness in Color Patterns of Nestlings of Altricial Birds, The American Naturalist Vol. 171, No. 3.

ഭാസ്ക്കരൻ പൂവത്തിങ്കൽ
0466 2230274



# തിരുക്കുറലിന്റെ സമകാലീന സാംഗത്യം

## ജാതി, മത, വർഗ്ഗ, കക്ഷി രാഷ്ട്രീയ ഭേദമില്ലാത്ത ഒരപഗ്രഥന ഗ്രന്ഥം

**തി**രുവള്ളുവരുടെ തിരുക്കുറൽ ആധാരമാക്കി രചിച്ച പുസ്തകം വായിച്ചുകഴിഞ്ഞപ്പോൾ വയസ്സനായ എനിക്കുപോലും പ്രതികരണത്തിന്റെ പ്രകാശകിരണങ്ങൾ ഉള്ളിൽ വെട്ടിത്തിളങ്ങുന്നതുപോലെ തോന്നി. 'വീണ പൂവ്' കണ്ട് വേദനിക്കുന്ന മഹാകവി കുമാരനാശാനെപ്പോലെ, ഭാരതത്തിലെ, വിശിഷ്യാ കേരളത്തിലെ 'പൊതുജനമാകുന്ന കഴുത' കളെക്കുറിച്ച് വേദനിക്കുന്ന അങ്ങയെ ഹൃദയ കോവിലിൽ പ്രതിഷ്ഠിച്ച് ഞാൻ ആരാധിക്കുന്നു.

സ്വാതന്ത്ര്യം കിട്ടി 73 വർഷങ്ങൾ കഴിഞ്ഞിട്ടും മൊത്തം സമ്പത്തിന്റെ 73 ശതമാനം കൈയ്യടക്കി വെച്ചിരിക്കുന്ന ഒരു ശതമാനം ധനികരുടെ കാൽച്ചുവട്ടിൽ, ജനാധിപത്യ വ്യവസ്ഥിതിയിൽ ഭരിക്കുന്നവരുടെ പാപങ്ങളേറ്റുവാങ്ങി, ബാക്കി സമ്പത്തിന്റെ 23 ശതമാനം വീതിച്ചുകിടന്നുപിടയുന്ന 99% ജനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ, ഹൃദയ സ്പർശിയായ രീതിയിൽ, തിരുക്കുറലിന്റെ അപഗ്രഥനത്തിലൂടെ, വളച്ചുകെട്ടില്ലാതെ സത്യം ഉച്ചത്തിൽ വിളിച്ചുപറയുന്ന അങ്ങയുടെ ഉൾക്കരുത്ത് ശ്ലാഘനീയമെന്ന് പറയട്ടെ.

ജാതി, മത, വർഗ്ഗങ്ങളെ കൂട്ടുപിടിച്ച്, ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികൾ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ, പ്രപഞ്ചത്തേയും പ്രകൃതിയേയും എല്ലാ ജീവജാലങ്ങളേയും ഒരുപോലെ സ്നേഹിക്കുന്ന മനുഷ്യത്വമുള്ളവർക്ക് വേദനയോടെ മാത്രമേ കാണാൻ കഴിയൂ. രാഷ്ട്രീയ സ്വാധീനത്തിന്റെ പിൻബലത്താൽ അഴിമതി നടത്തുന്ന ഭരണയന്ത്രവും, ഭരിക്കുന്നവരുടെ ജനാധിപത്യ വിരുദ്ധമായ സ്വജനപക്ഷപാതവും അരങ്ങുതകർത്താടുമ്പോൾ, താഴെക്കിടയിലുള്ള ആദിവാസികളേയും, അധഃകൃതരേയും കുറിച്ചുള്ള 'മുതലക്കണ്ണീർ' പൊഴിക്കൽ മുഖം മൂടി രാഷ്ട്രീയത്തിന്റെ മുതൽക്കൂട്ടുകൾ മാത്രം. തദ്ദേശീയമായും ജപ്പാൻ സഹായത്തോടേയും അട്ടപ്പാടിയിൽ ചിലവഴിച്ച കോടികൾ ആദിവാസികളുടെ ഉന്നമനത്തിന് ഉപകരിച്ചുവോ? എന്നത് കേരളം ഭരിച്ച എല്ലാവരും ആത്മപരിശോധന നടത്തേണ്ടതാണ്.

വിദ്യാഭ്യാസമില്ലാത്തവനെ പിടിച്ച് മന്ത്രിയാക്കിയാൽ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ഉണ്ടാകുന്ന ദൂഷ്യ ഫലങ്ങൾ, അധികാരം കിട്ടിയ ശേഷം വിവരക്കേടുകൾ വിളിച്ചുപറയുന്ന കയ്യടി പ്രസംഗങ്ങൾ പത്രങ്ങളിലൂടേയും ദൃശ്യമാദ്ധ്യമങ്ങളിലൂടേയും നിത്യേന പൊതുജനം അറിയുന്ന കാര്യങ്ങളാണ്. വറ്റിവരണ്ട നദികളും, ഇടിച്ചുനിരപ്പാക്കിയ മലകളും, ഫലഭൂയിഷ്ടമായിരുന്ന നെൽപ്പാടങ്ങൾ നികത്തി കോൺക്രീറ്റ് സൗധങ്ങൾ ഉയർന്നതും ഇവിടെ ഭരണമില്ലാത്ത കാലത്ത് സംഭവിച്ചതാണോ? സമകാലീന സംഭവങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഗ്രന്ഥകർത്താവിന്റെ വിമർശനങ്ങൾ സന്മനസ്സോടെ മാന്യവായനക്കാർ ഉൾക്കൊള്ളണം. 'ദീപസ്തംഭം മഹാശ്ചര്യം, എനിക്കും കിട്ടണം പണം' എന്ന മഹാകവി കുഞ്ചൻ നമ്പ്യാർ പറഞ്ഞതുപോലെയാണ്, ഇവിടെ സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതുമെല്ലാം തന്നെ. ഉത്തരവാദികൾ, ഇന്ത്യയിലെ, കേരളത്തിലെ ന്യൂനപക്ഷ, ഭൂരിപക്ഷ, ജാതി, മത, വർഗ്ഗ, രാഷ്ട്രീയ ആദർശങ്ങളെ മുറുകെപ്പിടിച്ച്, വോട്ടുചെയ്ത് അധികാരത്തിലേറ്റിയ വിഡ്ഢികളായ പൊതുജനങ്ങൾ മാത്രമാണ്. കൊടിയുടെ നിറം നോക്കാതെ, സ്വാർത്ഥതയുടെ കണിക പോലുമില്ലാത്ത വിദ്യാസമ്പന്നരായ മഹത് വ്യക്തികളെ ഭരണച്ചുമതല ഏല്പിക്കാൻ പുതുതലമുറ പ്രയത്നിച്ചാൽ മാത്രമേ ഈ ദുഃസ്ഥിതിയ്ക്ക് പരിഹാരം കാണാൻ കഴിയുകയുള്ളു. തിരുക്കുറൽ അപഗ്രഥനത്തിലൂടെ അരക്കിട്ടു ഉറപ്പിക്കുന്നു.

'ഒരു ജാതി, ഒരു മതം മനുഷ്യന്' എന്ന ശ്രീനാരായണഗുരുദേവന്റെ വചനങ്ങൾ ഉൾക്കൊണ്ട് മത തീവ്രവാദങ്ങളേയും രാഷ്ട്രീയ അതിപ്രസരങ്ങളേയും അറബിക്കടലിൽ തള്ളാൻ പുതുതലമുറ തയ്യാറാവണം. മറ്റുള്ളവരുടെ ചെരിപ്പ് നക്കി സുഖജീവിതം നയിക്കുന്നതിലും ഭേദം നട്ടെല്ലുയർത്തി അദ്ധ്വാനിച്ച് അർദ്ധപട്ടിണി കിടക്കുകയാണ് നല്ലതെന്ന് തീരുമാനമെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

കേരളത്തിന്റെ കാർഷിക സംസ്ക്കാരം കെട്ടിട സംസ്ക്കാരത്തിനും കച്ചവട സംസ്ക്കാരത്തിനും വഴിമാറിക്കൊടുത്തിരിക്കുന്നു. ഒരു പ്രശസ്ത ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അദ്ധ്യാപകനായിരുന്ന എന്റെ മകൻ പറഞ്ഞ ഒരു കഥ ഓർമ്മ വരുന്നു. പത്താം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക്, മൂന്നുനേരം

## ■ പുസ്തകപരിചയം

വെട്ടിവിഴുങ്ങുന്നത് 'അരി കായ്ക്കുന്ന മര'മാണെന്നാണത്രെ വിശ്വാസം. കർഷകൻ കഷ്ടപ്പെട്ട് നട്ടുനനച്ച് വളർത്തുന്ന നെല്ല്, പലരുടേയും കൈകളിലൂടെ രൂപാന്തരപ്പെട്ട് വിപണിയിലെത്തുന്ന സാധനമാണ് അരി എന്നത് (ഏതാനും ദിവസങ്ങൾക്കു മുമ്പ് 'നിറപറ'യുടെ പരസ്യം ടി. വി. യിൽ വരുന്നതിനുമുമ്പ്) അന്യമായിരുന്നു പുതിയ തലമുറയ്ക്ക്. അച്ഛനമ്മമാരോടുള്ള വൈകാരിക പവിത്ര ബന്ധത്തിനുപകരം അവരുടെ സൗന്ദര്യവും പണവുമാണ് പിഞ്ചുമനസ്സുകളുടെ മുന്നിൽ ചർച്ചാ വിഷയമാകുന്നത്. 'മുടി കറുപ്പിച്ചില്ലെങ്കിൽ എന്റെ ഫ്രണ്ട്സ് കളിയാക്കും.'– ടി. വി. പരസ്യം. അച്ഛൻ കാറിൽ വന്നില്ലെങ്കിൽ കൂട്ടുകാർ എന്നെ കളിയാക്കും – വരാനിരിക്കുന്ന കാർ കമ്പനിക്കാരുടെ പരസ്യം. കുഞ്ഞുങ്ങൾ കണ്ടുവളരുന്നത് ഇപ്രകാരമുള്ള പരസ്യങ്ങളും, അമ്മായിഅമ്മ പോര്, നാത്തൂൻ പോര്, പുരുഷന്മാരുടെ അവിഹിത ബന്ധങ്ങൾ, സ്വാർത്ഥതയുടെ നില നിൽപ്പിനായി നടത്തുന്ന കൊലപാതകങ്ങൾ ഇത്യാദി സീരിയലുകളും. പൊതുജനങ്ങളുടെ ബുദ്ധിയുള്ള പുതുതലമുറ പോലും കഴുതകളാവണമെന്ന് ചിലരൊക്കെ ദൃഢനിശ്ചയമെടുത്തിരിക്കുന്നു. കലികാല വൈഭവമെന്നേ പറയാനുള്ളൂ.

മേൽ പറഞ്ഞ പ്രകാരം അന്ധകാരത്തിന്റെ അടിത്തട്ടിൽ കിടന്ന് അധർമ്മജീവിതം നയിക്കുന്നവരുടെ ഭാവി ജീവിതം ഉൾക്കരുത്തോടെ ഉൽക്കൃഷ്ടമാക്കാൻ, 'തിരുക്കുറളിന്റെ സമകാലീന സാംഗത്യം' എട്ടാം ക്ലാസ് മുതലുള്ള വിദ്യാർത്ഥികൾക്ക് സാമൂഹ്യപാഠ പുസ്തകമാക്കാൻ വിദ്യാഭ്യാസ വിചക്ഷണർ തീരുമാനമെടുക്കുന്നത് ഈ കാലഘട്ടത്തിൽ ഉചിതമാകുമെന്ന് കരുതുന്നു. വിദേശികളായ മുഹമ്മദിയരുടെ ഇന്ത്യാ ആക്രമണവും ബ്രിട്ടീഷുകാരുടെ ഭരണപരിഷ്ക്കാരങ്ങളും 73 വർഷങ്ങളോളം പഠിപ്പിച്ചവർ, 'മാനവ സേവ മാധവ സേവ' എന്നീ ആശയങ്ങളിലൂടെ മാറ്റങ്ങൾ വരുത്താൻ ആത്മാർത്ഥമായി ശ്രമിക്കണം. പക്ഷെ ഭാരതത്തിലെ, കേരളത്തിലെ, പുതിയ രാഷ്ട്രീയാചാര്യന്മാരൊന്നും തന്നെ അത്തരത്തിലുള്ളൊരു പാഠപദ്ധതിയിലേക്ക് കാലെടുത്തുകുത്താൻ ധൈര്യപ്പെടുകയില്ല. കാരണം 'കുടിക്കുന്ന കഞ്ഞിയിൽ പൂഴി വാരിയിടാൻ' ആരും മെനക്കെടുകയില്ല. ജാതി, മത, വർഗ്ഗ, കക്ഷി രാഷ്ട്രീയ ഭേദമെന്യേ സമത്വസുന്ദരമായ ഒരു രാജ്യം നിലവിൽ വന്നാൽ, ഇവിടുത്തെ ന്യൂനപക്ഷ ഭൂരിപക്ഷ വിഭാഗത്തിൽ പെടുന്ന ഒരു ചെറിയ ശതമാനത്തിന്റെ (അവരാണ് ഭൂരിപക്ഷമുള്ള ജനതയെ ഭരിക്കുന്നത്) കഞ്ഞികുടി മുട്ടും. 'കുടിക്കുന്ന കഞ്ഞിയിൽ പാറ്റ വീഴാതിരിക്കാൻ' അവർ പ്രയത്നിച്ചുകൊണ്ടേയിരിക്കും. മറ്റുള്ളവർ പാറ്റയെപ്പോലെ പാറിക്കളിച്ച് അല്പായുസ്സായി മരണമടയുകയും ചെയ്യും.

അങ്ങ് എഴുതിയ ഈ ഉൽകൃഷ്ട കൃതി ഇതര ഭാഷകളിലേക്ക് വിവർത്തനം ചെയ്യാൻ ഭാഷാപണ്ഡിതന്മാർ പരിശ്രമിക്കട്ടെ എന്ന് ജഗദീശ്വരനോട് പ്രാർത്ഥിച്ചു കൊണ്ടും, അങ്ങേയ്ക്ക് ആയുസ്സാരോഗ്യ സൗഖ്യം നേർന്നുകൊണ്ടും നിർത്തുന്നു. ●



**തിരുക്കുറളിന്റെ സമകാലീന സാംഗത്യം ഒരപഗ്രഥനം**

രചയിതാവ്: **വി. കെ. എം. നായർ**
മൊബൈൽ – 9497504782
പേജ് – 300
**വില – 325 രൂപ**
പ്രസാധകർ – പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്
ഫോൺ – 0495 2720085

## ■ പാചകം



**പി. എൻ. ഗംഗാലക്ഷ്മി**
**9447972209**

# പരിപ്പ് പായസം

***ആവശ്യമായവ***

1) ചെറുപയർ പരിപ്പ് – 250 ഗ്രാം
2) ശർക്കര – $^{1}/_{2}$ കി.
3) നെയ്യ് – 3 ടേബിൾ സ്പൂൺ
4) നാളികേരം വലുത് – 2 എണ്ണം
5) അണ്ടിപ്പരിപ്പ്, ഉണക്കമുന്തിരി, തേങ്ങ കൊത്ത് (തേങ്ങ ചെറിയ കഷണങ്ങളാക്കിയത്) – 1 ടേബിൾ സ്പൂൺ വീതം
6)ഏലയ്ക്കാപ്പൊടി – $^{1}/_{2}$ ടീ സ്പൂൺ

***പാകം ചെയ്യേണ്ട വിധം***

ചെറുപയർ പരിപ്പ് കുറഞ്ഞ ചൂടിൽ ചുവക്കുന്നതുവരെ വറുക്കുക. തണുത്തതിനുശേഷം കഴുകി 4 കപ്പ് വെള്ളം ഒഴിച്ച് കുക്കറിൽ വേവിച്ചെടുക്കുക. നാളികേരം ചിരവി 2 കപ്പ് ഒന്നാം പാലും 6 കപ്പ് രണ്ടാം പാലും പിഴിഞ്ഞെടുക്കുക. 2 കപ്പ് വെള്ളം ഒഴിച്ച് ശർക്കര ഉരുക്കി അരിച്ചെടുക്കുക. വേവിച്ചുവെച്ച പരിപ്പിൽ ശർക്കര പാനി ചേർത്ത് കുറുകുന്നതുവരെ വരട്ടിയെടുക്കുക. ഏതാണ്ട് വരണ്ടു തുടങ്ങുമ്പോൾ 1 ടേബിൾ സ്പൂൺ നെയ്യൊഴിച്ച് രണ്ട് മിനുട്ട് കൂടെ ഇളക്കുക. രണ്ടാം പാൽ ചേർക്കുക. അഞ്ചുമിനുട്ടുനേരം രണ്ടാം പാൽ ചേർത്ത ശേഷം ഇളക്കിക്കൊടുക്കണം. അതിനുശേഷം ഒന്നാം പാൽ ചേർത്ത് അടുപ്പിൽ നിന്ന് ഇറക്കിവെച്ച ശേഷം ബാക്കിയുള്ള നെയ്യിൽ അണ്ടിപ്പരിപ്പ്, ഉണക്കമുന്തിരി, തേങ്ങക്കൊത്ത് എന്നിവ ചുവക്കെ വറുത്ത് ഏലയ്ക്കപ്പൊടി എന്നിവ ചേർത്ത് 2 മിനുട്ട് കൂടി ഇളക്കിക്കൊണ്ടിരിക്കുക. പരിപ്പ് പായസം തയ്യാർ.

# കവിതയും സമൂഹവും



**അരവിന്ദൻ**
9745935385, 0494-2682899

**ക**വിക്ക് സമൂഹത്തോട് ബന്ധമുണ്ടോ? കടപ്പാടുണ്ടോ ? ഞാനെഴുതുന്നത് എന്റെ സംതൃപ്തിക്കു വേണ്ടിയാണെന്നും എനിക്ക് സമൂഹത്തോട് ഒരു കടപ്പാടുമില്ലെന്നും സമൂഹം അതിന്റെ വഴിക്ക് നീങ്ങട്ടെ, ഞാനെന്റെ വഴിക്കും - എന്നെല്ലാം കൊട്ടിഘോഷിക്കുന്ന ചില എഴുത്തുകാരുണ്ട്. എന്തെല്ലാം പറഞ്ഞാലും അവർ പറയുന്നതൊന്നും സത്യമല്ലെന്നു മനസ്സിലാക്കാവുന്നതേയുള്ളൂ. ഒരെഴുത്തുകാരന് എന്തെങ്കിലും എഴുതണമെന്നുണ്ടെങ്കിൽ അനുഭവങ്ങൾ വേണം. സ്വന്തം അനുഭവങ്ങളോ, സമൂഹത്തിൽ കാണുന്നതോ, സമൂഹത്തിൽ നിന്നും കേട്ടറിഞ്ഞതൊ മാത്രമേ സാഹിത്യവിഷയമാകയുള്ളു. എഴുതിയ സൃഷ്ടികൾ വായിക്കാനും ആസ്വദിക്കാനും സമൂഹം വേണം. ആ നിലയ്ക്ക് സമൂഹത്തോട് കടപ്പാടില്ല. ബന്ധമില്ല എന്നെല്ലാം പറയുന്നതിൽ കഴമ്പില്ല. എഴുത്തുകാരെല്ലാം പുരോഗമനപ്രസ്ഥാനത്തിന്റെ വക്താക്കളാവണമെന്നല്ല ഉദ്ദേശിക്കുന്നത്. എഴുത്തുകാരന്റെ ഭാവനയ്ക്കും സർഗ്ഗശക്തിക്കും സ്വാതന്ത്ര്യബോധത്തിനും ഉലച്ചൽ തട്ടാതെത്തന്നെ സമൂഹത്തിലേക്കിറങ്ങിച്ചെല്ലാൻ കവിക്കു കഴിയണം. സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിക്കാൻ കവിതകൾക്ക് കഴിയണം. സൃഷ്ടികൾക്ക് ലക്ഷ്യബോധമുണ്ടായിരിക്കണം. വായനക്കാരിൽ ആനന്ദാനുഭൂതിയുളവാക്കുന്നതോടൊപ്പം, അവരെ ചിന്തിപ്പിക്കാനും കർമ്മോന്മുഖരാക്കാനും സാഹിത്യത്തിനു കഴിയണം.

ആദ്യകാലത്തെ, സമൂഹത്തോട് ബന്ധമുള്ള കവിതകളായിരുന്നു നാടോടിഗാനങ്ങൾ. സമൂഹത്തെ ചലനാത്മകമാക്കുകയായിരുന്നു അവയുടെ ലക്ഷ്യം. പിന്നീടുണ്ടായ എല്ലാതരം പാട്ടുകളുടേയും ഉന്നവും അതുതന്നെയായിരുന്നു.

മലയാളസാഹിത്യത്തിൽ ജനങ്ങളോട് ഏറ്റവും അടുപ്പം പുലർത്തിയ ആദ്യകവി കുഞ്ചൻ നമ്പ്യാരായിരുന്നു. നിലവിലുള്ള സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക മണ്ഡലങ്ങളെ അദ്ദേഹം ഹാസ്യാത്മകമായി ചിത്രീകരിച്ചു, വിമർശിച്ചു.

കനകം മൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം.

ഇന്നും നാം കണ്ടുവരുന്ന ഒരു നഗ്നസത്യം എത്ര സുന്ദരമായാണദ്ദേഹം തുറന്നുകാട്ടുന്നത് ? സമൂഹത്തിൽ ചലനം സൃഷ്ടിക്കാൻ ഉള്ളൂരിനും ആശാനും വള്ളത്തോളിനും കഴിഞ്ഞിട്ടുണ്ട്.

*'സ്നേഹത്തിൽ നിന്നുദിക്കുന്നു - ലോകം*
*സ്നേഹത്താൽ വൃദ്ധി നേടുന്നു'*

എന്ന് ആശാനും

*'അടിയനിനിയുമുണ്ടാം*
*ജന്മമെന്നാലതെല്ലാം*
*അടിമുതൽ മുടിയോളം*
*നിന്നിലാവട്ടെ തായെ'*

എന്ന് ഉള്ളൂരും

*'എന്നുടെ ഭാഷ താനെൻ*
*തറവാട്ടമ്മ,*
*യന്യയാം ഭാഷ വിരുന്നുകാരി '*

എന്ന് വള്ളത്തോളും

പാടിയപ്പോൾ ഒരു സമൂഹം മുഴുവൻ അതേറ്റുപാടുകയായിരുന്നു. ജനങ്ങളിൽ ആശയും ആവേശവും പകർന്ന 'പോരാ പോരാ നാളിൽ നാളിൽ' എന്ന വള്ളത്തോളിന്റെ വരികൾ ഓർക്കാത്തവർ ചുരുക്കും.


കവിതകളിലൂടെ സമൂഹത്തിൽ ചലനം സൃഷ്ടിക്കാൻ പല കവികൾക്കും കഴിഞ്ഞെങ്കിലും ജനങ്ങളുടെ നാവിൽ അന്നും ഇന്നും ഒരുപോലെ വിളയാടുന്ന കവിതകൾ എഴുതിയ കവി ചങ്ങമ്പുഴ തന്നെയാണെന്ന് പറയാൻ എനിക്കുമടിയില്ല. അദ്ദേഹത്തിന്റെ രമണൻ വായിക്കാത്തവർ ആരുണ്ട് ? അദ്ദേഹത്തിന്റെ വാഴക്കുല വായിച്ചു വികാരഭരിതരാകാത്തവർ ആരുണ്ട് ? 'പണമുള്ളോർ നിർമ്മിച്ച നീതിക്കിതിലൊന്നും പറയുവാനില്ലെ...?' എന്നുചോദിച്ചുകൊണ്ടാണദ്ദേഹം വാഴക്കുലയെന്ന കവിത നിർത്തുന്നത്. ആ ചോദ്യം സമൂഹത്തോടായിരുന്നു. ആ ചോദ്യത്തിന് അണുബോംബിനേക്കാൾ ശക്തിയുണ്ടായിരുന്നു. ഇടശ്ശേരിയുടെ 'പുത്തൻകലവും അരിവാളും' വൈലോപ്പിള്ളിയുടെ 'കുടിയൊഴിപ്പിക്കൽ' അക്കിത്തിന്റെ 'കുതിർന്ന മണ്ണ്' തുടങ്ങിയ സൃഷ്ടികൾ സമൂഹത്തെ ഇളക്കിമറിച്ചവയാണ്. വയലാറിന്റെ ആയിഷ, ഒ. എൻ. വി.യുടെ ഉപ്പ്, ആനന്ദക്കുട്ടന്റെ ചിത എന്നിവ സമൂഹ ശ്രദ്ധയാകർഷിച്ച സൃഷ്ടികളാണ് ! ബാലാമണിയമ്മ, സുഗതകുമാരി, ജി.പി., എൻ. വി., പാലാ വെണ്ണിക്കുളം, ഒളപ്പമണ്ണ, പൊൻകുന്നം ദാമോദരൻ, ശ്രീകുമാരൻ തമ്പി, നീലമ്പേരൂർ, യൂസഫലി കേച്ചേരി തുടങ്ങിയ ഒട്ടേറെ പേരുടെ കൃതികൾ സമൂഹം സസന്തോഷം ഏറ്റുവാങ്ങിയതാണ്.

ആധുനികമെന്നും അത്യാന്താധുനികമെന്നും പറഞ്ഞ് പടച്ചുവിടുന്ന ദുരൂഹതയുടെ കൂരിരുട്ട് ബോധപൂർവ്വം സൃഷ്ടിച്ച് വായനക്കാരെ അതിലിട്ട് വട്ടം കറക്കുന്ന സംഗീതത്തോട് ബന്ധമില്ലാത്ത പരസ്പരബന്ധമില്ലാത്ത പദങ്ങളിട്ടുകളിക്കുന്ന കവിതകൾക്ക് സമൂഹത്തിന്റെ അംഗീകാരം കിട്ടുക എളുപ്പമല്ല. സമൂഹത്തിനിഷ്ടപ്പെടുന്ന സൃഷ്ടികൾക്കേ നിലനിൽപ്പുള്ളു. സമൂഹത്തിന്റെ അംഗീകാരമാണ് ശരിയായ പുരസ്ക്കാരം. അല്ലാതെ സേവയും ശുപാർശയും കൊണ്ട് നേടിയെടുക്കാവുന്ന അവാർഡുകളല്ല.

കവിയ്ക്കും സമൂഹത്തിനും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നും കവിയുടെ സൃഷ്ടികൾക്ക് സമൂഹത്തിനോടെന്തെങ്കിലും പ്രത്യേകിച്ചോതാനുണ്ടാകണമെന്നും സമൂഹത്തിൽ നിന്ന് വിട്ടുനിൽക്കാൻ സാഹിത്യകാരനും കലാകാരനും മാത്രമല്ല ആർക്കും കഴിയില്ലെ ന്നുമുള്ള വസ്തുത യാഥാർത്ഥ്യം മാത്രമാണ്.

ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വായിച്ച ലേഖനങ്ങളും പലപ്പോഴായി വായിച്ച പുസ്തകങ്ങളും ആസ്പദമാക്കിയാണീ ലേഖനം തയ്യാറാക്കിയത്.

# അങ്ങാടിവാണിഭമറിയുന്ന ആടുകൾ



**ഇ. എൻ. നാരായണൻ**
**9539307005**

**അ**നുഗ്രഹീത കവയിത്രി കൂടിയായ തുളസി കേരളശ്ശേരിയുടെ പ്രഥമകഥാസമാഹാരം കൗതുകത്തോടെയാണ് കയ്യിലെടുത്തത്. ആകർഷകമായ മുഖചിത്രവും പുറന്താളും. 'ആടും അങ്ങാടിവാണിഭവു'മെന്ന പുസ്തകനാമം പഴയൊരു പഴഞ്ചൊല്ല് ഓർമ്മിപ്പിച്ചു. ജിജ്ഞാസയോടെത്തന്നെ ഓരോ കഥയും വായിച്ചു, ആസ്വദിച്ചു. അങ്ങാടി വാണിഭത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളുന്ന നിസ്സഹായയായ ഒരു ആടിന്റെ നിറസ്സാന്നിദ്ധ്യം അനുഭവവേദ്യമായി. ബഷീറിന്റെ പാത്തുമ്മാന്റെ ആടു മേഞ്ഞുനടന്ന പുൽമേടുകളിൽ ഇതാ പുതിയൊരാടിന്റെ രംഗപ്രവേശം! വാണിഭത്തിന്റെ തന്ത്രങ്ങളറിയാത്തതും, അറിയുന്നുണ്ടെങ്കിലും നിസ്സഹായതയുടെ തുടലുകളാൽ ബന്ധിക്കപ്പെട്ടതുമായ രണ്ടാടുകൾ!

പതിനേഴുകഥകളാണ് ഈ സമാഹാരത്തിലുള്ളത്. ചെറുകഥയുടേയും മിനികഥയുടേയും മധ്യേ നിൽക്കുന്ന കഥകളാണ് ഇതിലുള്ളത്. ആനുകാലികസ്പർശമില്ലാത്ത ഒരൊറ്റ കഥ പോലും ഇതിലില്ല. മാതൃവാത്സല്യവും ശിഷ്യവാത്സല്യവുമാണ് തുളസിക്കഥയുടെ അന്തർധാരയെന്നു പറയാവുന്നതാണ്. കാപട്യങ്ങളുടെ ചതിക്കുഴികളിൽ വീഴാതിരിക്കാൻ അത്യന്തം ശ്രദ്ധാപൂർവ്വമായ ചുവടുവെയ്പ്പാണ് കഥാകാരി കഥാപാത്രങ്ങളെക്കൊണ്ട് നടത്തുന്നത്. എന്നിട്ടും ചില ദുർബ്ബലനിമിഷങ്ങളിൽ 'ആടുകൾ' കാലിടറി വീഴുന്നുണ്ട്. അതുകാണുമ്പോൾ അവയുടെ സ്രഷ്ടാവ് നിശബ്ദമായി കണ്ണീരൊഴുക്കുന്നുമുണ്ട്.

കഥാകാരി അധ്യാപികയായതുകൊണ്ട് സ്വാഭാവികമായും വിദ്യാലയാന്തരീക്ഷം കഥകളിൽ കടന്നുവരുന്നുണ്ട്. (കാരൂർ, കക്കട്ടിൽ കഥകളെപ്പോലെ), ശിഷ്യവാത്സല്യത്തിന്റെ നിറകുടമായ അവർ നെറികേടുകൾ കാണുമ്പോൾ ആത്മരോഷത്തോടെ പുരുഷാധിപത്യത്തെ പരോക്ഷമായി വിമർശിക്കുന്നുണ്ട്. 'അഴിയാക്കുരുക്കുകൾ' എന്ന കഥയിലെ ഉഷട്ടീച്ചറുടെ നിസ്സഹായാവസ്ഥ നോക്കുക. മസ്തിഷ്ക്കത്തെപ്പറ്റി പഠിപ്പിക്കുന്ന വേളയിൽ അധ്യാപികയ്ക്കുമുന്നിൽ സ്വന്തം മസ്തിഷ്കം തളർത്തിയിട്ട് നിദ്രാലോകത്തിലേയ്ക്ക് ചേക്കേറുന്ന 'വിസ്മയം'. (വിസ്മയയെന്ന പേരിട്ടത് ബോധപൂർവ്വമാണെന്നുവേണം കരുതാൻ). രോഷാകുലയായ അധ്യാപിക സ്റ്റാഫ് റൂമിലെ കുമ്പസാരക്കൂട്ടിൽ നിന്നാണ് കുട്ടിയുടെ വീട്ടിലെ ദാരുണാവസ്ഥകൾ മനസ്സിലാക്കുന്നത്. പിതൃപീഡനത്തിന്റെ രക്തസാക്ഷിയാണ് വിസ്മയയെന്ന കുട്ടി. അധികാരവൃന്ദത്തിന് വിവരങ്ങൾ കൈമാറി കുട്ടിയെ രക്ഷിക്കാനുള്ള ടീച്ചറുടെ തന്ത്രം പാളിപ്പോവുകയാണ്. കഴുകന്റെ കൊക്കുകളിലൊതുങ്ങി ഇരയാകാൻ പോകുന്ന മാടപ്രാവിനെപ്പോലെ പീഡകനായ ഇളയച്ഛനോടൊപ്പം വയനാട്ടിലേക്കുപോകുന്ന പെൺകുട്ടിയുടെ ദയനീയ ചിത്രം കാണുമ്പോൾ ആസ്വാദകനേത്രങ്ങളിൽ നിന്നും അറിയാതെത്തന്നെ കണ്ണീരടർന്നുവീഴും.

താന്തോന്നിയായി മുദ്ര കുത്തപ്പെട്ട് വിദ്യാലയത്തിൽ നിന്നും ബഹിഷ്കൃതനായ പഴയ ശിഷ്യനെ കാണുമ്പോഴുണ്ടായ അധ്യാപിക മനസ്സിന്റെ പശ്ചാത്താപവും ആത്മനിന്ദയും അതിമനോഹരമായി കഥാകാരി ആവിഷ്ക്കരിക്കുന്നു. 'മഞ്ഞക്കണ്ണുകൾ' എന്ന കഥയിൽ തെറ്റിദ്ധരിക്കപ്പെടുന്ന ഗുരുശിഷ്യബന്ധത്തിന്റെ ചിത്രമാണ് തുളസി കോറിയിടുന്നത്. അച്ഛനമ്മനാർ, മുത്തശ്ശൻ, മുത്തശ്ശി തുടങ്ങിയ ബന്ധങ്ങളെല്ലാം അപ്രസക്തമാകുന്ന ആണും പെണ്ണും മാത്രമുള്ള ജൈവചോദനകൾ മാത്രം അവശേഷിക്കുന്ന ഏതോ നരകഭൂമിയിലേക്കാണ് താൻ താണുപോകുന്നതെന്ന് ടീച്ചർ സംഭ്രമിക്കുന്നു, 'നായകസ്യ കവേ ശ്രോതുഃ സമാനാനുഭവസ്തഥ' (നായകനും കവിക്കും ശ്രോതാവിനും ഒരേയവസ്ഥ തന്നെ വന്നുചേരുന്നു) എന്നതുപോലെയാകുന്നു കാര്യങ്ങൾ. കക്തമായ ആവിഷ്കരണമാണ് ഈ കഥ.

'പീഡനപർവ്വ'ത്തിലെത്തിനിൽക്കുകയാണ് ഇപ്പോൾ ഭാരതം. പീഡനം പുരുഷന്റെ ജന്മാവകാശമാണെന്നും അത് സ്വാഭാവിക പ്രതിഭാസം മാത്രമാണെന്നും ലാഘവ ബുദ്ധിയോടെ പറയുന്ന മഹാന്മാരും ഇവിടെയുണ്ട് ! ശിശുപീഡകർക്ക് വധശിക്ഷയെന്ന നിയമനിർമ്മാണം പോലും എതിർക്കപ്പെടുന്നുണ്ട്. പീഡകർക്ക് സുഖവാസവും നിരപരാധികൾക്ക് കാരാഗൃഹവാസവും നൽകുന്ന അപൂർവ്വകാഴ്ചകളും ഇവിടെയുണ്ട്. സംഘർഷനിർഭരമായ ഇത്തരം അവസ്ഥകളെയാണ് തുളസി 'നാടകം തുടരുകയാണ്' എന്ന കഥയിൽ ആവിഷ്ക്കരിക്കുന്നത്. ധാർമ്മികരോഷത്താൽ പ്രതികരിക്കുന്നവർക്ക് കാരാഗൃഹവാസമാണ് വിധിക്കപ്പെടുന്നതെന്ന് കയ്യാമവുമായി ഇറങ്ങിവരുന്ന സുഭാഷ് ഓർമ്മിപ്പിക്കുന്നുണ്ട്. അതേസമയം സംശയത്തിന്റെ കരിനിഴലിൽ നിന്നും ഈ കഥാപാത്രം മുക്തനുമല്ല. മികച്ച രചനാതന്ത്രമാണ് കഥാകാരി പ്രദർശിപ്പിച്ചിട്ടുള്ളത്. ഈ സമാഹാരത്തിലെ ശക്തമായ കഥക ളിലൊന്നാണിത്.

ധ്വന്യാത്മകതയാണ് നല്ല കഥയുടെ മുഖമുദ്ര തുളസിയുടെ 'അഴിയുന്ന കണ്ണികൾ' എന്ന കഥ ഇവിടെ


സവിശേഷപരാമർശമർഹിക്കുന്നു. 'മാജി... ഹൊയ് മാജി'യെന്ന വിളിയുമായി വരുന്ന മഹേശെന്ന ചെക്കന്റെ സുഗന്ധപാക്കിന്റെ പരിമളം ബെഡ്റൂമിൽ പ്രസരിക്കണമെങ്കിൽ 'അംഗപ്രത്യംഗം നിറഞ്ഞു കവിഞ്ഞ് ധമനികളിലേയ്ക്ക് കത്തിപ്പടരണമെങ്കിൽ...' ധ്വന്യാത്മകത മുറ്റി നിൽക്കുന്ന വേറെയും കഥകളുണ്ട് ഈ സമാഹാരത്തിൽ.

വാട്സ്ആപ്പ്, ഫെയ്സ് ബുക്ക് തുടങ്ങിയ നവ മാധ്യമങ്ങളുടെ സ്വാധീനം കുടുംബബന്ധ ശൈഥില്യത്തിനുതന്നെ കാരണമാവുന്നതായി പഠനങ്ങൾ രേഖപ്പെടുത്തുന്നു. ഫെയ്സ് ബുക്ക് ലഹരിക്കടിപ്പെട്ട ഭർത്താവിന് ശൗചാലയത്തിലേയ്ക്ക് സ്മാർട്ട് ഫോണിലൂടെ സന്ദേശമയയ്ക്കുന്ന ഭാര്യയുടെ സഹൃദയത്വത്തെ എത്ര തന്മയത്വത്തോടെയാണ് കവയിത്രി ആവിഷ്ക്കരിക്കുന്നത് ! ('നോൺസ്റ്റോപ്പ് നോട്ടിഫിക്കേഷൻ' എന്ന കഥ) കഥാകാരിയുടെ നർമ്മബോധവും ഉപഹാസവും കഥയെ ശ്രദ്ധേയമാക്കുന്ന ഘടകങ്ങളാണ്.

ചികിത്സാരംഗത്തെ തട്ടിപ്പുകളേയും വെട്ടിപ്പുകളേയും നിഷ്കളങ്കരായ 'ഇര'കളുടെ നിസ്സഹായതകളേയും ആവിഷ്ക്കരിക്കുന്ന 'അസ്ത്രക്രിയ' എന്ന കഥ സമൂഹത്തിനുനേരെ തൊടുത്തുവിടുന്ന ആഗ്നേയാസ്ത്രം തന്നെയാണ്. ലക്ഷങ്ങൾ ചോർത്തിയെടുത്ത് ബന്ധുക്കളുടെ ചോരയൂറ്റിക്കുടിച്ച് രോഗിയെ 'പച്ചക്കറി'യാക്കി പാക്ക് ചെയ്ത് തിരിച്ചേല്പ്പിക്കുന്ന ചികിത്സാലയ നടത്തിപ്പുകാർക്കും ജീവനക്കാർക്കും സ്വന്തം ഇൻക്രിമെന്റിലും ടാർഗറ്റിലും മാത്രമാണ് ശ്രദ്ധയെന്ന് ജനം മനസ്സിലാക്കുന്നില്ല. തന്മയത്വത്തോടെ ഒതുക്കിപ്പറയുന്ന രചനാതന്ത്രമാണ് നാം ഇവിടെ കാണുന്നത്.

ഈ സമാഹാരത്തിലെ എല്ലാ കഥകളും സവിശേഷപരാമർശമർഹിക്കുന്നവ തന്നെയാണ്. വിസ്താര ഭയത്താൽ പ്രാതിനിധ്യസ്വഭാവമുള്ള ചില കഥകളുടെ സവിശേഷതകൾ സൂചിപ്പിച്ചെന്നുമാത്രം. അങ്ങാടിവാണിഭമറിയുന്ന ആടുകളുടെ നിശബ്ദരോദനമാണ് ഇതിലെ മിക്ക കഥകളും. ഏതായാലും ഒരു കാര്യം നിസ്സംശയം പറയാം, കവിതയായാലും കഥയായാലും അയത്നലളിതമായി ആവിഷ്കരിക്കാൻ കഴിവുള്ള 'സവ്യസാചി' തന്നെയാണ് തുളസി കേരളശ്ശേരിയെന്ന അനുഗ്രഹീത എഴുത്തുകാരി. കനപ്പെട്ട കഥകളും കവിതകളും ഇനിയും അവരുടെ തൂലികയിൽ നിന്നും പിറവി കൊള്ളട്ടെയെന്ന് ആശംസിക്കുന്നു.

●

ശ്രീമതി തുളസി കേരളശ്ശേരിയുടെ
(കഥാ സമാഹാരം)
**ആടും അങ്ങാടിവാണിഭവും**
മൊബൈൽ - 9526144499
പേജ് - 64
**വില - 70 രൂപ**
പ്രസാധകർ - യെസ്പ്രസ് ബുക്സ്,
പെരുമ്പാവൂർ


■ കവിത

# പുണ്യം




**എം. കെ. ശശിധരൻ**
**9847838361**



തണൽ മരങ്ങൾ വഴിനീളെയുണ്ട്
കടന്നുപോകുന്ന പാന്ഥർ
സ്മരിക്കാത്തയവയുടെ തൈകൾ പച്ച
ദീർഘദർശികളായ സന്മനസ്സുടമകൾ
ശീതളഛായയിൽ തണ്ണീർപ്പന്തലിൽ
കുടിവെള്ളം നല്കുവാൻ ജോലിയ്ക്കുവച്ചെന്നെ
കാരുണ്യമഠത്തിലെ സന്യാസിനിയമ്മ
സന്തോഷപൂർവ്വം കിട്ടിയ നിയോഗത്തെ
സർവ്വാത്മനാ വിനാ ശമ്പളത്തോടെ
ഏറ്റെടുത്തു ഞാൻ ചെയ്തു രാവിലെ മുതൽ
സന്ധ്യയാകുന്നവരെയാപുണ്യസേവനം !
മഠത്തിൽ നിന്നു കിട്ടും മൂന്നു നേരമാഹാരം
കിടക്കാനിടമുണ്ട്, കുളിക്കാൻ സമീപത്തു
പുഴയും മഠത്തിലെ കടവും ലഭിക്കുന്നു
ദീപാവലിയായി സന്യാസിനിയമ്മ
എനിയ്ക്ക് സമ്മാനിച്ചു പുതിയ കുപ്പായവും
മുണ്ടും പിന്നെയല്പം പണവും
തന്നു പറഞ്ഞു 'വീട്ടിൽ പോയി
അമ്മയെ കണ്ടു രണ്ടു ദിവസം നിന്നു
സന്തോഷമായി തിരിയെ വന്നാൽ മതി
മോനു വേറെ ജോലി കിട്ടിയാൽ പൊയ്ക്കോളൂ
എന്റെ പ്രാർത്ഥനയെന്നും നിനക്കു കൂടി വേണ്ടി'
രാവിലെ സന്യാസിനിയമ്മതൻ പാദം തൊട്ടു
വണങ്ങി പിരിഞ്ഞു ഞാൻ നീളേ തണലുള്ള
വീഥി പിന്നിട്ടു നടന്നു കൃതാർത്ഥമായ്.

■ കവിത

# പരിപോഷണം


**ഉണ്ണി വാരിയത്ത്, മുംബൈ**
**09867179480, 022 29650115**


ഭക്തനും ഭഗവാനും ഭേദമില്ലൊട്ടുമെന്ന
സത്യവിചാരത്തിന്റെ സത്തല്ലോ 'തത്ത്വമസി'
വ്യക്തികൾ തമ്മിൽ തീരെ
വ്യത്യാസമില്ലെന്നൊരു
യുക്തിവിചാരത്തിന്റെ മുത്തല്ലോ 'ഗുരുധർമ്മം'
ശ്രീനാരായണഗുരുധർമ്മസന്ദേശങ്ങളും
ശ്രീകൃഷ്ണഭഗവാന്റെ ഗീതോപദേശങ്ങളും
പാലിക്കുന്നെങ്കിലേതു പതിതജീവിതവും
പരിപാവനമായി പരിപോഷിക്കപ്പെടും.



# പ്രാർത്ഥന

ടി. കെ. ഉണ്ണികൃഷ്ണൻ
0491–2578098, 9447972209

**കു**ളി കഴിഞ്ഞ് അയാൾ ചുമരിൽ തൂക്കിയ ഗുരുവായൂരപ്പന്റെ ഫോട്ടോയ്ക്ക് മുന്നിൽ കൈ കൂപ്പി നിന്ന് പ്രാർത്ഥിച്ചു. ദൈവമേ രക്ഷിക്കണേ. നഗരത്തിൽ പതിനഞ്ച് ആശുപത്രികൾ ഉണ്ട്. ഏഴോ എട്ടോ പ്രസവം നടക്കാതിരിക്കില്ല. അതിൽ ഒരു കുട്ടിയെങ്കിലും മരിക്കണേ.

എത്ര ആശ്ചര്യകരമായ പ്രാർത്ഥന. എത്ര ക്രൂരത നിറഞ്ഞ അഭിലാഷം. എത്ര മൃഗീയമായ ചിന്താഗതി. കേൾക്കുമ്പോൾ വെറുപ്പുതോന്നും. തരം താഴ്ന്ന മനുഷ്യത്വത്തെ പഴി പറയും.

പക്ഷെ ഇത്തരം പ്രാർത്ഥനകൾ സാധാരണയല്ലേ. വയസ്സായവർ കിടപ്പാകുമ്പോൾ വീട്ടുകാർ പ്രാർത്ഥിക്കാറില്ലേ ദൈവമേ ഒന്നെടുത്തു കൂടെ. പ്രമോഷൻ കിട്ടാൻ സീനിയറുടെ മരണത്തിനുവേണ്ടി പൂജകളും മന്ത്രവാദങ്ങളും നടത്തി പലരും പ്രാർത്ഥിക്കാറില്ലേ. രാഷ്ട്രീയ ലോകം സ്ഥാനങ്ങൾക്കുവേണ്ടി മനുഷ്യനെ ബലിയാടാക്കാറില്ലേ. ഇതെല്ലാം സാധാരണ സംഭവമായിരിക്കുന്നു. സ്വാർത്ഥത നിറഞ്ഞ ലോകത്ത് എന്തുമാവാം. ദൈവം ഇതെല്ലാം എങ്ങിനെ എടുക്കുന്നു എന്നറിയില്ല.

അയാളുടെ പ്രാർത്ഥന ന്യായീകരിക്കാൻ അയാൾക്ക് സാധിക്കും. അയാളുടെ തൊഴിൽ അങ്ങിനെയാണ്. നഗരത്തിലെ ആശുപത്രികളിൽ പ്രസവത്തിൽ കുട്ടി മരിക്കുമ്പോൾ ആ ശവം മറ ചെയ്യാൻ അയാളെയാണ് വിളിക്കാറ്. കൊല്ലങ്ങളായി ആശുപത്രിക്കാരും അയാളും കൂടിയുള്ള ഒരു ധാരണയാണ് അത്. വീട്ടുകാരിൽ നിന്ന് ആയിരം ഉറുപ്പിക അയാൾക്ക് കിട്ടും. അയാളുടെ ഭാര്യയും രണ്ട് കുട്ടികളുടേയും ജീവിതം നീങ്ങുന്നത് മരിക്കുന്ന കുട്ടിയുടെ കാരുണ്യം കൊണ്ട് എന്നു പറയാം.

പലപ്പോഴും അയാൾക്ക് തോന്നും തന്റെ ഈ പ്രാർത്ഥന തെറ്റല്ലെയെന്ന്. മനസ്സ് നീറാറുണ്ട്. പക്ഷെ വിശപ്പ് ആളിപ്പിടിക്കുമ്പോൾ നിത്യാവശ്യങ്ങൾ മുന്നിൽ നിരക്കുമ്പോൾ നോവ് തണുത്തുപോകും. മനസ്സിലെ നോവിനെ കുറയ്ക്കാൻ തന്റെ പ്രാർത്ഥനയെ ന്യായീകരിക്കാൻ അയാൾ മറ്റു പലരുമായി തന്നെ താരതമ്യപ്പെടുത്താറുണ്ട്.

താൻ ആരേയും കൊല്ലുന്നില്ല. തന്റെ പരിധിയിലെ ആശുപത്രിയിൽ പിറക്കുന്ന കുട്ടികളിൽ ദിവസത്തിൽ ഒന്നോ രണ്ടോ മരിക്കണേ എന്നുമാത്രം പ്രാർത്ഥിക്കുന്നു. എന്തെല്ലാം ക്രൂരതകൾ പലരും ചെയ്യുന്നു. അത് നോക്കുമ്പോൾ താൻ എത്രയോ നല്ലവൻ. അയാൾ ഉമ്മറത്തേക്കിറങ്ങി. ഭാര്യ മുറ്റത്തിരുന്ന് വിറക് അടുക്കുകയാണ്. വെയിലിൽ കിടന്ന് ഉണങ്ങിയ വിറക് ഭക്ഷണമുണ്ടാക്കുമ്പോൾ കത്തിച്ചാമ്പലാകും. ചാമ്പലായ ചാരം ചെടികൾക്ക് വളമാകും. ഒന്നിന്റെ നാശം മറ്റൊന്നിന് ജീവൻ നൽകും. ഒരാളുടെ ദുഃഖം മറ്റൊരാൾക്ക് സുഖം കൊടുക്കും.

മൊബൈൽ ശബ്ദിച്ചു. അയാളുടെ കണ്ണുകൾ തിളങ്ങി. ആശുപത്രിയിൽ നിന്നാണ്. മനസ്സ് ആഹ്ളാദിച്ചു. വിറക് അടുക്കുന്ന ഭാര്യയുടെ ഉണങ്ങിയ ചുണ്ടിൽ മന്ദഹാസം. മരണവാർത്ത കേട്ട സന്തോഷം. എത്ര പ്രിയമുള്ള വാർത്ത. ലോകത്തിന്റെ രഹസ്യങ്ങളിൽ ദുഃഖവും സുഖവും ഒരേ വാർത്തയിൽ നിന്ന് ലഭിക്കുന്നു. ഒമ്പതുമാസം പേറി നൊന്തു പെറ്റ അമ്മയുടെ ദുഃഖത്തെ കടന്നുവെട്ടി അയാളുടെ സന്തോഷം.

അയാൾ മൺവെട്ടിയെടുത്ത് സൈക്കിളിന്റെ കേരിയറിൽ തൂക്കി. കുട്ടിയുടെ ശവം വയ്ക്കാൻ ആ വലിയ സഞ്ചി ഹാന്റലിൽ തൂക്കി. പെഡലിൽ ചവിട്ടി സൈക്കിളിൽ കയറുമ്പോൾ ഭാര്യയുടെ ശബ്ദം അയാളുടെ ചെവികളിൽ വന്നടിച്ചു. “എനിക്കൊരു സാരി വേണം.”

സൈക്കിൾ മുന്നോട്ടുനീങ്ങി. മനസ്സും. ആശുപത്രിയിൽ അഭിമുഖീകരിക്കേണ്ട ദുഃഖിതരായ മനുഷ്യർ. അവരിൽ നിന്ന് തനിക്കു കിട്ടുന്ന ആയിരം ഉറുപ്പിക. മനസ്സിൽ തോന്നി അതുപോരാ. ഭാര്യയ്ക്ക് സാരി. കുട്ടികൾക്ക് ഉടുപ്പ്, വീട്ടുസാധനങ്ങൾ ആവശ്യങ്ങൾ പലതുമുണ്ട്. അവസരങ്ങളെ മുതലെടുക്കാത്തവൻ പൊട്ടൻ.

തുണിയിൽ പൊതിഞ്ഞു കെട്ടിയ കുഞ്ഞിന്റെ ശവം സഞ്ചിയിൽ വയ്ക്കുമ്പോൾ ദുഃഖം നിറഞ്ഞ മുഖത്തോടും നിറഞ്ഞ കണ്ണുകളോടും ഒരാൾ വന്ന് ആയിരം രൂപ അയാൾക്ക് നീട്ടി. ആശുപത്രിയിൽ നിന്നും പറഞ്ഞതാവും. “ഒരായിരം കൂടി വേണം സാറെ.” അയാളുടെ വിലപേശലിനുമുന്നിൽ തർക്കിക്കാൻ നിൽക്കാതെ അയാൾ ആയിരം കൂടി കൊടുത്തുപോയി.

കുന്നിൻചെരിവിൽ കുഴിവെട്ടി ശവം മൂടുമ്പോൾ അവസരത്തിൽ നിന്ന് മുതലെടുത്ത ആർത്തിയെപ്പറ്റി അയാൾ നൊമ്പരപ്പെട്ടു. അതിനെ മറികടക്കാൻ മറ്റുള്ളവരുടെ തെറ്റുകളെ മനസ്സിൽ താരതമ്യപ്പെടുത്താൻ ശ്രമിച്ചു. അൽപ്പം ശാന്തി കിട്ടി. സന്തോഷവും. ഈ രീതി തന്നെ നല്ലവനാക്കുമോ ? ആ ചോദ്യം അയാളെ വീർപ്പുമുട്ടിച്ചു. അതിന്ന് ന്യായീകരണമുണ്ടായിരുന്നില്ല.

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**



# അവധിക്കാലത്തിന്റെ ഓർമ്മയ്ക്ക്...

പ്രിയ കരിങ്കരപ്പുള്ളി

**അ**വധിക്കാലത്ത് അമ്മയുടെ നാടായ കോട്ടയത്തേയ്ക്ക് പോകാൻ ഗീതുവിന് ഒരുപാട് ഇഷ്ടമാണ്. അവിടെ അമ്മാവന്റെ മകൾകൂട്ടിനുണ്ട്. റബ്ബർമരങ്ങൾക്കും തേയിലക്കാടുകൾക്കും ഇടയിലൂടെ ലേഖയോടൊപ്പം നടക്കുന്നത് വളരെ രസകരമാണ്. വാതോരാതെ സംസാരിക്കുമായിരുന്ന പ്രിയപ്പെട്ട കൂട്ടുകാരി. അവളുടെ വിശേഷങ്ങൾ എത്ര പറഞ്ഞാലും തീരാത്തതായിരുന്നു.

അമ്മായി സ്നേഹത്തോടെ വിളമ്പുന്ന കപ്പയും, കാന്താരിചമ്മന്തിയും ഗീതുവിന് ഏറെ ഇഷ്ട വിഭവമാണ്. ആറ്റിൻകരയിൽ ചെന്നിരുന്നാൽ ആകാശം മുട്ടി നിൽക്കുന്ന മലകൾ കാണാനാവും. ആകാശത്തും ഭൂമിയിലുമല്ലാതെ നിൽക്കുന്ന കൊച്ചുകുടിലുകളിൽ ജീവിക്കുന്ന കുറേ മനുഷ്യരും. ലേഖയുടെ കൂട്ടുകാരി അമ്പിളിയുടെ വീട് ആറ്റിൻകരയിലാണ്. ഏതുസമയവും മലവെള്ളം കുതിച്ചെത്താം. അത് ഓർത്തപ്പോൾ ഗീതുവിന്റെ മനസ്സിൽ ഒരു ഞെട്ടലുണ്ടായി. പ്രകൃതിയുമായി പൊരുത്തപ്പെട്ട് പ്രാണനിൽ ഒട്ടും ആശങ്കയില്ലാതെ ജീവിക്കുന്ന കുറേ മനുഷ്യർ.

തനിയ്ക്ക് മടങ്ങിപോകാൻ സമയമായി. അവധി കഴിയാൻ ഇനി ഒരാഴ്ച്ച മാത്രം.

അമ്മാവൻ ഗീതുവിന് പുതിയ ഉടുപ്പുകൾ തയ്പ്പിച്ചു. യാത്ര പറയാൻ നേരം ലേഖയുടെ മിഴികളിൽ നനവ് കണ്ടു. താൻ ഏറ്റവും സ്നേഹിക്കുന്ന ലേഖയോട് യാത്ര പറയുമ്പോൾ ഗീതുവിന് ഏറെ വിഷമംതോന്നി. തിരിഞ്ഞുനോക്കുമ്പോൾ കണ്ണീരിന്റെ നനവ് തന്നിലും അനുഭവിച്ചറിഞ്ഞു.

പെരുമഴക്കാലം.....

മനസ്സ് ചിന്തകളിൽ നിന്നും ഉണർന്നു. മഴവെള്ളം കാറിന്റെ ഗ്ലാസ്സിലൂടെ ഒഴുകി ഇറങ്ങുന്നു. പുറത്തെ കാഴ്ച്ചകൾ അവ്യക്തമാണ്. ഡ്രൈവർ ഗ്ലാസ്സ് ഇടയ്ക്കിടെ തുടയ്ക്കുന്നുണ്ട്. അകലെയായി ഒരു ആൾക്കൂട്ടം. പെട്ടെന്ന് ഉണ്ടായ ഉരുൾപൊട്ടലിൽ മൂപ്പൻമല ആറ് കര കവിഞ്ഞ് ഒഴുകുകയാണ്. ഇത്ര ഭീകരമായ കാഴ്ച ഇതാദ്യമാണ്. കടപുഴകിയ മരങ്ങൾ കരകളിൽ തട്ടിത്തടഞ്ഞ് വീണ്ടും ഒഴുകുന്നു. ആറ്റിൻകരയിൽ മേഞ്ഞ് നടന്ന പശുക്കളെ തിരഞ്ഞ് ഉടമസ്ഥർ നാലുപാടും ഓടുന്നുണ്ട്.

കുളിക്കാൻ ആറ്റിലിറങ്ങിയ ഒരു പെൺകുട്ടിയും ഒഴുക്കിൽപ്പെട്ടിട്ടുണ്ട്. ആളുകളുടെ സംസാരത്തിൽ നിന്നും ഗീതുവിന് മനസ്സിലായി. ലേഖയാണ് ആ പെൺകുട്ടി എന്നറിഞ്ഞ നിമിഷം മുതൽ അവളുടെ ശരീരം തളർന്നുതുടങ്ങി. കണ്ണുകളിൽ ഇരുട്ട് കയറി.

നീ കൂട്ടിനില്ലാത്ത അവധിക്കാലങ്ങൾ എനിക്ക് സമ്മാനിച്ച്, എന്നെ തനിച്ചാക്കി നീ... മറ്റൊരു ലോകത്തേയ്ക്ക് ഒരുയാത്ര പോലും പറയാതെ...






# ഞാനെന്ന സത്യം

അജയ് ബാലചന്ദ്രൻ
9895659050


തനിക്കായി മാത്രം അധ്വാനം ചെയ്ത ബാലൻ
വർഷങ്ങൾ ഭക്ഷിച്ചു ക്ഷീണിച്ചു വാങ്ങുന്നു
വാർദ്ധക്യവും അതിനപ്പുറം വ്യഥകളും.
അപരനെ താങ്ങുമാ കൂനനാം വൃദ്ധൻ
വർഷങ്ങൾ കൈവിട്ടു ഞൊടികൊണ്ടു നേടുന്നു
ബാല്യവും സംതൃപ്ത സാഫല്യ ശാന്തിയും.
അന്യനെ ദ്വേഷിച്ചതിൽ ആമോദം കാണുന്ന
മാന്യന്റെ വാക്കിലും ശ്രേയസ്ക്കരം തന്നെ
പാദരക്ഷയിലെ പൂക്കൾ മിനുക്കുന്ന
വഴിയോര വൃദ്ധന്റെ ഇല്ലായ്മകൾ
കോർത്തൊരല്പഗീതം.
മായിക ചിറകിന്റെ വീര്യത്തിൽ ഉയരുന്ന
യൗവനത്തിലും ഉത്തമം രാമ നാമം വാഴും
നിശ്ചലവല്മീക വാർദ്ധക്യവാനപ്രസ്ഥം.
ദാനം മറന്നൊരു പൂജയുമില്ലെന്ന സത്യം
വെളിപ്പെടും നാൾവരേക്കും,
ആ ദിവ്യപാദത്തിൽ സർവ്വസമർപ്പണം
ചെയ്യുവാൻ തോന്നുന്ന നിമിഷം വരെ,
സ്ഫടികത്തിൻ പാത്രത്തിൽ
അങ്ങിങ്ങലയുന്ന
വർണ്ണമൽസ്യത്തിന്റെ യാത്രപോലെ
കർമ്മങ്ങൾ നിഷ്പ്രഭം ജീവിതം നിഷ്ഫലം.
സർവ്വചരാചര യന്ത്രങ്ങൾ സ്പന്ദിക്കാൻ ഇന്ധനം,
ഞാനെന്ന സത്യം, അതെന്നും ഗുരു.

## വിരൽ കഥാ പുരസ്ക്കാരം ശ്രീപ്രകാശിന്



തൃശ്ശൂർ: വിരൽ മാസിക ഏർപ്പെടുത്തിയ വിരൽ കഥ പുരസ്ക്കാരത്തിന് ശ്രീപ്രകാശ് ഒറ്റപ്പാലം രചിച്ച ഓൻഞമ്മന്റാളാ എന്ന കഥാസമാഹാരം അർഹത നേടി. ജൂലായ് മാസത്തിൽ തൃശ്ശൂർ കേരള സാഹിത്യ അക്കാദമി ഹാളിൽ വെച്ചാണ് അവാർഡ് സമ്മാനിക്കുന്നത്. ഒറ്റപ്പാലം ഭരതിലെ താമസക്കാരനായ ഇദ്ദേഹം ഒറ്റപ്പാലം എൽ. ഐ. സി. ഓഫീസിലെ ജീവനക്കാരനാണ്. ഏകതത്ത്വ കുടുംബാംഗവുമാണ്. മൊബൈൽ: 9447240642

ശ്രീപ്രകാശിന്
**അഭിനന്ദനങ്ങൾ**



സുരേഷ് തെക്കീട്ടിൽ
9446330957

# വിവരമില്ലായ്മ

**വ**ലിയ വിദ്യാഭ്യാസമോ, വിവരമോ, ലോകപരിചയമോ ഒന്നുമില്ലെങ്കിലും വിവരക്കേട് വിളമ്പുന്ന കൂട്ടത്തിലല്ല താമുണ്ണി. അറിവില്ലായ്മ കൊണ്ടാണ് നാട്ടിലും കുടുംബങ്ങളിലും പല ബന്ധങ്ങളും ഇളക്കം തട്ടാതെ നിലനിന്നു പോകുന്നതെന്നും പലയിടത്തും തമ്മിൽ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാവാത്തതെന്നും താമുണ്ണി പറഞ്ഞപ്പോൾ കേട്ടവരെല്ലാം അന്തംവിട്ടു പോയതും അതുകൊണ്ടുതന്നെയായിരുന്നു. ആ അന്തം വിടലിനാണ് താമുണ്ണി ഇങ്ങനെ വിശദീകരണം നൽകിയത്. കേട്ടിരുന്ന എല്ലാവരും തല കുലുക്കി സമ്മതിച്ച ഒന്നാന്തരം വിശദീകരണം.

എടോ തമ്മിൽ തമ്മിൽ കാണുമ്പോൾ ചിരിച്ച് സ്നേഹം കാണിക്കുന്നവരും കെട്ടിപ്പിടിച്ച് ലോഹ്യം പറയുന്നവരും അങ്ങോട്ട് മാറി കഴിയുമ്പോൾ പറയുന്നതും ചെയ്യുന്നതും പരസ്പരം അറിഞ്ഞാൽ പിന്നെന്ത് സ്നേഹവും ബന്ധവും ബഹളമൊഴിഞ്ഞ് നേരം കാണുമോടാ. അതൊന്നും അങ്ങോട്ടും ഇങ്ങോട്ടും ആരും അറിയുന്നില്ല. ആ അറിവില്ലായ്മ നമിക്കണമെടാ.

# പ്രേരണകൾ

കുടുംബചിലവും പ്രണയത്തിന്റെ ചിലവുകളും ഒന്നിച്ചുകൊണ്ടുപോകാൻ കഴിയാതെ ചക്രശ്വാസം വലിച്ച ആ പാവം ഗുമസ്തന് കാമുകിയുടെ ഉപദേശമെത്തി.

“ചേട്ടനെന്തിനാ ചേട്ടാ ഈ ഹരിശ്ചന്ദ്രൻ കളിക്കുന്നത്. വക്കീലറിയാതെ അത്യാവശ്യം തട്ടിപ്പും വെട്ടിപ്പും ഒക്കെ നടത്ത് അതൊന്നും ഇക്കാലത്ത് ഒരു കുറ്റമല്ല.

മനസ്സില്ലാ മനസ്സോടെ ഗുമസ്തൻ ആ വഴിക്ക് നീങ്ങി. അങ്ങനെ കാര്യങ്ങൾ ഭംഗിയായി മുന്നോട്ടു പോകവേയാണ് അവൾക്ക് വക്കീലിന്റെ കല്യാണാലോചന വന്നത്. അതുറപ്പിച്ചതിന്റെ പിറ്റേദിവസമാണ് പാവം ഗുമസ്തന് ജോലി പോയത്.

# ഒളിച്ചുകളി

രണ്ടു കുട്ടികൾ. മൂത്തത് ആണ് രണ്ടാമത്തത് പെണ്ണ്. ഒരു പരിഗണനയും പ്രാധാന്യവും ആ പെൺകുട്ടിക്ക് ഞങ്ങൾ കൊടുത്തിരുന്നില്ല.

“നമുക്ക് ചെക്കനേ ഉപകരിക്കൂ പെണ്ണ് വെറുതേ ബാദ്ധ്യത.” ഭാര്യ അങ്ങനെ പറയുന്ന ഒരു സമയത്തും ഞാൻ അതിനെ എതിർത്തിട്ടില്ല. പിന്നല്ലാതെ എന്നുപറഞ്ഞ് പിന്തുണക്കുകയല്ലാതെ.

ഭക്ഷണ പദാർത്ഥങ്ങൾ പ്രത്യേകമായി ഉണ്ടാക്കി ചെക്കന് നൽകും. അത് പെണ്ണ് കാണാതിരിക്കാൻ ഞാനും ഭാര്യയും ചെക്കനും ശ്രദ്ധിക്കും. ഒരുതരം ഒളിച്ചുകളി. അതിലൊന്നും ഒരു ശരികേടോ കുറ്റബോധമോ ഞങ്ങൾക്ക് തോന്നിയിരുന്നതേയില്ല.

വർഷങ്ങൾ പെട്ടെന്ന് കടന്നുപോയി. ജീവിത പ്രാരാബ്ധങ്ങൾക്കിടയിലും ഞങ്ങളെ കാണാനെത്തുന്ന മകൾ സ്നേഹത്തോടെ ചെറിയ നോട്ടുകൾ ഞങ്ങളുടെ കൈകളിൽ വച്ചുതരും. അത് ചെക്കൻ കാണാതിരിക്കാൻ ഞാനും ഭാര്യയും അവളും ശ്രദ്ധിക്കും. ഒരുതരം ഒളിച്ചുകളി. ആ താന്തോന്നി കാണാതെ ആ പണം ഒളിപ്പിക്കാനാണ് വയസ്സുകാലത്ത് ഞങ്ങളിപ്പോൾ പെടാപ്പാടു പെടുന്നത്.





ഉല്ലല ബാബു
9645267545, 9349793355

# ശ്രീകോവിൽ

ഏഴുവയസ്സുകാരിയുമായി ഓടുന്നതിനിടയിൽ ആരോ പറഞ്ഞു, ഇതുതന്നെയാണ് പറ്റിയ മാർഗ്ഗം. അവറ്റകളെ ഈ ഗ്രാമത്തിൽ നിന്നും നമുക്ക് ഓടിക്കണം.

“ഇവളെ എവിടെ സൂക്ഷിയ്ക്കും.” മറ്റൊരാൾ ആശങ്കയോടെ ചോദിച്ചു അതോ ശ്രീകോവിലിൽ, അവിടെ നമ്മുടെ കണ്ണനുണ്ടല്ലോ. എല്ലാം അദ്ദേഹം നോക്കിക്കോളും ആർക്കും സംശയം ഉണ്ടാകില്ലല്ലോ രണ്ടുദിവസം കഴിഞ്ഞപ്പോൾ ശ്രീകോവിലിലെ ഓവിൽ നിന്നും രക്തത്തുള്ളികൾ പുറത്തേക്ക് ഒഴുകി വന്നു.

ആ രക്തത്തിന് ഒരു പെൺകുട്ടിയുടെ ഗന്ധമുണ്ടായിരുന്നു.

# ദൈവം


നാട്ടിൽ പട്ടിണി, പരിവട്ടം, പകർച്ചവ്യാധി, പണിയില്ല, അരിയില്ല ജനം വലഞ്ഞു. ദൈവകോപം ജ്യോത്സ്യർ പ്രവചിച്ചു. ജനം ക്ഷേത്രത്തിലേക്ക് ഒഴുകി. ഭണ്ഡാരം നിറഞ്ഞു. ദൈവം ചിരിച്ചു, എന്തുവന്നാലും എനിക്ക് കുശാൽ.

# ശില്പം

താൻ മെനെഞ്ഞെടുത്ത ശില്പത്തെ നോക്കി അയാൾ ഒരു നിമിഷം നിന്നു. വളരെ മനോഹരമായിരിക്കുന്നു, അയാളുടെ മനസ്സ് മന്ത്രിച്ചു. ഉചിതസ്ഥാനത്ത് ഇവനെ പ്രതിഷ്ഠിയ്ക്കണം - ശില്പി നിശ്ചയിച്ചു. ശില്പം ചോദിച്ചു, “പാറയിൽ നിന്നും നീ എന്തിനെന്നെ മോചിപ്പിച്ചു എന്റെ അനുവാദം ഇല്ലാതെ ? പ്രകൃതിയെ പുണർന്നു കിടക്കാനാണ് എനിക്കിഷ്ടം.”

ആ വാക്കുകൾ ശില്പിയുടെ കണ്ണിലും കാതിലും തുളച്ചുകയറി.

അശോപ്പി ചേർത്തല
9388909583



## മൗസ്സ്

**ഏ**ക്കർ കണക്കിന് പരന്നുകിടക്കുന്ന കപ്പത്തോട്ടം. ആന കരിമ്പിൻ കാട്ടിൽ കയറിയതുപോലെ എല്ലാം ഉഴുതുമറിച്ചിട്ടിരിക്കുകയാണ്. എലി വിഷം വച്ചു. എലിപ്പെട്ടി വച്ചു. കണ്ട കത്രിക പൂട്ടി. പക്ഷേ, എല്ലാം നിഷ്ഫലം. ഇനി എന്താണൊരു പോംവഴി ? എന്തായാലും ഗൂഗിളിൽ ഒന്നു സെർച്ച് ചെയ്ത് തോക്കെങ്കിലും പറ്റിയത് കിട്ടിയാലോ !

രാമനാഥൻ കമ്പ്യൂട്ടർ സ്ക്രീൻ ഓൺ ചെയ്തു. മൗസ്സിൽ പിടിച്ചു ഞെക്കി സെർച്ച് എൻജിനിൽ കയറി റാറ്റ്-ട്രാപ്പ് തുറന്നു. ഹോം പേജിൽ അതാ ഒരു ചുണ്ടെലി ! അവൻ നമസ്ക്കാരം ചെയ്തു. എന്നിട്ട് മെല്ലെ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, ''എന്റെ രാമേട്ടാ... കുറേ നാളായിട്ട് ചേട്ടൻ എന്തിനാണിങ്ങനെ ബുദ്ധിമുട്ടുന്നത് ? ആ ഉദ്യമം അങ്ങ് ഉപേക്ഷിച്ചേക്ക് !''

രാമനാഥന് ഒന്നും മനസ്സിലായില്ല. മൗസ്സ് ഒന്ന് ഒളിക്കണ്ണിട്ട് തുടർന്നു : ''ഞങ്ങൾ ടിറ്റർ, ഫേസ് ബുക്ക്, വാട്സ് - ആപ്പ് എന്നീ ത്രിമൂർത്തികളുമായിട്ട് നിരന്തരം ബന്ധപ്പെട്ടുകൊണ്ടാണിരിക്കുന്നത്. എങ്ങനെ നിഷ്പ്രയാസം രക്ഷപ്പെടാമെന്ന് ഞങ്ങൾക്ക് നന്നായിട്ട് അറിയാം. സമയം ഒന്നും കളയാതെ പോയി കിടന്നുറങ്ങാൻ നോക്ക്!' രാമനാഥൻ കമ്പ്യൂട്ടർ ടേൺ ഓഫ് ചെയ്തിട്ട് കട്ടിലിലേക്ക് പതുക്കെ തല ചായ്ച്ചു.

## സമയം

അവന് എന്നും തിരക്കാണ്. മോനേ കഞ്ഞി കുടിച്ചിട്ട് പോടാ എന്ന് അന്നും അമ്മ അവനോട് പറഞ്ഞു. ഇന്ന് സമയമില്ലമ്മേ നാളെയാകട്ടെയെന്ന് ഒരുവിധം പറഞ്ഞൊപ്പിച്ചിട്ട് അവൻ പുറത്തേക്ക് പാഞ്ഞുപോയി.

പിറ്റേന്ന് എപ്പോഴോ അവൻ കയറിവന്നു. അന്നും കഞ്ഞിക്കുവേണ്ടി അമ്മ നിർബന്ധിച്ചു. സമയമില്ലെന്ന പഴയ പല്ലവി മാത്രം.

മൂന്നാം ദിവസം അവൻ കടന്നുവന്നപ്പോൾ കഞ്ഞിയുമില്ല, അമ്മയുമില്ല. സമയം മാത്രം നീണ്ടുനിവർന്നുകിടന്നു.

## കടൽ

പുഞ്ചിരിച്ചു നിറഞ്ഞുപതഞ്ഞൊഴുകി വന്ന തിര തീരത്തോട് ഒന്ന് കിന്നാരം പറഞ്ഞു. അവൻ അവളെ തീരെ ഗൗനിച്ചില്ല. അടുത്ത ദിവസവും അവൾ കരയിലേക്ക് വന്ന് അവനെ ആലിംഗനം ചെയ്തു. അവൻ അവളെ തള്ളിമാറ്റി.

ആതിനടുത്ത ദിവസം സംഹാരരുദ്രയായി വന്ന അവൾ അവന്റെ കൈപിടിച്ച് വലിച്ചുകൊണ്ട് കടലിന്നഗാധതയിലേക്ക് ഉൾവലിഞ്ഞ് മറഞ്ഞുകളഞ്ഞു. ●





വാസന്തി മോഹൻ
9142223960

# ഓർക്കുക വല്ലപ്പോഴും

ഓർക്കുവാനൊട്ടും തന്നെ ഇഷ്ടമല്ലെന്നാകിലും
ഒപ്പമുണ്ടവൻ നമ്മോടൊത്തോരോ നിമിഷവും
പാദപതനം കേൾപ്പിക്കാതാഗമിക്കുന്നുണ്ടവൻ
പതിയെപ്പതിയെ നാം പോലുമറിയാതെ.

ഏതുനിമിഷവും കടന്നുപിടിച്ചിടാം മടിയാതെ
ഭീതിയോടത്രേമർത്ത്യനോർക്കുന്നാനാമം പോലും
ചതിയനവനെ തളച്ചീടുവാനായിട്ടൊരു
പ്രതിവിധി കണ്ടെത്തിയിട്ടില്ലിന്നോളമാരും തെല്ലും

വലിയവൻ ചെറിയവൻ ധനികൻ ദരിദ്രനെന്ന
വകഭേദവുമൊട്ടുമവനില്ലെന്നതൊരു സത്യം
അവിചാരിതമായേതു നിമിഷവും കടന്നെത്തുമീ-
യതിഥിയെല്ലാവർക്കും ഭീകരം ഭയാനകം.


അന്യരെ ഗ്രസിച്ചീടവേയറിയുന്നില്ലാനാം
അനിവാര്യമാകുമീമുഹൂർത്തത്തെയോർക്കാറില്ല
ഹന്ത! നാം നേടിയതെല്ലാമുപേക്ഷിച്ചുപോകണം
ചിന്തനീയം മർത്ത്യായാത്യന്തികമീയവസ്ഥയെ.

ഒളിച്ചുപാർക്കാനൊരിടമില്ലവനെത്താത്തതായ്
ഒരുത്തനുമവനിൽനിന്നില്ല മുക്തിയെന്നതും ചിന്ത്യം.
ഓരോന്നുനേടീടാനായ് കടിപിടി കൂട്ടീടുമ്പോൾ
ഒടുവിലെത്തുമീയതിഥിയെ ഓർക്കുക വല്ലപ്പോഴും.

ജഢമായ് തീരേണ്ടുന്ന ദിനവും കുറിച്ചത്രെ
ജാതനാക്കുന്നു സർവ്വജീവജാലത്തേയും ദൈവം
നിതാന്തമീസത്യത്തെ മാറ്റിമറിച്ചീടുകവയ്യ.
ജനിച്ചാൽ മരിക്കണമോർക്കുക വല്ലപ്പോഴും.

സ്ഥിരമല്ലിവിടുത്തെ ജീവിതമോർത്തീടുക
സ്ഥാവരജംഗമങ്ങൾ സർവ്വതും നശ്വരം താൻ
പരമാത്മ ചൈതന്യം നഷ്ടമായിടും നിമിഷത്തിൽ
പാഴ്ശവം മാത്രമീ നാം ഓർക്കുക വല്ലപ്പോഴും.

# ഒരു മാരുതി 800ന്റെ മരണം



പ്രകാശൻ ചുനങ്ങാട്
9447278230

**ആ** മാരുതികാറിന്റെ മരണം പോലീസുകാരെ ശരിക്കും ആശയക്കുഴപ്പത്തിലാക്കി. KL6462 എന്നായിരുന്നു അവന്റെ പേര്. 800 മോഡൽ. സംഖ്യാശാസ്ത്രപ്രകാരം ഭാഗ്യമുള്ള നമ്പർ. എന്തിനായിരുന്നു അവൻ ആത്മഹത്യ ചെയ്തത് ?

റിട്ടയേർഡ് ചീഫ് എഞ്ചിനീയർ ഗംഗാധരൻ നായരാണ് അവന്റെ യജമാനൻ. തൊള്ളായിരത്തി തൊണ്ണൂറ്റഞ്ചിലാണ് ഗംഗാധരൻ നായർ ഈ കാറ് സ്വന്തമാക്കുന്നത്. വില കൊടുത്തു വാങ്ങി എന്നുതന്നെയാണ് അയാൾ ആണയിട്ടു പറയുന്നത്. പോലീസുകാർക്ക് വിശ്വാസമായിട്ടുണ്ടോ എന്നറിയില്ല. മരാമത്തു വകുപ്പു കയ്യാളിയിരുന്ന ചീഫ് എഞ്ചിനീയർ. അങ്ങേര് എന്തെങ്കിലും ഒരു സാധനം വില റൊക്കം കൊടുത്തു വാങ്ങി എന്നു പറയുമ്പോൾ ആർക്കായാലും അവിശ്വാസം തോന്നാം.

അതെന്തോ ആവട്ടെ. ഗംഗാധരൻ നായരുടെ സ്വന്തം അടിമയായിരുന്നു ആ കാറ്. കുറിയവനാണെങ്കിലും ഒരു കുതിരയുടെ കരുത്തും വേഗവുമുണ്ട് KL6462ന്. യജമാനനേയും കൊച്ചമ്മയേയും തടിച്ചികളായ രണ്ടു പെൺമക്കളേയും ചുമന്നുകൊണ്ട് നാടായ നാടുകളിൽ അവനോടിയെത്തി. ഒരിക്കലെങ്കിലും വഴിയിൽ കിടന്നില്ല. സ്റ്റിയറിങ്ങിൽ യജമാനനൊന്നു കൈവെയ്ക്കുമ്പോഴേക്കും അവൻ മൂളിക്കൊണ്ടുണരുകയും ഓടാൻ റെഡിയാവുകയും ചെയ്യുന്നു. ആദ്യത്തെ അഞ്ചു വർഷം അവൻ വർക്ക്ഷോപ്പിന്റെ പടിപോലും കണ്ടില്ല. മരുന്നോ ഇഞ്ചക്ഷനോ വേണ്ടിവന്നില്ല.

അഞ്ചുവർഷം കഴിഞ്ഞിട്ടും അവന്റെ യൗവനത്തിനൊരു മങ്ങലുമേറ്റില്ല. എന്നാലും ഇടയ്ക്കു വല്ലപ്പോഴും യജമാനൻ അവനെ വർക്ക്ഷോപ്പിലേക്കു കൂട്ടിക്കൊണ്ടുപോയി ബിപിയും ഷുഗറും പരിശോധിപ്പിച്ചു. എഞ്ചിനോയിലും ബ്രേക്കോയിലും മാറ്റി. പുതിയ ക്ലച്ച് ഡിസ്ക്ക് പിടിപ്പിച്ചു. തേമാനം വന്നതുകൊണ്ട് നാലു ടയറുകളും പുതുക്കി. ഇത്രയൊക്കെ മഞ്ഞും മഴയും വെയിലുമേറ്റിട്ടും പാലു പോലെ വെളുത്ത അവന്റെ മേനിയഴകിന്റെ തിളക്കം അപ്പോഴും നിലനിന്നു.

കുള്ളന്മാരാണെങ്കിലും അവന്റെ വർഗ്ഗക്കാരെപ്പറ്റി നാട്ടുകാർക്കു മതിപ്പായിരുന്നു. ഇന്ത്യൻ വംശജരായ അമ്പാസഡർമാരും ഫിയറ്റ് പത്മിനിമാരും കാർമാർക്കറ്റിൽ വിലസുമ്പോഴാണല്ലോ മാരുതി 800ന്റെ വരവ്. സങ്കരവർഗ്ഗക്കാരൻ. കുറിയ ശരീരവും ഇടുങ്ങിയ കണ്ണുകളും വട്ടമുഖവുമുള്ള ജപ്പാൻകാരന്ന് ഇന്ത്യക്കാരിയായ സുന്ദരിയിലുണ്ടായ സന്തതി.

വഴിയിൽ കിടക്കുന്ന സ്വഭാവമുണ്ട് അമ്പാസഡർക്ക്. ഓടിക്കൊണ്ടിരിക്കുമ്പോൾ ഈ കക്ഷിക്ക് ചില നേരങ്ങളിൽ ലെവലു തെറ്റും, ചിലപ്പോൾ ബ്രേക്കു പോവും എവിടെയെങ്കിലും ചെന്നു ചാർത്തിയെന്നും വരും. കാഴ്ചയ്ക്കു സുന്ദരിയാണെങ്കിലും പത്മിനിക്ക് സ്റ്റാമിനയില്ല. കുണ്ടും കുഴിയും നിറഞ്ഞ പരുക്കൻ റോഡുകളിലൂടെ ഓടുമ്പോൾ അവൾ അവശയാകുന്നു. കൂടുതലാളുകളെ ചുമക്കേണ്ടി വരുമ്പോഴും അവൾ ക്ഷീണിച്ചു പോകുന്നു.

അങ്ങനെയിരിക്കുമ്പോഴാണല്ലോ കാർമാർക്കറ്റിലേക്ക് മാരുതി 800ന്റെ വരവ്. ജപ്പാൻകാരന്റെ തളരാത്ത പ്രകൃതം, ചുറുചുറുക്ക്. ഇന്ത്യക്കാരിയുടെ ചന്തം ആകൃതിയിലും അവൻ അച്ഛന്റെ തനി സ്വരൂപം. നിസ്സാരനെന്ന് കാണുന്നവർക്കു തോന്നാമെങ്കിലും അറബിക്കുതിരയുടെ കരുത്തും വേഗവുമുണ്ടായിരുന്നു മാരുതി 800ന്.

പിന്നീട് മാരുതിയുടെ തറവാട്ടിൽ നിന്ന് കുറേക്കൂടി ആകാരവലിപ്പമുള്ള, കുതിരശ്ശക്തി കൂടുതലുള്ള കാറുകൾ ഒന്നിനു പിറകേ ഒന്നായി മാർക്കറ്റിലെത്തിക്കൊണ്ടിരുന്നു. എന്തിനധികം വിസ്തരിക്കുന്നു, ഈ സങ്കരസന്തതികൾ അമ്പാസഡറിനേയും പത്മിനിയേയും മാർക്കറ്റിൽനിന്ന് പുകച്ചു പുറത്താക്കി. അമ്പാസഡറിന്റേയും പത്മിനിയുടേയും ആപ്പീസു പൂട്ടി.

കാലം മുമ്പോട്ടുതന്നെ പോയിക്കൊണ്ടിരുന്നു. ജർമ്മനിയിൽനിന്നും ഇറ്റലിയിൽനിന്നും അമേരിക്കയിൽനിന്നും ബലിഷ്ടശരീരികളായ അടിമകൾ ഇന്ത്യയിലെ മാർക്കറ്റിലെത്തിത്തുടങ്ങി. ചിലരോ ഭീമാകാരന്മാരായിരുന്നു.

റിട്ടയേർഡ് ചീഫ് എഞ്ചിനീയർ ഗംഗാധരൻനായരുടെ വിശ്വസ്തനായ അടിമയായിരുന്നു മാരുതി 800. ഗംഗാധരൻ നായർക്കും അവൻ പ്രിയപ്പെട്ടവനായിരുന്നു.

ഗംഗാധരൻ നായരുടെ ഭാര്യയ്ക്കും മക്കൾക്കും അവനോടിഷ്ടം കുറഞ്ഞു കുറഞ്ഞു വന്നു. ആഡംബരക്കാറുകൾ റോഡിലോടിത്തുടങ്ങിയ കാലം അവസ്ഥയ്ക്കൊത്തൊരു കാറു വേണമെന്ന് അവർക്കു കലശലായ മോഹം. നാലുപേരു കൂടുന്നിടത്ത് മാരുതി 800ൽ ചെന്നിറങ്ങാനൊരു ജാള്യത. ബെൻസും ഓഡിയും ടയോട്ട ആൾട്ടിസും നിരന്നു നിൽക്കുന്നതിനിടയ്ക്ക് മാരുതി 800

പാർക്കു ചെയ്യുന്നത് നാണക്കേടു തന്നെ. ജനം എന്തു വിചാരിക്കും അവരെപ്പറ്റി, അവരുടെ ഭർത്താവിനെപ്പറ്റി, കുട്ടികളുടെ അച്ഛനെപ്പറ്റി.!

ദാരിദ്ര്യരേഖയ്ക്കു താഴെക്കിടക്കുന്ന മനുഷ്യൻ. അല്ലെങ്കിൽപ്പിന്നെ ഈ തുക്കടാ വണ്ടി തള്ളിക്കൊണ്ടു നടക്കേണ്ട ഗതികേടു വരുമായിരുന്നില്ലല്ലോ. ഇങ്ങനെത്തന്നെയാണ് നാട്ടുകാരും ഗംഗാധരൻ നായരെപ്പറ്റി വിചാരിച്ചത് എന്ന് ഗംഗാധരൻ നായർക്കു തോന്നിയില്ല. നാലു തലമുറയ്ക്ക് പടിഞ്ഞിരുന്നുണ്ണാനുള്ള വഹകൾ സമ്പാദിച്ചിട്ടുണ്ട് ഗംഗാധരൻ നായർ സർവീസിലുണ്ടായിരുന്ന കാലത്ത്. ലക്ഷങ്ങളുടെ ബാങ്കു ബാലൻസ്. അമ്പതേക്ര റബ്ബർ, പത്തേക്ര തെങ്ങ്, കൊട്ടാരം പോലൊരു വീട്.

കാലം മാറി വരുന്നത് ഗംഗാധരൻ നായരറിഞ്ഞില്ല. കോടീശ്വരനാണ് ഗംഗാധരൻ നായരെന്നു പറഞ്ഞുകേൾക്കുന്നു. തെളിവെവിടെ. ഇത്രയൊക്കെ സ്വത്തുണ്ടായിരുന്നെങ്കിൽ ഒരു ബെൻസു കാറെങ്കിലും അയാളുടെ കാർ ഷെഡ്ഡിൽ വിശ്രമിക്കുന്നുണ്ടാവില്ലേ.

വെറും നുണ. ഗതികേടു കൊണ്ടായിരിക്കും ആ മാരുതി 800 ഓടിച്ചുനടക്കുന്നത്. ജാംബവാന്റെ കാലത്തിറങ്ങിയ സാധനം. ആ കാറ് ഒഴിവാക്കാനും പുതിയൊരു യമണ്ടൻ കാറു വാങ്ങാനും അയാൾക്ക് ആഗ്രഹം കാണുമായിരിക്കും. ഇയാളെക്കൊണ്ടു പറ്റുന്നുണ്ടാവില്ല.

നാട്ടുകാരുടെ കണ്ണിൽ ഗംഗാധരൻ നായരുടെ വലിപ്പം കുറഞ്ഞു വന്നു. തീരെച്ചെറുതായി. ബിലോ പോവർട്ടി ലൈനായി. ദാരിദ്ര്യരേഖയ്ക്കു താഴേക്ക് ഗംഗാധരൻ നായർ വീണു.

കാലിന്നടിയിലെ മണ്ണ് ഊർന്നു പോകുന്നുണ്ടെന്ന് ഗംഗാധരൻ നായരറിഞ്ഞില്ല. ഭാര്യയും മക്കളും ഇക്കാര്യം മനസ്സിലാക്കി. ഇതു ശരിയാവില്ല. പുതിയ കാറു വാങ്ങണം. വാങ്ങുന്നുണ്ടെങ്കിൽ അതു ബെൻസായിരിക്കണം. അതിൽക്കുറഞ്ഞ ഒരു കാറും വേണ്ട.

ഭാര്യയും മക്കളും ചേർന്ന് ഗംഗാധരൻ നായരെ ബലമായി പിടിച്ചിരുത്തി. ചെവിയിൽ കടുകുവാരിയിട്ടു. ഗംഗാധരൻ നായരുടെ വെപ്രാളം കണ്ട് അവർ ഊറിച്ചിരിച്ചു. അങ്ങനെയാണ് ഗംഗാധരൻ നായർ ബെൻസു കാറു വാങ്ങിയത്. പോർട്ടിക്കോയോടു ചേർന്ന കാർ ഷെഡ്ഡിൽ അവനെ തളച്ചിട്ടു.

പാവം മാരുതി 800ന്റെ കിടപ്പ് മുറ്റത്തിന്റെ അങ്ങേ അരികിലായി. കുളിപ്പിക്കാനാളില്ലാത്തതു കൊണ്ട് മേലാസകലം പൊടി പറ്റി, പാലു പോലെ വെളുത്ത നിറം മാഞ്ഞു. അറപ്പിക്കുന്ന മഞ്ഞയാണിപ്പോൾ. സ്റ്റാർട്ടു ചെയ്യാനും പുറത്തേക്കെടുക്കാനും കുളിപ്പിക്കാനും ആളില്ലാത്തതുകൊണ്ട് കുറേശ്ശ തുരുമ്പു കേറാനും തുടങ്ങി.

ഷെഡ്ഡിൽ അലസം കിടക്കുന്ന ബെൻസ് ഒരു നികൃഷ്ടജന്തുവിനെക്കാണുന്നതുപോലെ മാരുതി 800നെ നോക്കി. അവസരം ഒത്തു വരട്ടെ. ഇവനെ മൂടുകൊണ്ടിടിച്ച് പപ്പടമാക്കണമെന്ന് ബെൻസ് ഉറപ്പിച്ചു.

പിന്നീടങ്ങോട്ട് ബെൻസിലായി ഗംഗാധരൻ നായരുടേയും കുടുംബത്തിന്റേയും യാത്ര. മുറ്റത്തിന്റെ അങ്ങേയരികിൽ അനാഥനെപ്പോലെ കിടക്കുന്ന പഴയ സഹചാരിയെ കാണുമ്പോൾ ആദ്യമൊക്കെ ഗംഗാധരൻ നായർക്ക് വിഷമം തോന്നുമായിരുന്നു. പിന്നെപ്പിന്നെ ആ കാറൊരു അപശകുനമായി ഭാര്യയും മക്കൾക്കുമെന്നപോലെ ഗംഗാധരൻ നായർക്കും തോന്നിത്തുടങ്ങി.

മാരുതി 800നെ കിട്ടിയ വിലയ്ക്ക് ആർക്കെങ്കിലും കൈമാറിയാലോ എന്ന് ആലോചന മുറുകി വന്നപ്പോഴാണ് ആ അത്യാഹിതം സംഭവിച്ചത്. അവൻ പുഴയിൽച്ചാടി ആത്മഹത്യ ചെയ്തു.

ഗംഗാധരൻ നായർ പോലീസിനോട് പറഞ്ഞതിങ്ങനെ: പുറത്തേക്കുള്ള ഗേറ്റ് രാത്രി കിടക്കാൻ പോകുന്ന നേരത്ത് പൂട്ടിയിടാറുള്ളതാണ്. പുറംപണിക്കു നിൽക്കുന്ന ശിവരാമനാണ് എന്നും ഗേറ്റു പൂട്ടുന്നത്. ഇന്നലെ രാത്രി ഒരുപക്ഷേ അവൻ ഗേറ്റു പൂട്ടാൻ മറന്നുപോയിക്കാണും. അവനത് സമ്മതിച്ചുതന്നിട്ടില്ല. പാതിരാച്ചെന്ന നേരത്ത് കാറ് സ്വയം സ്റ്റാർട്ടായി. ഗേറ്റ് ഇടിച്ച് തള്ളിത്തുറന്ന് റോഡിലേക്കിറങ്ങി, പുഴവക്കുവരെ ഓടിച്ചു പോയിട്ടുണ്ടാവണം. നിറപ്പുഴ വെള്ളത്തിലേക്ക് എടുത്തുചാടിയതായിരിക്കണം. ബെൻസിനു കിടക്കാൻ വേണ്ടി അവനെ പുറത്താക്കേണ്ടി വന്നു. ബെൻസുള്ളതുകൊണ്ട് ഈ കാറ് ഓടിക്കേണ്ട ആവശ്യമേ വരുന്നില്ല. ആ മനോവിഷമം കാരണമായിരിക്കണം അവൻ പുഴയിൽച്ചാടി ആത്മഹത്യ ചെയ്തത്.

സത്യസന്ധമെന്ന് ഗംഗാധരൻ നായർ ആണയിട്ടു പറയുന്ന വാക്കുകൾ പക്ഷേ പോലീസ് പൂർണ്ണമായും വിശ്വസിച്ചിട്ടില്ല. ഗേറ്റ് ഇടിച്ചു തുറന്നതാണെങ്കിൽ ഗേറ്റ് പുറത്തേക്ക് തുറന്നു കിടക്കേണ്ടതല്ലേ. അകത്തേക്കു മാത്രം തുറക്കാവുന്നതാണല്ലോ ഗംഗാധരൻ നായരുടെ ഈ ഗേറ്റ്.

ഇതൊരു കൊലപാതകമായിക്കൂടെ എന്നാണ് സർക്കിൾ ഇൻസ്പെക്ടറുടെ ചോദ്യം. ഗംഗാധരൻ നായരുതന്നെ അവനെ സ്നേഹപൂർവം വിളിച്ചുകൊണ്ടുപോയി, നാലു ഡോറും ലോക്കു ചെയ്ത്, സ്റ്റാർട്ടു ചെയ്ത്, പുഴയിലേക്ക് തള്ളിവിട്ടതാണെങ്കിലോ. കൈയും കാലും പൂട്ടിയതുകൊണ്ട് അവന് രക്ഷപ്പെടാൻ കഴിഞ്ഞിട്ടുണ്ടാവില്ല.

നായര് വിലയ്ക്കെടുത്ത ഏതെങ്കിലും ക്വട്ടേഷൻ ടീമായിക്കൂടെ ഈ കൃത്യം നടത്തിയത് ? കാറ് സ്വയം സ്റ്റാർട്ടായി, ഗേറ്റു കടന്നുപോയി, പുഴയിൽച്ചാടിച്ചത്തു എന്നു വിശ്വസിക്കാൻ എന്തായാലും സർക്കിൾ ഇൻസ്പെക്ടർ ഒരുക്കമല്ല.

ഇൻക്വസ്റ്റു കഴിഞ്ഞു. മഹസ്സറെഴുതി. ഇനി എഫ്.ഐ.ആർ. തയ്യാറാക്കണം. അപരാധികളാരായാലും അവർ രക്ഷപ്പെടാതിരിക്കണമെങ്കിൽ കണ്ണിബലവും ഇഴയടുപ്പവുമുള്ളതായിരിക്കണം ചാർജ്ജ് ഷീറ്റ്. പോകുന്നപോക്കിൽ സർക്കിൾ ഇൻസ്പെക്ടർ കാർഷെഡ്ഡിൽ അലസം വിശ്രമിക്കുന്ന ബെൻസു മുതലാളിയെ ഇടം കണ്ണിട്ടു നോക്കി. ഈ കൊലപാതകത്തിൽ ഇവന്റെ റോളെന്താണെന്ന് അത്ഭുതപ്പെടുകയായിരുന്നു ഇൻസ്പെക്ടർ.

●

■ കവിത



പ്രതിഭ അംബാടി
9746213960

## നിഴൽപ്പാടുകൾ

കുതികാൽ വെട്ടാൻ
കൊടുവാളുമായി നടന്നവർ
ഒഴിഞ്ഞുപോയെന്ന് ആശ്വാസം
ക്ഷണികം മാത്രം...
അതാ വീണ്ടും
കൊടുവാളിന്റെ നിഴൽ...
നേരെ പുറകിൽ...
ഇതെന്തു ലോകം ??
അനുഭവങ്ങളിൽ നിന്നും
ഒന്നും തന്നെ പഠിക്കാത്ത
കുറേ ജന്മങ്ങൾ !
വെട്ടുകൊണ്ടതിന്റെ മുറിവുകൾ
ഉണങ്ങിയെന്നെ ഉള്ളു
അവ തീർത്ത പാടുകൾ,
ഇനിയും അങ്ങിനെ തന്നെ
കിടക്കുന്നു
ഒരു ബാക്കിപത്രം പോലെ
ഇല്ല
ഇനി ഒരു വെട്ടു കൊള്ളാൻ
നിന്നു കൊടുക്കില്ല
ഇത് എന്റെ ജീവിതം
സംരക്ഷിക്കേണ്ടത് എന്റെ കടമ
അപകടങ്ങളിൽ നിന്നും
ഒഴിഞ്ഞുമാറേണ്ടത്
എന്റെ ഉത്തരവാദിത്വം...

**രചനകളും അഭിപ്രായങ്ങളും അയയ്ക്കേണ്ട വിലാസം** :
ഏക തത്ത്വ
എ-9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം,
പാലക്കാട് - 678001.
or
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001

■ കഥ



അശോകൻ രാജീവം
9447533850

# ഹർത്താൽ മഴയത്ത്...

**ഇ**ന്നേക്ക് രണ്ടു ദിവസമായി ഹർത്താൽ തുടങ്ങിയിട്ട്. കടകളും ഹോട്ടലുകളുമെല്ലാം അടഞ്ഞുകിടക്കുകയാണ്. ഒരു ഗ്ലാസ് വെള്ളം പോലും കിട്ടാൻ വഴിയില്ല. കടുത്ത ഹർത്താലാണ്. എട്ടുവയസ്സുപോലും തികഞ്ഞിട്ടില്ലാത്ത ഒരു പിഞ്ചുപെൺകുട്ടിയെ പത്തുപേർ ചേർന്ന് പിച്ചിച്ചീന്തിയതിനെതിരെ നടത്തുന്ന ഹർത്താലാണ്. വേണ്ടതു തന്നെ ! പക്ഷേ, കാക്കിയണിഞ്ഞവർക്ക് ഹർത്താൽ സമയത്ത് വിശപ്പും ദാഹവും ഉണ്ടാവില്ല എന്ന് ട്രെയിനിംഗ് സമയത്ത് പറഞ്ഞുകേട്ടിരുന്നില്ല.

രാഷ്ട്രീയക്കാരെല്ലാം ഓരോരോ കാരണങ്ങൾക്കും ഹർത്താൽ നടത്തുമ്പോൾ കാക്കിയണിഞ്ഞവർ - നിയമപാലകർ മഞ്ഞും മഴയും വെയിലും ഒന്നും ബാധകമല്ലാതെ, നേരത്തിന് ആഹാരം കിട്ടാതെ, എന്തിനേറെ സ്വരക്ഷയ്ക്കുപോലും ഒരു ആയുധമില്ലാതെ നടുറോഡിൽ നായ അലയുന്നതുപോലെ...

ഇന്ന് കാലത്തേ തുടങ്ങിയ മഴയാണ്. വിജനമായ നഗരം മഴയത്ത് നനഞ്ഞുകുളിച്ചുനിൽക്കുന്നതുകാണാൻ നല്ല ചന്തമുണ്ട്. നേരം ഉച്ചയോടടുത്തിരിക്കുന്നു. വിശപ്പ് കുടലിനെ കാർന്നുതിന്നാൻ തുടങ്ങിയിരിക്കുന്നു.

അമ്മയുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു മകൻ പോലീസ് കുപ്പായം ഇട്ടുകാണണമെന്ന്. പക്ഷേ, പ്രീഡിഗ്രിക്ക് ഫസ്റ്റ് ഗ്രൂപ്പെടുത്ത് കോളേജിൽ ചേർക്കുമ്പോൾ അച്ഛന്റെ മനസ്സിൽ മകനെ ഒരു എഞ്ചിനീയറാക്കാനായിരുന്നു മോഹം. ആദ്യത്തെ രണ്ടുമാസം മാത്രമേ ആ മോഹത്തിന് ആയുസ്സുണ്ടായിരുന്നുള്ളൂ. എടുത്താൽ പൊങ്ങാത്ത കുടുംബ ഭാരത്തെ മകന്റെ തലയിൽ ഏൽപ്പിച്ച് അച്ഛൻ മൺമറഞ്ഞപ്പോൾ പിന്നെ, നിർബന്ധിച്ച് ധൈര്യം തന്ന് പഠിപ്പിക്കുവാൻ ആരുമുണ്ടായില്ല.

പ്രായത്തേക്കാൾ ശരീരവളർച്ചയുണ്ടായിരുന്നതുകൊണ്ടും തന്റെ കഠിനാദ്ധ്വാനം കൊണ്ടും മൂന്നാലുവർഷത്തിനുള്ളിൽ ഈ കാക്കിയുടുപ്പ് അണിയാൻ കഴിഞ്ഞു. സമപ്രായക്കാരായ സുഹൃത്തുക്കളൊക്കെ യൗവ്വനം മുന്തിരിച്ചാറുപോലെ നുണയുമ്പോൾ ഈ കാക്കിയുടുപ്പിന്നുള്ളിൽ ഒരു യുവത്വം ഉമിത്തീപോലെ നീറി നീറി അമരുന്നത് ആരും തിരിച്ചറിഞ്ഞില്ല. അഥവാ, അറിഞ്ഞവരാരും തന്നെ അത് ഭാവിച്ചുമില്ല.

ഇരുപതുവയസ്സിൽ ഈ ജോലിയിൽ പ്രവേശിച്ചതാണ്. അടുത്ത മാസത്തേക്ക് പതിനെട്ടുവർഷം തികയുന്നു. ഈ പതിനെട്ടുവർഷത്തെ ജീവിതത്തിന്നിടയിൽ സ്വന്തമായി ഒന്നും ഉണ്ടാക്കിയില്ല. നാലു സഹോദരിമാരുടെ വിവാഹങ്ങളും പ്രസവങ്ങളും കഴിഞ്ഞ് അവരെ മാന്യമായി രീതിയിൽ പറഞ്ഞുവിടാൻ പെട്ടപാട് ഈശ്വരന് മാത്രമേ അറിയൂ. അച്ഛൻ മരിക്കുമ്പോൾ രണ്ടാം ക്ലാസ്സിൽ പഠിക്കുകയായിരുന്ന അഞ്ചാമത്തെ പെങ്ങൾ ഇപ്പോൾ രണ്ടാം വർഷ ബിരുദത്തിന് പഠിക്കുന്നു.

സഹോദരിമാർ ഏകദേശം ഒന്നൊന്നൊര വർഷത്തോളമായി വീട്ടിൽ വന്നിട്ട് അല്ലെങ്കിൽ മാസത്തിലൊരിക്കൽ കുടുംബസമേതം വന്ന് ഒന്നോ രണ്ടോ ആഴ്ച തിന്നും കുടി

ച്ചും വീട്ടിലാകെ ബഹളമായിരിക്കും. അപ്പോഴേക്കും തനിക്ക് ബ്ലേഡ് ശശിയുടെ പറ്റുബുക്കിൽ അടുത്ത പേജ് തുറന്നിട്ടുണ്ടാകും. ഇപ്പോൾ അവർ തിരിഞ്ഞുനോക്കാത്തതിനും കാരണം ഉണ്ട്. കഴിഞ്ഞ ഒന്നരവർഷത്തോളമായി അമ്മ കിടപ്പിലായിട്ട്...

ചികിത്സിക്കാൻ ഡോക്ടർമാരില്ല. മൂത്ത പെങ്ങൾ കഴിഞ്ഞ തവണ വന്നപ്പോൾ പറഞ്ഞു, വയസ്സും അധികം ആയല്ലോ ഇനി അധികം പണം ചിലവാക്കീട്ട് കാര്യോന്നില്ല. ‘‘നീ ഉള്ള പൈസ മുഴുവൻ ആവശ്യമില്ലാതെ ചെലവാക്കരുത് ബിന്ദു മോൾക്ക് ഈ വർഷം മെഡിസിന് ചേരണം. നിന്റെ മരുമകൾ ഒരു ഡോക്ടറായി വരുന്നത് നിനക്കൊരു അഭിമാനമല്ലേ...’’

കോളേജിൽ പഠിക്കുന്ന അനുജത്തി കഴിഞ്ഞ ഒരു വർഷമായി ഹോസ്റ്റലിലേക്ക് താമസം മാറ്റിയിരിക്കുകയാണ്. വീട്ടിൽ അമ്മയിങ്ങനെ കിടക്കുന്നത് കാണുമ്പോൾ മനസ്സിന് ഒരു സ്വസ്ഥതയുമില്ല. പഠിത്തത്തിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല ഏട്ടാ... അവളെങ്കിലും ബുദ്ധിമുട്ടുകൾ അറിയാതെ പഠിക്കട്ടെ എന്നു വിചാരിച്ചു. അമ്മയെ നോക്കാൻ ഒരു ഹോം നേഴ്സിനെ ഏർപ്പാട് ചെയ്തു.

രണ്ടാഴ്ച മുമ്പ് കോളേജിൽ നിന്നും സ്റ്റഡി ടൂറിന് പോയ കുഞ്ഞനുജത്തി പിന്നെ തിരിച്ചുവന്നില്ല. വന്നത് വാട്സ് ആപ്പിൽ അവളുടെ ഒരു വിവാഹഫോട്ടോയും കൂടെ ഒരു ക്ഷമാപണവും ആയിരുന്നു. രാത്രി ഡ്യൂട്ടി കഴിഞ്ഞ് വരുമ്പോൾ ആളൊഴിഞ്ഞ് തോട്ടിൻവക്കത്ത് ഇരുട്ടിന്റെ മാറിൽ മുഖം പൂഴ്ത്തി, മരിച്ചുപോയ അച്ഛനെയോർത്ത് ശബ്ദമില്ലാതെ കുറേ കരഞ്ഞു. മനസ്സിൽ വധൂവരൻമാർക്ക് ആശംസകളും നേർന്നു.

ആവുന്നിടത്തോളം നീരു വലിച്ചെടുത്ത് വെറുമൊരു ചണ്ടി മാത്രമായപ്പോൾ പെങ്ങമാർക്ക് ചേട്ടൻ ഒന്നിനും കൊള്ളാത്തവനായി. മാസാദ്യവാരം കിട്ടുന്ന ശമ്പളം കൊണ്ട് കടം തന്നവർക്കും അമ്മയ്ക്ക് മരുന്നിനും ബാക്കി അത്യാവശ്യ ചെലവുകളും കഴിച്ചാൽ വീണ്ടും പഴയ പോലെത്തന്നെയാവും സ്ഥിതി. ചിലപ്പോൾ തോന്നും കുടിക്കുന്ന കഞ്ഞിയിൽ അൽപം വിഷം ചേർത്താലോ എന്ന്. പക്ഷേ വാടിത്തളർന്ന അമ്മയുടെ മുഖം കാണുമ്പോൾ അതിനും വയ്യ...

ഇന്നലെ കാലത്ത് വീട്ടിൽ നിന്നുമിറങ്ങുമ്പോഴേ അമ്മയ്ക്ക് പതിവിലുമധികം ക്ഷീണം ഉണ്ടായിരുന്നു. സ്റ്റേഷനിൽ വന്നതും, ലീവ് ലെറ്റർ എഴുതി മേലധികാരിയെ സമീപിച്ചപ്പോൾ അദ്ദേഹം സമ്മതിച്ചില്ല. ‘‘ഇതുപോലുള്ള അത്യാവശ്യഘട്ടങ്ങളിൽ നിങ്ങളെ പോലുള്ള ‘സിൻസിയറായ’ ഉദ്യോഗസ്ഥൻമാർ ലീവെടുത്ത് ഡിപ്പാർട്ടുമെന്റിനെ വഷളാക്കരുത്.’’

താനായിട്ട് ഇനി ഡിപ്പാർട്ടുമെന്റിന് ഒരു മാനക്കേടുവരേണ്ട എന്നുകരുതി, എഴുതിയ ലീവ് ലെറ്റർ ചീന്തി കാറ്റിൽ പറപ്പിച്ചു.

‘‘മുന്നൂറ്റി പതിനെട്ടേ’’

പെട്ടെന്നൊരു വിളികേട്ട് അയാൾ ഞെട്ടിത്തിരിഞ്ഞുനോക്കി. അരികിലൊരു ജീപ്പു വന്നുനിൽക്കുന്നു. ഇവരെപ്പോഴാണ് വന്നത്. ജീപ്പിനുള്ളിൽ എസ്. ഐ.യെ കണ്ടപ്പോൾ, അയാൾ ക്ഷീണിച്ച കൈപൊക്കി സല്യൂട്ടടിച്ചു.

‘‘താൻ ജീപ്പിലോട്ട് കേറിക്കോ. വലിയങ്ങാടിയിലെന്തോ ബഹളമുണ്ടായിട്ടുണ്ട്. ഞങ്ങൾ അങ്ങോട്ടാണ്. വാ വേഗം കേറ്.’’ അടുത്ത നിമിഷം അയാളിലെ മുന്നൂറ്റി പതിനെട്ടാം നമ്പർ പോലീസുകാരൻ ഉണർന്നു. ഉടൻ അയാൾ ജീപ്പിലേക്ക് ചാടിക്കയറി. വലിയങ്ങാടിയിലെത്തുമ്പോൾ അവിടെ വല്ലാത്ത ബഹളമായിരുന്നു. എസ്. ഐ. ജീപ്പിൽ നിന്നും ചാടിയിറങ്ങി. ബോണറ്റിൽ ചാരിനിന്നുകൊണ്ട് പോലീസുകാർക്ക് ഓർഡർ നൽകി.

‘‘അറ്റാക്ക് ദെം, കിക്ക് !’’

പിന്നൊന്നും ഓർമ്മയില്ല. ബോധം വീഴുമ്പോൾ ആശുപത്രി കിടക്കയിലായിരുന്നു. അടുത്ത് ഒരു സ്റ്റാന്റിൽ തലകീഴായി തൂക്കിയിട്ടിരുന്ന കുപ്പിയിൽ നിന്നും രക്തം തുള്ളി തുള്ളിയായി കുഴലിലൂടെ ഇടതു കൈയ്യിലേക്ക് കയറിക്കൊണ്ടിരുന്നു. വലതുകൈ ബാൻഡേജ് ചെയ്തിരിക്കുകയാണ്. തലയിലും വലിയൊരു കെട്ടുണ്ട്. വലതുകാൽ ഒരു കമ്പിളി കൊണ്ട് പുതച്ചിരിക്കുന്നു. വെറുതെ ആ കാലൊന്ന് ഇളക്കുവാൻ ശ്രമിച്ചു. പക്ഷേ, മുട്ടിനുതാഴെ ശൂന്യം ! ഹോ, ഈശ്വരാ...

അടുത്തുള്ള കട്ടിലിലും നിലത്തും ഒക്കെ ഇങ്ങനെ പരിക്കു പറ്റിയവർ തന്നെ. ഹർത്താൽ നടത്തിയവരും അനുഭവിച്ചവരും പോലീസുകാരും ഒക്കെ ഒരു മേൽക്കൂരയ്ക്കു കീഴെ ! വാശിയും വൈരാഗ്യവും മറന്ന് ഒരേ കട്ടിലിൽ വേദന തിന്നുകൊണ്ട് തലങ്ങനേയും വിലങ്ങനേയും കിടക്കുന്നവരെ കണ്ട് അയാൾക്ക് ഉറക്കെയുറക്കെ ചിരിക്കാൻ തോന്നി.

ഹർത്താൽ നടത്തിയിട്ട് ആരാണ് ജയിച്ചത്... ആരാണ് തോറ്റത് ? എന്തുപ്രശ്നപരിഹാരമാണ് ഉണ്ടായത്...?

‘‘മുന്നൂറ്റിപതിനെട്ടേ...’’

അയാൾ തല തിരിച്ച് നോക്കി. പരമേശ്വര പിള്ള സാറാണ്. കൂടെ സഹപ്രവർത്തരും ഉണ്ട്. എല്ലാവരുടേയും മുഖത്ത് പതിവില്ലാത്ത ശോകഭാവം. ചിലപ്പോൾ മുറിച്ചുമാറ്റപ്പെട്ട തന്റെ ജീവിതത്തെക്കുറിച്ചോർത്താവും. ഒരു കാലില്ലാത്തവൻ ഇനി പോലീസിലുണ്ടാവില്ലല്ലോ. അയാൾക്ക് ആകപ്പാടെ വെറുപ്പുതോന്നി. നിറഞ്ഞുവരുന്ന കണ്ണുകൾ അവർ കാണാതിരിക്കാൻ അയാൾ മുഖം തിരിച്ചു.

‘‘പിന്നെ ഒരു കാര്യം പറയാനുണ്ട് തന്നോട്.’’ ഒന്നുനിറുത്തി, പരമേശ്വര പിള്ള സാർ വീണ്ടും തുടർന്നു.

‘‘ഇന്നലെ ആ ബഹളം കഴിഞ്ഞ് എത്തിയപ്പോഴാണ് മെസേജ് കിട്ടിയത്. ഇന്നലെ ഉച്ചക്ക് നിങ്ങളുടെ അമ്മ... അപ്പോൾ അറീക്കാൻ പറ്റിയ കണ്ടീഷനായിരുന്നില്ല. ഇപ്പോഴാണല്ലോ ബോധം വീണത്.’’

അയാൾ കരഞ്ഞില്ല. ഒന്നു ഞെട്ടിയതുപോലുമില്ല. ജനാലയ്ക്ക് വെളിയിൽ ഒരു നനുത്ത മഴ പെയ്തു. പതുക്കെ പതുക്കെ അതിന് കനം വെച്ച് തുമ്പിക്കൈ വണ്ണത്തിൽ പെയ്യുന്ന ഒരു പെരുമഴയായി മാറി.

●

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

പ്രിയപ്പെട്ട മുരളി,

ജൂൺ ലക്കം ഏക തത്ത്വ കൈപ്പറ്റി. വിപ്ലവകാരി ചെമ്പരത്തി പ്പൂവിന്റെ മുഖചിത്രം ഉഗ്രൻ. കുപ്പായ കുരുക്കിൽ കോർക്കാനോ, മെത്ത യിൽ വിതറാനോ, താലോലിയ്ക്കാ നോ, മുടിയിൽ ചൂടാനോ പരിപാലി യ്ക്കാനോ ചുംബിയ്ക്കാനോ ആരു മില്ലാത്ത ചെമ്പരത്തി. പ്രതികൂല സാ ഹചര്യങ്ങളിൽ പോലും പോരാടുന്ന ചെമ്പരത്തി. വിപ്ലവകാരി ! സഖാവേ, അഭിവാദ്യങ്ങൾ !! നിലനില്പിനുള്ള പോരാട്ടത്തിന് !!

ആദ്യം വായിച്ചത് മുൻ ചീ ഫ് സെക്രട്ടറി ബഹുമാന്യനായ സി. പി. നായർ IAS ന്റെ 'തെളിനീരല പോലെ ഒരു ആത്മകഥ !' എത്ര പ്രൗ ഢഗംഭീരം ! എത്ര സ്നേഹ നിർഭരം ! എത്ര സംസ്ക്കാരസമ്പന്നം !

ശ്രീ. പൂവത്തിങ്കൽ ഭാസ്ക്ക രന്റെ കുമ്പാരൻ കട്ടിയിൽ നിന്ന് കള ക്ടറേറ്റിലേയ്ക്ക് എന്ന ആത്മകഥ യെപ്പറ്റിയുള്ള നിരൂപണമായിരുന്നു അത്. അത്തരമൊരു പുസ്തകം വാ യിക്കാൻ തന്നെ സന്മനസ്സ് കാണിച്ച ആദരണീയനായ സി. പി. നായർ സാർ നമ്മുടെ സമൂഹത്തിലെ നന്മ യുടെ ദീപസ്തംഭമാണ്. ഈ ഒരൊറ്റ നിരൂപണത്തോടെ ശ്രീ. പൂവത്തി ങ്കൽ ഭാസ്ക്കരൻ എന്ന എഴുത്തുകാ രനും 'ഏക തത്ത്വ'യും അംഗീകരി യ്ക്കപ്പെട്ടു എന്ന് എനിയ്ക്ക് തോ ന്നുന്നു.

മുണ്ടക്കയത്തിന്റെ മുണ്ട് കൊണ്ടുള്ള ഞാണിന്മേൽ കളി സര സഗംഭീരം. പണ്ടൊരു 'വിദ്വാൻ' ഒരു മുണ്ട് വെള്ളം കാണാതെ ഒരുമാസം ഉടുക്കുമായിരുന്നത്രെ. അതിങ്ങനെ 'കോടിയഞ്ച്, കുടഞ്ഞഞ്ച്, തിരിച്ച ഞ്ച്, മറിച്ചഞ്ച്, അങ്ങനഞ്ച്, ഇങ്ങന ഞ്ച്...'

'എന്നിലെ ഞാനില്ലാതായാ ൽ മാത്രമേ ഞാൻ ഞാനായിത്തീരു കയുള്ളു' എന്ന മുഹമ്മദ് കനിയുടെ ആത്മീയ ദർശനം സ്വയം വിമർശന ത്തിനുള്ള ഒരു ടോർച്ച് ലൈറ്റാണ്.

ജോസഫ് പൂതക്കുഴിയുടെ 'കരുണ ചെയ്തീടുകിൽ' വായിച്ച പ്പോൾ ചില ഡോക്ടർമാരെങ്കിലും ഭൂമിയിലെ ദൈവങ്ങളാണെന്ന് എനി യ്ക്ക് ബോധ്യപ്പെട്ടു. പ്രത്യേകിച്ചും 'നിപ്പ' കോഴിക്കോടിനെ ഞെട്ടിച്ച പ്പോൾ. കോഴിക്കോട് മെഡിക്കൽ കോളേജിലെ ചില ഡോക്ടർമാരും നേഴ്സുമാരും, മറ്റു ജീവനക്കാരും കോഴിക്കോട്ടുകാരുടെ കൺകണ്ട ദൈവങ്ങായി മാറി. ഇല്ല, കരുണയു ടെ ഉറവിടം വറ്റിയിട്ടില്ല...

'യുക്തിയിലൂടെ വേണം ഭക്തിയിലെത്താൻ' എന്ന പത്രാധിപ രുടെ ആഹ്വാനം ഭക്തർക്ക് (?) ഒരു മുന്നറിയിപ്പാണ്.

അന്ന ജോസഫ് കോരു ത്തോടിന്റെ 'നവംബറിന്റെ ദുഃഖം' എന്നെ വല്ലാതെ വേദനിപ്പിച്ചു. പ്രിയ പ്പെട്ട അഭിഷേക് നിന്റെ ആത്മാവിന് നിത്യശാന്തി ലഭിയ്ക്കട്ടെ !

ഏക തത്ത്വയിലെ എല്ലാ വിഭവങ്ങളും രുചിച്ചുനോക്കാൻ സമ യം കിട്ടിയില്ല. ക്ഷമിയ്ക്കുക. എനിയ് ക്കറിയാം ഒന്നും മോശമാവില്ലെന്ന്. സാവകാശം എല്ലാം രുചിയ്ക്കും തീർച്ച.

മഹാത്മയെ പറ്റിയുള്ള ബി ന്ദുവിന്റെ ലേഖന പരമ്പര എന്തേ നിർത്തിക്കളഞ്ഞത്. നമ്മുടെ കൊച്ചു കൂട്ടുകാർക്ക് അതൊരു മുതൽക്കൂട്ടാ യിരുന്നുവല്ലോ !

സ്നേഹത്തോടെ

ഏക തത്ത്വ കുടുംബാംഗം

മുക്കം ഭാസി

9846138693

## *ലേഖനങ്ങൾ മികച്ചത് : വ്യത്യസ്തം*

മുരളി സർ,

ഏക തത്ത്വ കൈയ്യിലെ ത്തി. തപാൽസമരം കുറച്ചുപ്രയാസ മുണ്ടാക്കിയെങ്കിലും ഏക തത്ത്വ സമയത്തുതന്നെ കിട്ടി എന്നതാശ്വാ സമായി. ലേഖനങ്ങൾ ഇത്രമാത്രം മറ്റൊരു പ്രസിദ്ധീകരണത്തിലും കാ ണില്ല. ഈടുറ്റ ലേഖനങ്ങൾ മനോ ഹരമായ കവിതകൾ. ശക്തവും ആ നുകാലിക പ്രസക്തവുമായ എഡി റ്റോറിയൽ. എല്ലാം ഒന്നിനൊന്ന് മെ ച്ചം. അജയ് ബാലചന്ദ്രന്റെ കവിത അഖിലമ്മ സകലമമ്മ - ഒരു വിയോ ജനം രേഖപ്പെടുത്തുന്നു. സൂര്യനെ അമ്മയായി ചിത്രീകരിക്കുവാനോ, ചിന്തിക്കുവാനോ പാടില്ല. പുരുഷ നായി കാണുന്നതാണ് ഉചിതം. അമ്മ സർവ്വംസഹയും കരുണാമൂർത്തി യും കൺ കണ്ട ദൈവവുമൊക്കെ യാണ് ഒപ്പം അച്ഛനുമുണ്ട് അതിന്റേ തായ അസ്തിത്വം. അച്ഛനില്ലാതെ അമ്മ മാത്രമുണ്ടായിട്ടെന്തു കാര്യം. കാവ്യഭാവന ഇത്തരത്തിൽ ചിന്തിക്ക രുത്. ഒന്നുകൂടി പരുവപ്പെടുത്തി എ ഴുതുകിൽ ഉചിതം തന്നെ. വാസന്തി മോഹന്റെ അമ്മയുടെ മാനദണ്ഡം നല്ല ആശയമുൾക്കൊള്ളുന്ന കവിത. ഓരോന്നും വേറിട്ട രചനകൾ. ലേഖ നങ്ങൾക്ക് പ്രത്യേക അഭിനന്ദനം.

സ്നേഹപൂർവ്വം

ടി. വി. ഹരികുമാർ

കണിച്ചുകുളങ്ങര

9446118387

**മറുപടി**

പോസ്റ്റൽ സമരം മൂലം ക ത്തുകളും രചനകളും സമയത്തിന് ലഭിച്ചില്ല. അതുപോലെ ജൂൺ ലക്ക വും ലഭിക്കാൻ കാലതാമസം വന്നി രിക്കാം. എന്തായാലും പതിവു പോ ലെ മാസിക ലഭിച്ചില്ലെന്ന പരാതി കുറേ ഭാഗത്തുനിന്നുവന്നു. അവർ ക്കെല്ലാവർക്കും വീണ്ടും കോപ്പികള യച്ചിട്ടുണ്ട്. എഴുതിത്തുടങ്ങിയവരു ടെ കൃതികളും എഴുതിത്തെളിഞ്ഞ വരുടെ രചനകളും ഒരുപോലെ പ ങ്കെടുപ്പിച്ചുകൊണ്ട് മാസിക മുന്നേ റുകയാണ്. അതുകൊണ്ടുതന്നെ കു റ്റങ്ങളും കുറവുകളും കണ്ടേക്കാം. ക്ഷമിക്കുക. എല്ലാവരും നമ്മളോള വും പിന്നെ നമുക്കുപരിയും വളര ട്ടെ. നമുക്ക് പരസ്പരം പ്രചോദന ങ്ങളാവാം. സമയ സ്ഥല പരിമിതി മൂ ലം മഹാത്മ ഉൾപ്പെടുത്താൻ സാധി ക്കാതെ പോവാറുണ്ട്. പരമാവധി ഉ ൾപ്പെടുത്താൻ ശ്രമിക്കുന്നതാണ്. അ ഭിപ്രായം രേഖപ്പെടുത്തിയ ഗുരു ശ്രേഷ്ഠൻ ശ്രീ. മുക്കം ഭാസി സാറി നും പിന്നെ ടി. വി. ഹരികുമാർ സാറി നും പ്രത്യേകം നന്ദി. തുടർന്നും വാ യനക്കാരിൽ നിന്ന് കൂടുതൽ പ്രതി കരണം പ്രതീക്ഷിച്ചുകൊണ്ട്...

എഡിറ്റർ

# രാപ്പകലുകൾ

ശ്രീജ ജയചന്ദ്രൻ
7736145646



**രാ**ത്രികളിപ്പോൾ ഉറക്കം മറന്നവയാണ്. തിരിഞ്ഞും മറിഞ്ഞും കിടന്ന് നേരം വെളുപ്പിക്കും. പുലർച്ചക്കെണീറ്റ് വീടിനുചുറ്റും അടിച്ചുവാരി വൃത്തിയാക്കും. പിന്നെ മെല്ലെ അടുക്കളയിലേക്ക് ചായ തിളപ്പിക്കാൻ. ചിലപ്പോഴൊരു മടുപ്പുതോന്നും, ഇനി ആർക്കുവേണ്ടി ജീവിക്കണം. ആരേയും കാത്തിരിക്കാനില്ല. ചെറുപ്പത്തിന്റെ ഹുങ്കിൽ അന്യമതസ്ഥന്റെ കൂടെ ഇറങ്ങിവന്നവളാണ് താൻ. അതോടെ ആ അദ്ധ്യായം അടഞ്ഞു.

ജീവിതം തുടങ്ങിയപ്പോഴും രണ്ടു കുഞ്ഞുങ്ങൾ പിറന്നപ്പോഴും ആരും തന്റെ വീട്ടിൽ നിന്ന് വന്നില്ല. താലി കെട്ടിയവനെ ദൈവം തിരിച്ചു വിളിച്ചപ്പോഴും തളരാതെ, ഇടറാതെ പ്രൈവറ്റ് സ്കൂളിലെ പ്യൂൺ ജോലി കൊണ്ട് ജീവിതത്തിന്റെ ഇരുപത് വർഷങ്ങൾ തനിയെ തുഴഞ്ഞുനീക്കി. ഇപ്പോൾ മക്കളൊക്കെ പഠിച്ച് നല്ല ജോലിയായി, കുടുംബമായി, കൺകാണായിടത്തേക്ക് പോയപ്പോൾ വീണ്ടും തനിച്ച്... അവർക്ക് അവരുടെ ലോകം. തനിക്ക് തന്റെ ലോകമെന്നായിക്കഴിഞ്ഞു.

മക്കളും കുടുംബവും ഇടക്ക് കാണാൻ വരും, പോകും. ഒരു കടം കഴിക്കൽ... തനിക്ക് പരാതിയില്ല. തിരിച്ചറിഞ്ഞുകഴിഞ്ഞു. ഇതെല്ലാം അവനവന്റെ കർമ്മഫലം. ഈ ജന്മം തന്നെയതു സഹിച്ചുതീരട്ടെ... അമ്മയും അച്ഛനും തന്നെ ശപിച്ചിരിക്കുമോ ? ഇല്ല, അവർക്കതിനാവുമോ? എന്തായാലും മകളല്ലേ, ശപിച്ചിരിക്കില്ല. അച്ഛന്റെ മരണം പെട്ടെന്നായിരുന്നു, കുളിമുറിയിൽ തലയിടിച്ചു വീണതാണത്രേ ! ആരും അറിയിച്ചില്ല. അതുകൊണ്ട് അവസാനമായൊന്ന് കാണാനും കഴിഞ്ഞില്ല. അച്ഛന്റെ മരണത്തോടെ സ്വയം തന്നിലേക്കൊതുങ്ങിയ അമ്മയെ കാണാനായൊരിക്കൽ പോയിരുന്നു.

“സുഖോല്ലേ നിനക്ക്...”

അമ്മയുടെ കൈ കൊണ്ടുണ്ടാക്കിയ ചായ വർഷങ്ങൾക്കുശേഷം രുചിക്കുമ്പോൾ തൊണ്ടയിൽ തങ്ങിനിന്നതുകൊണ്ട് താൻ മറുപടിയായി കണ്ണീരോടെ സുഖമാണെന്ന് തലയാട്ടുകയാണ് ചെയ്തത്. അധികമൊന്നും സംസാരിക്കാതെ അമ്മ ഒഴിഞ്ഞുമാറിയത് അന്ന് വളരെ വിഷമിപ്പിച്ചു. പിന്നീടെപ്പോഴെങ്കിലുമൊക്കെ ഫോൺ വിളിക്കും. ഒന്നോ രണ്ടാ വാചകത്തിൽ സുഖാന്വേഷണങ്ങൾ... ചടങ്ങ് കഴിക്കൽ...

ആലോചിക്കുമ്പോൾ തന്നോടുതന്നെ ഒരു പരിഹാസം തോന്നുന്നു. ഇപ്പോൾ സ്വന്തം മക്കൾ ഒന്നു വിളിക്കാതിരിക്കുമ്പോഴോ, വരാതിരിക്കുമ്പോഴോ പരാതി പറയാൻ തോന്നാറില്ല. പരാതി പറയാൻ താൻ ആര് ? തനിക്കതിനർഹതയുണ്ടോ ? ആരാണ്... കതകിൽ തട്ടുന്നത്... ഉച്ചമയക്കത്തിൽനിന്ന് ഞെട്ടിയുണർന്ന് മുൻവാതിൽ തുറന്നു.

“ഓ... ജിബിനോ...” മനസ്സിലെ നീരസം ഒട്ടും മടിക്കാതെ പുറത്തുവന്നു. ഇടക്ക് ഒരു ഓട്ടോ വാങ്ങിയിരുന്നു, ടാക്സിയായി ഓടിക്കാനായിട്ട്. അവൻ അതിന്റെ ഡ്രൈവറായിരുന്നു, അതും നഷ്ടക്കച്ചവടമായിരുന്നു. പൈസ കിട്ടുന്നതുമൊത്തം അവൻ കീശയിലാക്കും. കണ്ണു തെറ്റിയാൽ തേങ്ങ വരെ മോഷ്ടിക്കും. മക്കൾ തീർത്തുപറഞ്ഞു, “അമ്മയിങ്ങനെയെല്ലാവരേയും കണ്ണടച്ചു വിശ്വസിക്കണ്ടെ”ന്ന്. ഒടുവിൽ അവനെ ഒഴിവാക്കി പറഞ്ഞയച്ചതാണ്. പിന്നീട് കുറേക്കാലം നാട്ടിലേയില്ലായിരുന്നു. പിന്നെ വന്നപ്പോൾ നാട്ടുകാരിൽ പലരും പറയുന്നുണ്ടായിരുന്നു, അവന്റെ കൂട്ട് മൊത്തം അലവലാതികളാണെന്ന്... കഞ്ചാവുപാർട്ടിക്കാരാണെന്ന്... ഇപ്പോ എന്തിനാ വന്നതാവോ ? മുഖത്തു ‘വരാത്ത’ ചിരി സെറ്റ് ചെയ്ത് കുശലം ചോദിച്ചു. ചായ കുടിച്ചുകഴിഞ്ഞപ്പോൾ വന്ന കാര്യം പറഞ്ഞു അമ്പതിനായിരം രൂപ വേണം. കണ്ണുമിഴിഞ്ഞുപോയി.

“എത്ര വേണമെന്ന് ?” വിശ്വാസം വരാതെ ഒന്നുകൂടി അവനോട് ചോദിച്ചു.

“ഒരു ക്രിമിനൽ കേസിൽ പെട്ടിട്ടുണ്ട്. തലയൂരാൻ അമ്പതിനായിരം രൂപ അത്യാവശ്യമായി വേണം.” അവൻ കെഞ്ചി.

“ദൈവമേ, നോട്ടുമാറ്റം ഉണ്ടായശേഷം ഞാൻ അയ്യായിരം രൂപ തികച്ചു കണ്ടിട്ടില്ല.”

എങ്ങനെയെങ്കിലും അവനൊന്ന് ഒഴിഞ്ഞുപോയാൽ മതിയെന്നായിരുന്നു മനസ്സിൽ. പിണക്കാതെ നയത്തിൽ പറഞ്ഞുവിടണം. മക്കളൊന്നും അയച്ചുതരാറില്ലെന്നും മറ്റും പറഞ്ഞുനോക്കി, രക്ഷയില്ല. കൈയിൽ ഉള്ളതു തരൂ എന്നായി അവൻ. വല്ലതും കിട്ടാതെ പോകില്ലെന്നായപ്പോൾ “നീയിരിക്ക് നോക്കട്ടെ” എന്ന് പറഞ്ഞ് മുറിയിലേക്ക് നടന്നു. അലമാര തുറന്ന് വെച്ച് ഇലക്ട്രിസിറ്റി ബിൽ അടക്കാൻ വെച്ച രണ്ടായിരത്തിന്റെ നോട്ടെടുത്തു തിരിഞ്ഞപ്പോൾ കഴുത്തിൽ ഒരു തണുപ്പ് താഴ്ന്നിറങ്ങി. കഴുത്ത് പൊത്തിപ്പിടിച്ചലറി പക്ഷേ ശബ്ദം പുറത്ത് വന്നില്ല.

ഞരങ്ങി ഞരങ്ങി താഴേക്ക് തുണിക്കെട്ടുപോലെ ഊർന്നുവീണു. ഇരുട്ടുകയറി. മങ്ങിയ കാഴ്ച്ചയിൽ അവന്റെ, ജിബിന്റെ ക്രൗര്യമാർന്ന മുഖം മുന്നിൽ... കയ്യിൽ ചോരയിറ്റുന്ന കറിക്കത്തി. മുറിഞ്ഞ് ചോരച്ചൂടിറങ്ങുന്ന കഴുത്തിൽ നിന്നും മാല പറിച്ചെടുക്കുമ്പോഴേക്കും കാഴ്ച്ച മങ്ങി. ശ്വാസം കിട്ടുന്നില്ല, നെഞ്ചിലെ ഭാരം കൂടിക്കൂടിവന്നു. പിന്നെപ്പിന്നെ... ഒരു തൂവൽപോലെ... പറന്ന്... പറന്ന്... എവിടേക്കാണ്...

■ കുട്ടികൾക്കൊരു കവിത

# സുന്ദരിയും പൂക്കളും

**കെ. കെ. രാഘവൻ**
**9496135489**

പൂക്കളെ സ്നേഹിച്ച പെൺകുട്ടിയോടന്ന്
പൂക്കൈതപ്പൂവന്നുചോദിച്ചുമെല്ലവേ
പൂക്കളിൽ സുന്ദരി ഞാനല്ലേ ചൊല്ലുക
പീതനിറമേറും പുഷ്പമാണെന്നുടെ
ഒന്നും പറയാതെ നിന്നൊരാപെൺകൊടി
മന്ദസ്മിതം തൂകി നോക്കിനിന്നീടവേ
ആമ്പൽക്കുളത്തിലെ ആമ്പൽപൂചൊല്ലിനാൾ
പൂക്കളിലേറെ സുമുഖിയാണെന്നും ഞാൻ
ചെള്ളക്കുളത്തിലാണെങ്കിലുമെന്നുടെ
പൂക്കളിന്നേവർക്കും ഇഷ്ടമെന്നോർക്കുക.
തോട്ടിൻകരയിലെ പാലമരത്തിന്റെ
പൂക്കളാക്കിന്നാരമേറ്റുചൊല്ലീടവേ
കൊച്ചുപൂവെങ്കിലും ഞങ്ങളിന്നാകവേ
ഒത്തങ്ങുനില്ക്കുമ്പോഴെന്തുഭംഗി
കാറ്റിൽപരത്തും സുഗന്ധമേറ്റീടുമ്പോൾ
ഗന്ധർവദേവർ വിരുന്നിനെത്തും
പുഞ്ചിരി തൂകിനിന്നീടുന്ന പെൺകൊടി
പൂക്കളെയാകവേ നോക്കിനിന്നു
ഞാനുണ്ടിവിടെ മനോഹരിയാണുഞാൻ
ചാരുതയേറെയുള്ളൊരു കൊന്നപ്പൂ
മേടമാസത്തിൽ വിഷുവിനെത്തുന്നൊരു
മഞ്ഞപുഷ്പങ്ങളാണെന്നതോർത്തീടുക
മേടവിഷുവിന്നുകന്നിക്കണി കാണാൻ
ഓടിയെത്തും ജനം എന്നുടെ പൂക്കൾക്കായ്
പൂക്കളിൽ റാണി ഞാനെന്നതങ്ങോർക്കുക
എന്നെക്കണി കാണാനെത്തുമീമാലോകർ
പെൺകൊടി മന്ദസ്മിതം തൂകിയോതിനാൾ
വർണ്ണപുഷ്പങ്ങളാം നിങ്ങളിന്നേവരും
വന്നുനിറയ്ക്കു വസന്തമീ ഭൂമിയിൽ
നിങ്ങളെല്ലാവരും എന്നുടെ കൂട്ടുകാർ.

■ ക്യാപ്സ്യൂൾ കഥ

# മോഹം

**ഇ. ടി. മുരളീധരൻ**
**9446443321**

മാരകരോഗം പിടിപെടുന്നതുവരെ അയാൾക്ക് മരിക്കാനായിരുന്നു മോഹം. മാരകരോഗം പിടിപെട്ടതിൽ പിന്നെ ജീവിക്കാനും.

■ കഥ



**ഷാനവാസ് കുലുക്കല്ലൂർ**
**9745843010**

# നന്മ മരം

**വൈ**കുന്നേരത്തെ ചായ കുടി കഴിഞ്ഞശേഷം മാമയോടൊപ്പം പറമ്പിലേക്ക് പോകാനിറങ്ങിയപ്പോഴാണ് അപ്പുണ്ണ്യേട്ടൻ ഒരു കെട്ടുപുല്ല് ചുമന്ന് എതിരേ വന്നത്. ''ഇന്ന് മാഷോടൊപ്പം വിരുന്നുകാരൊക്കെയുണ്ടല്ലോ, കുട്ടീനെ പറമ്പു കാണിക്കാൻ കൊണ്ടുപോകുകയാണോ ?'' ചോദിച്ചതും അപ്പുണ്ണ്യേട്ടന്റെ തഴമ്പിച്ച കൈകൾ കൊണ്ടെന്നെ തലോടി.

''പറമ്പും കുളവും ഇവനൊന്നു കണ്ടോട്ടെ അപ്പുണ്ണ്യേ.''

അപ്പുണ്ണ്യേട്ടൻ വേലിയോട് ചേർന്ന് തിന്ന് ഞങ്ങൾക്ക് വഴിയൊരുക്കിത്തന്നു. വെളുപ്പിന് പാലുമായി വരുന്നത് അപ്പുണ്ണ്യേട്ടനാണ്, പാൽപ്പാത്രം തിണ്ണയിൽ വെച്ച് കുറച്ചുനേരം അവിടെത്തന്നെ നിന്ന് നാട്ടുവർത്തമാനം പറയും, പിന്നെ വീടണഞ്ഞാൽ പുല്ലരിയാൻ പോകലും പശുവിനെ നോക്കലും കൃഷിപ്പണിയുമായി ഓരോ ദിനങ്ങളും അവസാനിക്കും. ഒലിങ്കറക്കുളത്തിലിറങ്ങി ഒരു കുടം വെള്ളം നിറച്ചെടുത്ത് മാമ നടന്നു.

''ഇത് മാവിൻ തയ്യിനൊഴിക്കാനുള്ളതാ.''

ഇല്ലി മുള്ളിന്റെ ഗേറ്റ് തുറന്ന് അകത്തുകടന്ന മാമ മാവിൻ തയ്യിന് വെള്ളമൊഴിച്ചുകൊടുക്കുന്നത് ഞാൻ കൗതുകത്തോടെ നോക്കിനിന്നു. തിങ്ങി നിറഞ്ഞു നിൽക്കുന്ന മരങ്ങൾ കാരണം പറമ്പുമുഴുവൻ ഇരുട്ടു പരന്നിട്ടുണ്ട്. കാട്ടുപന്നിയിറങ്ങി ഉഴുതുമറിച്ച നിലം, ഉണങ്ങി വീണ തേങ്ങകൾ പെറുക്കി കൂട്ടിയിട്ടു. പറങ്കിമാങ്ങയും പുളിമാങ്ങയും തിന്ന് വയർ നിറച്ച് പറമ്പുമുഴുവനും നടന്നുകണ്ടു. മുള്ളൻ പന്നിയുടെ കൊഴിഞ്ഞുവീണ മുള്ളുകളും മയിൽപ്പീലികളും ശേഖരിച്ചു. കയ്യിൽ കരുതിയ കുട്ടിസഞ്ചിയിൽ പറങ്കിയണ്ടി നിറഞ്ഞു. തേങ്ങകൾ ചാക്കിൽ നിറച്ച് മാമ തലയിൽ വെച്ച് പുറത്തുകടന്നപ്പോഴാണ് അയമുക്ക വേലിപ്പുറത്ത് നിന്ന് എത്തിവലിഞ്ഞെടുത്ത പട്ടയും കോച്ചാടയും ചവുട്ടിയൊടിച്ച് വിറകുകെട്ടിലേക്ക് വെക്കുന്നത് കണ്ടത്.

''എന്താ അയമേ നീ ചെയ്യണത് ?''

മാമയുടെ ശബ്ദം കേട്ട് അയമുക്ക ഞെട്ടിത്തരിച്ചുനിന്നു.

''മാഷേ... ഞാൻ...''

അയാളുടെ ശബ്ദമിടറിയതുകാരണം മുഴുവനും പുറത്തുവന്നില്ല.

''അയാളെന്തിനാ മാമാ അങ്ങനെ ചെയ്തത് അത് നമ്മുടെ പറമ്പല്ലെ ?''

മാമയോടൊപ്പം നടക്കുന്നതിനിടയിൽ തിരിഞ്ഞുനോക്കിയപ്പോൾ അയമുക്ക അവിടെത്തന്നെ നിൽക്കുന്നത് കണ്ടപ്പോഴാണ് ചോദിക്കാൻ തോന്നിയത്.

''അയാൾക്കറിവില്ലാതെ ചെയ്തതാവും. അത് സാരല്യ. നീ വാ...'' മാമ അതും പറഞ്ഞ് തിരിച്ചുനടക്കുമ്പോൾ ഒലിങ്കറക്കുളത്തിലെ അലക്കുകല്ലിൽ ഒരു പൊൻമാൻ, മീൻ പിടിക്കാൻ തക്കം പാർത്തിരിക്കുന്നുണ്ടായിരുന്നു.

●

■ കവിത

# മേഘം



**എടത്തറ ജയൻ**
**9446033861**

മേഘങ്ങളാം മുകിൽമാലകൾ നിങ്ങളീ-
മണ്ണിൽ വിതയ്ക്കുന്ന വർഷേന്ദു ബിന്ദുക്കൾ
മാനവനും മറ്റുജീവജാലങ്ങളും
മാറ്റുന്നു ജീവന്റെ ജീവൽതുടിപ്പതായ്.

വേനലിൽ കാഠിന്യമേല്ക്കുന്ന കൈരളി
വേവലിനെയൊഴിച്ചീടും പുതപ്പു നീ
വേനലാറെങ്കിലറുതി വരുത്തുവാൻ
വർഷമൊരാറായി തീർക്കുന്നുമേഘവും.

വാരിധിയിൽ നിന്നെടുക്കും ജലത്തിനെ
വാതം കണക്കെ പറപ്പിച്ചുകൊണ്ടുനീ
വാനിലായ് തീർക്കുന്നു ചിത്രകൂടങ്ങളും
വാക്കുകൾക്കാകാത്ത ചിത്രശാലകളും.

ദുന്ദുഭികൊട്ടലും കൊള്ളിമീൻ മിന്നലും
കൊള്ളി വെയ്പും നീ നടത്തുന്നതത്ഭുതം
കാർ കൊണ്ടലായി വരുന്നോരു വേളയിൽ
കത്തിച്ചുകാട്ടും വഴിത്താര വിസ്മയം.

മേഘങ്ങളേ നിങ്ങളീ വഴി മാറാതെ
മോദത്തോടെ നിങ്ങളെന്നുമെത്തീടുവാൻ
മോഹവലിയാലെ തീർക്കണം നമ്മളീ
മാമരക്കൂട്ടങ്ങളെന്നുമീ മണ്ണിലും.




**വിജയൻ കല്ലട**
**9605407260**

# ജാതിപ്പാന

ജാതിയോടെ ജനിയ്ക്കുന്നു നാമെല്ലാം
ജാതിയോടെ മരിയ്ക്കുന്നിതെല്ലാരും.
വിദ്യനേടുവാൻ ജാതിവേണം പിന്നെ
ജോലിയ്ക്കായുപജാതിയും നോക്കണം.
ജാതിയ്ക്കുമുപജാതിയ്ക്കുമൊക്കെയും
വിദ്യാലയമുണ്ടെന്നുമറിയണം.
കല്യാണമൊന്നു കഴിയ്ക്കണമെങ്കിലും
ജാതിയുമുപജാതിയും നോക്കണം
വോട്ടുചെയ്യുവാൻ ജാതിനോക്കീടണം
മന്ത്രിയാകാനും ജാതിനോക്കീടണം
കാലമേറെക്കഴിഞ്ഞെങ്കിലും നമ്മൾ
ജാതി ചിന്തകളൊട്ടും വെടിഞ്ഞില്ല.
ദുഷ്ചരിതങ്ങളെത്രയും പാടുവാൻ
നിത്യവുമുണ്ട് നമ്മുടെ നാട്ടിലും.
അമ്പലങ്ങളും പള്ളികളൊക്കെയും
ആയുധപ്പുരയായി മാറ്റീടുന്നു.
അമ്പലങ്ങളെ പീഡനകേന്ദ്രമായ്
മാറ്റുവാനും ശ്രമിക്കുന്നിതുചിലർ.
കായലിൽ ചിറ കെട്ടിയതിലൊരു
വീടുകെട്ടി രസിക്കുന്നിതു ചിലർ.
മന്ത്രത്തകിടുമേലസ്സുമെന്നിവ
തന്ത്രത്തിൽ വിറ്റുനടക്കുന്നിതു ചിലർ.
കള്ളനോട്ടുകൾ നിർമ്മിച്ചുവിറ്റിട്ട്
നല്ലവരെന്നു നടിക്കുന്നിതുചിലർ.
നാലുകാലിൽ നടക്കും മൃഗങ്ങളെ
അമ്മയെന്നു വിളിക്കുന്നിതുചിലർ.
ആശ്രയിക്കുന്ന സ്വന്തം സഹജരേ
ദൈവമായ്ക്കരുതേണ്ട മാതാവിനെ
സ്നേഹമായ് കരുതും കിശോരരെ
കണ്ടില്ലെന്നു നടിക്കുന്നിതു ചിലർ.
സമ്പത്തിനായിട്ടു മാതാവിനെപ്പോലും
കൊന്നു തള്ളുവാനൊട്ടും മടിയില്ല.
രക്തമൊക്കെയും വാർന്നുപോയ് വീഥിയിൽ
സ്നേഹനീരിനായ് കേഴുന്ന മർത്ത്യന്റെ
ചിത്രം പകർത്തി രസിക്കുന്നതുകണ്ടു
ചുറ്റുമുള്ളവർ നോക്കിച്ചിരിക്കുന്നു.

# സെക്കന്റ് ഷോ

**മുഹമ്മദ് കനി**
**8157874953**



**ഇ**ന്ന് 2018 മാർച്ച് 20. ഇന്നേക്ക് 17520 (പതിനേഴായിരത്തിയഞ്ഞൂറ്റി ഇരുപത്) ദിനങ്ങൾക്ക് മുമ്പത്തെ കാലഘട്ടം. അക്കാലത്തുനടന്ന പല രസകരങ്ങളായതും, അല്ലാത്തതുമായ സംഭവങ്ങൾ മനതാരിൽ ഉദയം ചെയ്തുവരുമ്പോഴുണ്ടാകുന്ന ആനന്ദാനുഭൂതികളും മറ്റും അല്പനേരത്തേക്ക് ബാല്യം തിരികെ ലഭിച്ച പ്രതീതിയാണുണ്ടാവുകയെന്ന് അതനുഭവിച്ച ഏവർക്കും അറിയാവുന്ന കാര്യമാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലാത്ത കാര്യങ്ങളാണല്ലോ. എന്നാലും ഓരോരുത്തരുടേയും അനുഭവങ്ങൾ പങ്കുവയ്ക്കുന്നത് അനുഭൂതികൾ ലഭിക്കാനിടവരുമെന്ന കാര്യത്തിൽ സംശയമില്ല.

ഇക്കാലഘട്ടത്തെ എൽ. പി., യു. പി., വിദ്യാർത്ഥികൾ അവരുടെ ഒഴിവുദിനങ്ങൾ കഴിച്ചുകൂട്ടുന്നതുപോലെയല്ല ഞങ്ങളുടെ ഒഴിവുദിനങ്ങൾ കഴിച്ചുകൂട്ടിയിരുന്നത്. ദാരിദ്ര്യത്തിന്റേയും പട്ടിണിയുടേയും നാളുകളായിരുന്നുവെങ്കിലും ആനന്ദത്തിനും ആഹ്ളാദത്തിനും കുറവുണ്ടായിരുന്നില്ല. അവധിക്കാലങ്ങൾ അടിച്ചുപൊളിയ്ക്കാൻ എന്റെ ബാല്യകാലത്ത് ഞങ്ങളുടെ ഗ്രാമത്തിൽ നിലവിലുണ്ടായിരുന്ന കളികളുടെ പേരുകൾ എഴുതുന്നത് കൗതുകമുണർത്തുന്നതായിരിക്കും. ഗോട്ടി കളി, പമ്പരം കളി, കൊട്ടിയും പുള്ളും കളി, കൊമ്പേരി മൂർഖൻ കളി, ചില്ലേറു കളി തുടങ്ങിയ നാടൻ കളികളും അതോടൊപ്പം വി. ഐ. പി. കളിയായ ഫുട്ബാൾ കളിയുമുണ്ടായിരുന്നു. പരിഷ്ക്കാരം കൂടിയ മുതിർന്ന കുട്ടികളായിരുന്നു ഫുട്ബാൾ കളിച്ചിരുന്നത്. അത് പിന്നീട് വോളിബോളിലേക്ക് വഴിമാറി. ഇപ്പോഴും വോളിബോൾ കളി തുടർന്നുകൊണ്ടിരിയ്ക്കുന്നു എന്നത് ഞങ്ങളുടെ ഗ്രാമത്തിന്റെ പ്രത്യേകതയാണ്. ഇടയ്ക്കിടെ ടൂർണമെന്റും നടത്തിവരുന്നു. അക്കാലത്ത് പെൺകുട്ടികൾ അവരുടേതായ കളികളിൽ വ്യാപൃതരാവും. നൊണ്ടിക്കളി, വള്ളിച്ചാട്ടം, പല്ലാംകുഴിക്കളി, താലീപ്പീലിക്കളി തുടങ്ങിയവയാണ് അവരുടെ പ്രധാനപ്പെട്ട കളികൾ.

പെരുന്നാൾ, ഓണം തുടങ്ങിയ ആഘോഷ ദിവസങ്ങളിൽ മലമ്പുഴ കാണാൻ പോവുക, സിനിമ കാണാൻ പോവുക തുടങ്ങിയ കാര്യങ്ങൾ ഒഴിവാക്കാനാവാത്ത വിനോദങ്ങളായിരുന്നു ഞങ്ങൾക്ക്. ശനി, ഞായർ ദിവസങ്ങളിൽ മാത്രമേ മാറ്റിനി ഉണ്ടായിരിക്കുകയുള്ളു. രാത്രിയിൽ എങ്ങോട്ടും പോവാനുള്ള അനുവാദം ലഭിയ്ക്കില്ല. ഞങ്ങളുടെ കോട്ടടിയെന്ന ഗ്രാമത്തിൽ നിന്നും മൂന്നു നാലു കിലോമീറ്ററുകൾക്കകലെയാണ് കുനിശ്ശേരി 'പ്രഭാ' തീയേറ്റർ സ്ഥിതി ചെയ്യുന്നത്. അവിടെവരേയും കാൽനടയായിട്ടാണ് പൊയ്ക്കൊണ്ടിരുന്നത്. അതും മാറ്റിനി കാണാൻ. പിന്നെയുള്ളത് എട്ടു കിലോമീറ്ററകലെ ആലത്തൂരിൽ 'സ്വാതി' എന്ന തിയേറ്ററാണ്. ഈ രണ്ടു മന്ദിരങ്ങളിൽ നിന്നുമാണ് ഞങ്ങൾക്ക് ആനന്ദം ലഭിച്ചുകൊണ്ടിരുന്നത്.

കുനിശ്ശേരി 'പ്രഭ'യിൽ ആദ്യമായി പ്രദർശനം നടത്തിയത് പ്രേംനസീറഭിനയിച്ച 'പ്രിയതമ'യെന്ന സിനിമയായിരുന്നു. സിനിമ കാണുവാൻ മുടക്കേണ്ടിവരുന്ന ചുരുങ്ങിയ തുക മുപ്പത്തഞ്ചു പൈസയായിരുന്നു. കുറേ ദിവസത്തെ പ്രയത്നത്തിനൊടുവിൽ അമ്പതു പൈസ തികഞ്ഞാൽ സിനിമയ്ക്ക് പുറപ്പെടുകയായി. മുപ്പത്തഞ്ചു പൈസ ടിക്കറ്റെടുക്കുന്നതിന്നും, പതിനഞ്ചു പൈസ മുറുക്കു വാങ്ങിയ്ക്കുന്നതിന്നും വേണ്ടി ചിലവഴിയ്ക്കുന്നു. അക്കാലത്ത് കുട്ടികൾ തിയേറ്ററിനകത്ത് മുറുക്ക് സഞ്ചിയിലാക്കി വില്പന നടത്താറുണ്ടായിരുന്നതുകൊണ്ട് മുറുക്കു തിന്നുകൊണ്ട് സിനിമ കാണാൻ നല്ല രസമായിരുന്നു. പ്രത്യേകിച്ച് സ്റ്റണ്ടു സീനുകൾ.

മാറ്റിനി കാണുവാനുള്ള സമ്മതമുള്ളതുകൊണ്ട് മിക്കവാറും എന്റെ അമ്മാവന്റെ മകനായ സലീമായിരിക്കും എന്റെ കൂട്ടിന് ഉണ്ടായിരിക്കുക. സൂര്യാസ്തമയത്തിനുമുമ്പുതന്നെ വീട്ടിൽ എത്തിച്ചേരുന്നതിൽ മാതാവിന് എതിർപ്പില്ലാത്തതുകൊണ്ടാണ് മാറ്റിനിയ്ക്ക് പോകാൻ സമ്മതം തരുന്നത്. സമ്മതം ലഭിയ്ക്കണമെങ്കിൽ അല്പം കരച്ചിൽ നടത്തണമെന്നുമാത്രം.

'സിനിമ' എന്ന അത്ഭുതക്കാഴ്ച്ച എന്നും എന്റെ ഒരു ബലഹീനതയായിരുന്നു. കാരണം ലോകത്തുള്ള എല്ലാ കാഴ്ച്ചകളും, സംഭവങ്ങളും ഒരു ഹാളിനകത്തിരുന്നുകൊണ്ട് മുന്നിലുള്ള വെള്ളത്തുണിയിൽ കാണുകയും, കേൾക്കുകയും ചെയ്യുകയെന്നത് എന്റെ ബാല്യകാലത്തെ അവിസ്മരണീയമാക്കിയിരുന്നു. ഇക്കാലത്തെപ്പോലെ ടെലിവിഷനോ കംപ്യൂട്ടറോ സ്മാർട്ട് ഫോണോ ഒന്നുമില്ലാതിരുന്ന അക്കാലഘട്ടത്തെ മഹാത്ഭുതമായിരുന്നു സിനിമയെന്ന് പ്രത്യേകം പറയാനാഗ്രഹിക്കുന്നു.

ടെലിവിഷനെക്കുറിച്ച് പറഞ്ഞപ്പോൾ എന്റെ ജീവിതത്തിൽ ഞാനാദ്യമായി ടെലിവിഷൻ കണ്ടതിനെപ്പറ്റി രണ്ടു വാക്കു പറയുന്നു. 1976 കാലഘട്ടം, ഞാൻ പാലക്കാട് വിക്ടോറിയാ കോളേജിൽ പ്രീഡിഗ്രിയ്ക്ക് ചേർന്ന് ഒന്നുരണ്ടുമാസം കഴി

ഞ്ഞിരിയ്ക്കുന്നു. നോട്ടീസ് ബോർഡിൽ ഒരു നോട്ടീസ് കണ്ടു. വിവരം പത്രത്തിലും ഉണ്ടായിരുന്നുവെന്നാണോർമ്മ. 'നാളെ വിക്ടോറിയാ കോളേജിൽ ടെലിവിഷൻ പ്രദർശനം നടത്തുന്നുണ്ട്.' ഞാൻ വീട്ടിൽ വിവരം പറഞ്ഞുകൊണ്ട് പ്രദർശനത്തിൽ പങ്കെടുത്തു. ടെലിവിഷൻ നേരിട്ടു കാണാനുള്ള അവസരം ലഭിച്ചതിൽ വളരെ സന്തോഷമുണ്ടായി. ബ്ലാക്ക് ആന്റ് വൈറ്റ് പെട്ടികൾ നാലെണ്ണം നാലുഭാഗത്ത് വെച്ചുകൊണ്ട് അധികൃതർ ജനത്തിരക്ക് നിയന്ത്രിച്ചു. അങ്ങിനെ ഞാനടക്കമുള്ള പാലക്കാട്ടുകാരിൽ കുറേപ്പേർ ജീവിതത്തിലാദ്യമായി ടെലിവിഷൻ എന്ന അത്ഭുതപ്പെട്ടി കണ്ട് ആശ്ചര്യപ്പെടുകയുണ്ടായി. ഇന്ന് ആ അത്ഭുതത്തെ തീപ്പെട്ടിയുടെ വലിപ്പത്തിലാക്കി സ്മാർട്ട് ഫോണിനകത്ത് നിറച്ച് പോക്കറ്റിൽ കൊണ്ടുനടക്കുന്നു. അത്ഭുതം, മഹാത്ഭുതം. ഇനിയും ഒരുപാട് അത്ഭുതങ്ങൾ നടക്കാനിരിക്കുന്നു. എല്ലാം കലികാല വൈഭവങ്ങൾ.

സിനിമ കാണുന്നത് ഒരു ഹരമായിരുന്നുവെന്ന് ഞാൻ പറഞ്ഞുവല്ലോ. ഒരു സെക്കന്റ് ഷോയ്ക്ക് പോയ സംഭവം ഇപ്പോഴും എന്നെ ചിരിപ്പിച്ചുകൊണ്ടിരിക്കുന്നു. സംഭവം ഇങ്ങനെ. കുനിശ്ശേരി പ്രഭാ തിയേറ്ററിൽ ഒരു എം. ജി. ആർ. സിനിമ വന്നിരിക്കുന്നു. ഞങ്ങളുടെ ഗ്രാമത്തിലെ എല്ലാ എം. ജി. ആർ പ്രേമികളും ആ സിനിമ കണ്ടുകഴിഞ്ഞു. എല്ലാവരും തന്നെ സെക്കന്റ് ഷോയ്ക്കാണ് പോവാറുള്ളത്. ധാരാളം പേരും ഒരുമിച്ച് ആഘോഷിയ്ക്കാറാണ് പതിവ്. അതായത് എം. ജി. ആർ. സിനിമ വന്നാൽ ഒരു ആഘോഷമായിരിക്കും പിന്നീട് നടക്കുക. അക്കാലത്ത് ഞാനും എം. ജി. ആറിന്റെ ഒരു ആരാധകനായിരുന്നു. തീവ്രതയില്ലായെന്നുമാത്രം.

സാധാരണയായിട്ട് വെള്ളിയാഴ്ച മുതൽ പുതിയ സിനിമയായിരിയ്ക്കും കുനിശ്ശേരി പ്രഭാ തീയേറ്ററിൽ ഉണ്ടായിരിക്കുക. വ്യാഴാഴ്ച സെക്കന്റ് ഷോയോടെ എം. ജി. ആർ. പടം തീരും. മാറ്റിനിയ്ക്കുപോകുവാൻ സാധിച്ചതുമില്ല. പൈസതികയാഞ്ഞതാണ് കാരണം എന്നാണോർമ്മ. ഞാനും സലീമും മാത്രമേ ഇനിയും പടം കാണാത്തവരായിട്ടുള്ളു. രണ്ടുപേരും കൂടിയാലോചിച്ച് ഒരു തീരുമാനത്തിലെത്തി. എങ്ങിനേയും ഇന്ന് സെക്കന്റ് ഷോ കണ്ടിട്ടു തന്നെ കാര്യം. നാളെ വേറെ പടമാണ്. അതുകൊണ്ട് അമാന്തിക്കരുത്. വീട്ടിൽ നിന്നും എങ്ങിനെയാണ് സമ്മതം ലഭിയ്ക്കുക ? എം. ജി. ആറിനെക്കുറിച്ച് അമ്മയ്ക്കൊന്നുമറിയില്ലല്ലോ. സലീമിന്റെ പിതാവിന്റെ മൂത്ത സഹോദരിയാണല്ലോ എന്റെ മാതാവ്. അതുകൊണ്ട് അവനും ഞാനും കൂടി അമ്മയ്ക്ക് സമീപം എത്തിക്കൊണ്ട് ധാരാളം ആളുകളുണ്ട്, അവരോടൊപ്പമാണ് ഞങ്ങൾ പോകുന്നത് എന്ന് കരഞ്ഞുപറഞ്ഞപ്പോൾ അമ്മ സമ്മതം മൂളി. സമ്മതം ലഭിച്ച ഞങ്ങൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

അങ്ങിനെ സന്തോഷത്തോടെ ടോർച്ചും കയ്യിലെടുത്ത് രണ്ടുപേരും യാത്രയായി. ടോർച്ച് കയ്യിലുണ്ടായിരുന്നത് കൊണ്ട് തോടിറങ്ങിക്കയറുവാൻ ബുദ്ധിമുട്ടൊന്നും തോന്നിയില്ല. വീട്ടിൽ നിന്നും ഒന്നരക്കിലോമീറ്ററോളം നടന്നു. പെട്ടെന്ന് എന്റെ മനസ്സിൽ ഒരു കൊള്ളിയാൻ മിന്നി. 'ചുള്ളോട്ടു പട്ട' കടന്നുവേണ്ടേ പോകുവാൻ, ഞങ്ങൾ രണ്ടു കുട്ടികളല്ലേയുള്ളൂ. ഞാൻ സലീമിനോട് കാര്യം പറഞ്ഞു. അതേവരെ അക്കാര്യം ഞങ്ങളുടെ രണ്ടുപേരുടേയും മനസ്സിനകത്ത് എത്തിയിരുന്നില്ല. 'ചുള്ളോട്ടു പട്ട'യെന്നത് ഒരു തുറസ്സായ ശ്മശാനമാണ്. പ്രേതങ്ങൾ ധാരാളം നടമാടുന്ന സ്ഥലമാണെന്നാണ് മുതിർന്നവർ പറയുന്നത്. ആ സ്ഥലത്തിന്നരികിലൂടെ വേണം തീയേറ്ററിലേക്ക് പോകുവാൻ. എന്തു ചെയ്യും ? 'കയ്ച്ചിട്ടിറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ' എന്ന അവസ്ഥ. രണ്ടുപേരും അങ്കലാപ്പിലായി. അവസാനം തിരിച്ചുപോവാൻ തന്നെ തീരുമാനിച്ചു.

അപ്പോഴുണ്ട് സെക്കന്റ് ഷോ തുടങ്ങാനുള്ള ഗാനം തീയേറ്ററിൽ നിന്നും കേൾക്കുന്നു. അതും ഞാൻ ആണയിട്ടാൽ അത് നടന്നുവിട്ടാൽ എന്ന എം. ജി. ആർ. ഗാനം. പിന്നീടൊന്നും ആലോചിച്ചില്ല, "അളിയാ, ഞങ്ങളെ പ്രേതങ്ങളിൽ നിന്നും രക്ഷിക്കണേയെന്ന് പ്രാർത്ഥിയ്ക്ക്. അങ്ങോട്ടേയ്ക്ക് (ശ്മശാന ഭാഗത്തേക്ക്) തിരിഞ്ഞുനോക്കണ്ട." എന്നു പറഞ്ഞതേയുള്ളൂ. രണ്ടുപേരും മുന്നോട്ടു കുതിച്ചു. തീയേറ്ററിൽ എത്തുമ്പോഴേയ്ക്കും സിനിമ തുടങ്ങിയിരുന്നു.

രണ്ടര മണിക്കൂർ ആയിരത്തിൽ ഒരുവന്റെ കൂടെ കഴിച്ചുകൂട്ടിയ ഞങ്ങൾ തീയേറ്ററിന് പുറത്തിറങ്ങിയപ്പോഴാണ് വീണ്ടും പ്രശ്നമാരംഭിക്കുന്നത്. അർദ്ധരാത്രിയിലാണ് പ്രേതങ്ങൾ കൂടുതലും ഉണ്ടാവുക. ചുള്ളോട്ടുപട്ട കടന്ന് എങ്ങിനെയാണ് വീടെത്തുക ? ആകെ രണ്ടുപേരും അങ്കലാപ്പിലായി. ഞങ്ങളുടെ ഗ്രാമത്തിലെ ആരും തന്നെ സിനിമയ്ക്ക് വന്നിട്ടില്ല. കുനിശ്ശേരിയിലുള്ള എന്റെ വലിയ സഹോദരിയുടെ വീട്ടിൽ താമസിച്ചിട്ട് കാലത്ത് വീട്ടിലേക്ക് പോയാലോയെന്നാലോചിച്ചു. ഈ അർദ്ധരാത്രി അവരെ ബുദ്ധിമുട്ടിക്കരുതെന്ന് തീരുമാനിച്ചു. മാത്രമല്ല അമ്മ കരയാൻ തുടങ്ങും എന്നെ കണ്ടില്ലെങ്കിൽ. അവസാനം പാലം ചുറ്റിപ്പോകുവാൻ തീരുമാനിച്ചു. നാലു കിലോ മീറ്റർ കൂടുതൽ നടക്കണമെന്നുമാത്രം. അങ്ങിനെ പ്രേതങ്ങളിൽ നിന്നും രക്ഷപ്പെടുവാൻ തീരുമാനിച്ചുകൊണ്ട് കുതിരപ്പാറ, നില്ലങ്കാട്, മഞ്ഞളൂർ, വെട്ടുകാട് വഴി കോട്ടടിയെന്ന ഗ്രാമത്തിൽ ഞങ്ങൾ രണ്ടുപേരുമെത്തിച്ചേരുമ്പോൾ ഞങ്ങളെ ഞങ്ങളുടെ ഗ്രാമത്തിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് പൂവൻ കോഴികൾ ഉച്ചത്തിൽ അലാറം മുഴക്കുന്നുണ്ടായിരുന്നു. വീട്ടിലെത്തുമ്പോൾ കാണുന്നത് ഞങ്ങളെ കാണാതെ കരഞ്ഞുകൊണ്ടിരിക്കുന്ന എന്റെ മാതാവിനെയാണ്. വേണ്ടുവോളം സ്നേഹശകാരം ലഭിച്ചു. ഇനിയുമൊരു സ്നേഹശകാരം കേൾക്കാൻ കൊതിയാവുന്നുണ്ട്. ഈശ്വരൻ അനുവദിച്ചാൽ പരലോകത്തുവെച്ച് അതിന് സാധിയ്ക്കുന്നതായിരിക്കും. ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.



**ആർ. കെ. വള്ളിച്ചിറ**
**9496161911**

# ഹിറ്റു ഗാനം

മലയാളഭാഷാ മലർവനിയിൽ
മണമേറും സൂനമിക്കാവ്യശാഖ
മനസ്സിനിണങ്ങുമീക്കാവ്യലേകേ
മന്ദ്രമനോഹരമാണു ഗാനം
കൈരളീഗാനത്തെയിത്രമാത്രം
കൈവല്യമാക്കിയ ദൈവദൂതൻ
കൈരളീപുത്രൻ വയലാറിന്നായ്
കൈതൊഴാം കൈതൊഴാമിന്നു നമ്മൾ
വയലാറുമാനവർക്കേകിയോരാ
വിലയേറും ഗാനാമൃതത്തെയെന്നും
മലയാളികളാകും നമ്മളെല്ലാം
മലർതൂകി സ്വീകരിച്ചാനയിക്കും
സിനിമതൻ ലോകത്തിലെന്നുമെന്നും
മനസ്സോടുചേർത്തുവച്ചോമനിക്കും
കനിയാണുവയലാറെന്നോർത്തു നമ്മൾ
കനകസിംഹാസനം നൽകിനന്നായ്
വയലാറിൽ നിന്നുമാ നെയ്‌വിളക്ക്
വിരവിലിന്നോയെൻവിയേറ്റു വാങ്ങി
വലിയൊരു കാലമിക്കൈരളിക്കായ്
വിലയെഴും ഗാനമെഴുതി നൽകി.
പിൽക്കാലം ഗാനഗഗനമതിൽ
പി. ഭാസ്കരൻ വന്നുമിന്നിനിന്നു
പ്രിയമേറും ഗാനമതേറെയായി
പരിചിലിന്നേകിയിക്കൈരളിക്ക്
ബിച്ചുത്തിരുമല പാടിനന്നായ്
മെച്ചമേറീടുന്നനേകഗാനം
ശ്രീക്കേറ്റഗാനപദാവലിയാൽ
ശ്രീകുമാരൻതമ്പിയിന്നിവിടെ
ശ്രീയായ് വിളങ്ങുന്നു ഗാനലോകേ
ശോഭിച്ചിടുന്നുയിക്കൈരളിയിൽ
കൈതപ്പുറമിന്നനശ്വരനാം
കൈകണ്ടഗാനരചയിതാവ്
കൈയാൽക്കുറിച്ചൊരാഗാനമെല്ലാം
കൈവല്യമാർന്നു വിളങ്ങിടുന്നു
പൂവച്ചൽ ഖാദർ, റസാക്കുമൊത്ത്
പൂത്തുലഞ്ഞീടുന്നീ ഗാനശാഖ
ഇവർ നമുക്കായിട്ടൊരുക്കിവച്ച
ഇവിടത്തെ ഗാനാമൃതത്തിലെല്ലാം
ഇന്നു വികടകവിതകളാൽ
ഇന്തുപ്പുചേർത്തപോലായിടുന്നു.
ഇക്കാലം സിനിമതൻ ഗാനമെല്ലാം
പേക്കോലമായി നാം കണ്ടിടുന്നു.
തൽക്കാലം ശബ്ദകോലാഹലത്താൽ
ഓക്കാനം തോന്നുമേ പാട്ടുകേട്ടാൽ
അപ്പനും മക്കളുമമ്മയുമായ്
ഒപ്പമിരുന്നങ്ങു മദ്യപിച്ച്
കൊപ്പരമുണ്ടാക്കും ചീത്തവാക്കും
ഇപ്പോഴെല്ലാർക്കുമേ 'ഹിറ്റുഗാനം'
കേരളസംസ്കാരമിത്രമാത്രം
കരിമ്പായലേറ്റുനശിച്ചുപോയോ?
വയലാറിൻ ഗാനാമൃതത്തിലെല്ലാം
മദ്യമൊഴിച്ചു കുഴിച്ചീടുന്നു.
മദ്യം നിറഞ്ഞതാം കുപ്പിയുമായ്
ചട്ടികലങ്ങളിൽ താളമിട്ട്
അപ്പനും മക്കളുമൊപ്പമായി
കൂത്താടിപ്പാടുമീ 'ഹിറ്റുഗാനം'
'എന്റമ്മേടെ ജിമിക്കിക്കമ്മൽ
എന്റപ്പൻ കട്ടോണ്ടു പോയേ
എന്റപ്പന്റെ ബ്രാണ്ടിക്കുപ്പി
എന്റെമ്മ കുടിച്ചു തീർത്തേ !'
വയലാർ പവിത്രമായ് പൂജ ചെയ്ത
മലയാളഭാഷതൻ കോവിലിലായ്
തലതിരിഞ്ഞുള്ള രചയിതാക്കൾ
കലിതുള്ളിമദ്യപിച്ചാടിടുന്നു.

■ കഥ

# കല്ല്യാണാലോചന



**ടി. വി. ഹരികുമാർ**
**9446118387**

"എന്തായി... മോഹനാ നിന്റെ മകളെപ്പെണ്ണ് കാണാൻ കോട്ടയത്തു നിന്നൊരുപയ്യൻ വന്നിരുന്നല്ലോ...?"

"ഓ.... അതുവേണ്ടേന്നു കരുതി ചേട്ടാ...."

"അതെന്താ ?"

"ചെറുക്കനെക്കുറിച്ച് അത്ര നല്ല അഭിപ്രായമല്ല ചേട്ടാ.... ?"

"അതാരാ... അങ്ങനെ പറഞ്ഞത് ?"

"അതാരുമാകട്ടെ... നമുക്ക് വേണ്ടേന്നു കരുതി.. അത്ര തന്നെ."

"അതിപ്പോൾ മോഹനാ... ഞാൻ ചോദിക്കുവാൻ കാരണം ആ കോട്ടയംകാരൻ പയ്യനാണത്രെ ചേട്ടുപറമ്പിൽ പ്രഭാകരന്റെ മകളെ കെട്ടുവാൻ പോണത്."

"ങ്ഹേ... അയാളാണല്ലോ പയ്യനെക്കുറിച്ച് മോശം അഭിപ്രായം പറഞ്ഞത്...."

"മോഹനാ... ഞാൻ ഇങ്ങനെ പറഞ്ഞത് പറയണ്ട... ദാ പ്രഭാകരൻ വരണണ്ട്..."

"എന്താ... രണ്ടു പേരും കൂടി പറയുന്നത്... പിന്നെ... രണ്ടു പേരേയും ഞാൻ എന്റെ മകളുടെ കല്ല്യാണം വിളിക്കുകയാണ്... വരണം..."

"ഇതെന്തു മര്യാദയാണ് പ്രഭാകരൻ ചേട്ടാ... ഈ പയ്യൻ എന്റെ മകൾക്കു കൊള്ളില്ലെന്നല്ലെ എന്നോടു പറഞ്ഞത്?"

"അതെ... ശരിയാണ് മോഹനാ... പയ്യനു ചെറിയ കുഴപ്പമൊക്കെയുണ്ട്.... എന്തുചെയ്യാം... അവനും കാണില്ലെ ഒരു വിവാഹ സ്വപ്നവും, കുടുംബവുമൊക്കെ... അതുകൊണ്ട് ഞാനങ്ങു സമ്മതിച്ചാണ്... ശരി..." ചിരിച്ചുകൊണ്ട് പ്രഭാകരൻ നടന്നുപോയി.

അമ്പരന്നു നിന്ന മോഹനന്റെ ചെവിയിൽ അടുത്ത ജംഗ്ഷനിലെ രാഷ്ട്രീയ വിശദീകരണ യോഗ സ്ഥലത്തുനിന്നുള്ള പ്രസംഗ ശകലം വന്നലച്ചു....

"സുഹൃത്തുക്കളെ ഇതിനെയാണ് നാം വെടക്കാക്കി തനിക്കാക്കുക എന്നു പറയുന്നത്..."



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# 500 രൂപ പോസ്റ്റൽ മണി ഓർഡർ അയക്കുക

1. 600 രൂപയുടെ പുസ്തകങ്ങൾ 500 രൂപയ്ക്ക്

2. ഏക തത്ത്വ മാസികയുടെ വരിസംഖ്യ
മൂന്ന് വർഷത്തേയ്ക്ക് വെറും 500 രൂപ മാത്രം
ഒരു വർഷത്തേയ്ക്ക് 170 രൂപ


**ഏക തത്ത്വയുടെ വളർച്ചയ്ക്ക് സുമനസ്സുകളുടെ സഹകരണം അത്യാവശ്യമാണ്. പുസ്തകങ്ങൾ വാങ്ങി സഹകരിക്കുക.**

Eka Thathwa SBI Current A/c No 33077202787 IFS Code 0004925 അക്കൗണ്ടിലേയ്ക്കോ
KSFE SUGAMA A/C No3337 SECOND BRANCH PALAKKAD അക്കൗണ്ടിലേയ്ക്കോ
പോസ്റ്റൽ മണി ഓർഡറായോ ചെക്കായോ DD യായോ
താഴെ കാണുന്ന വിലാസത്തിലേയ്ക്ക് അയക്കുക.

ഏക തത്ത്വ , എ-9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം, പാലക്കാട് - 678001.


പണം അയച്ച വിവരം 9446443321 ലേയ്ക്ക് വിളിച്ചോ SMS ആയോ അറിയിക്കുക
കൂടുതൽ വിവരങ്ങൾക്കും വിളിക്കാം

## പുസ്തകപരിചയം



**മരണമരം**
(നോവൽ)
**ബിനോയ് ബാലൻ**
9645149589
പേജ് - 146
വില - 160 രൂപ
പ്രസാധകർ - ഐ ബുക്സ് കേരള, കോഴിക്കോട്

ബിനോയ് ബാലന്റെ മരണമരം ജലരാഷ്ട്രീയമാണ് കൈകാര്യം ചെയ്യുന്നത്. ഈ നോവലിന്റെ ആഖ്യാനത്തിൽ നിറഞ്ഞുനില്ക്കുന്നത് സമരോത്സുകതയാണ്. അക്വേഷ്യയ്ക്കെതിരെ നടക്കുന്ന സമരമാണ് ഈ നോവലിലെ കേന്ദ്രപ്രമേയം. ഇവിടെ മരണമെന്നത് പലതരത്തിലുള്ള അധിനിവേശങ്ങളേയും പ്രതിനിധീകരിക്കുന്നു.



**വെള്ളാനകളുടെ നാട്ടിൽ**
(യാത്രാവിവരണം)
**ഡോ. സുനീത് മാത്യു**
9043287808
പേജ് - 86
**വില - 90 രൂപ**
പ്രസാധകർ - ബുക്ക് സൊല്യൂഷൻസ്, കോട്ടയം


പ്രകൃതിയുടെ അതിഗംഭീരമായ ഒരു സമ്മാനമാണ് തായ്‌ലാന്റ്. കണ്ടാലും കണ്ടാലും മടുക്കാത്ത പ്രദേശങ്ങൾ. ചുരുങ്ങിയ ചെലവിൽ വിദേശയാത്ര സാധ്യമാകുന്ന ചുരുക്കം രാജ്യങ്ങളിൽ ഒന്നായ തായ്‌ലാന്റിനെ അടുത്തറിയാൻ സഹായിക്കുന്ന യാത്രാക്കുറിപ്പുകളും ചിത്രങ്ങളും.

ഗ്രന്ഥകർത്താക്കളുടേയും പ്രസാധകരുടേയും ശ്രദ്ധയ്ക്ക് - നിങ്ങൾ രചിച്ച/പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഏക തത്ത്വയ്ക്ക് അയച്ചു തരാവുന്നതാണ്. പുസ്തകനിരൂപണത്തിനായി രണ്ടു ബുക്കുകളും പുസ്തകപരിചയത്തിലേയ്ക്കായി ഒരു ബുക്കും അയക്കേണ്ടതാണ്.



**വേനലിന്റെ വഴി**
(കവിതകൾ)
**രജീഷ് കാളികാവ്**
9946760036
പേജ് - 66
വില - 70 രൂപ
പ്രസാധകർ - പേരക്ക ബുക്സ്, മലപ്പുറം

അകമെരിയുന്ന നീറ്റലുമായി ഗ്രാമീണ നിഷ്ക്കളങ്കതയോടെ, നീരുറവ തേടി അലയുന്ന മനസ്സാണ് രജീഷ് കാളികാവിന്റെ സമ്പത്ത്. ഹൃദയാലുവായൊരാൾ ജീവിതത്തെ നിരീക്ഷിക്കുമ്പോഴാണ് സുഖദുഃഖങ്ങൾ കലർന്ന കാവ്യാത്മകഭാവന ഉദയം ചെയ്യുന്നത്. ആ പ്രകാശമാണ് രജീഷിന്റെ കവിതകളുടെ ആകർഷകത്വവും മികവും.



**ആരോഗ്യ പ്രശ്നങ്ങളെ അതിജീവിക്കാം**
(ആരോഗ്യം)
**ഡോ. നളിനി ജനാർദ്ദനൻ**
09372001678, 09923911865
പേജ് - 192
വില - 180 രൂപ
പ്രസാധകർ - പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം

നിത്യജീവിതത്തിൽ നമ്മെ അലട്ടുന്ന പ്രധാനപ്പെട്ട ആരോഗ്യപ്രശ്നങ്ങളെപ്പറ്റി മനസ്സിലാക്കാനും ഉചിതമായ ചികിത്സകൾവഴി അവയെ അതിജീവിക്കാനും വേണ്ടി സാധാരണ വായനക്കാർക്ക് കൂടി പ്രയോജനപ്പെടും വിധം ലളിതസുന്ദരമായി തയ്യാറാക്കിയ ഗ്രന്ഥം.

എവിടെയിരുന്നും
ഓൺലൈനിൽ ഇനി
ഏക തത്ത്വ മാസിക വായിക്കാം
www.ekathathwa.com/mag.html

Published on 15/06/2018, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 8, Issue 8, July 2018, Rs 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM


Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime




















Sleepwell
MATTRESSES PILLOWS CUSHIONS

Peps

RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com